# Agni '98





## M. G. COLLEGE

*Iritty*

# M.G.M
# Computer Academy

(A division of Iritty Educational Society Reg. No. S.105/82)

*For most Rewarding Career in the Most Fascinating Field!*
*Join the Finest Course with the best institute.*
*MGM is the leading Institute that trained hundreds of Computer Professionals!*
*We provide Job Oriental training for all the latest softwares.*



## Course Calender.

| Course | Duration | Eligibility. |
|---|---|---|
| 1. Advanced PGDCA | 2 Years | Degree & above |
| 2. PGDCA | 1 Year | Degree &above (Degree students can also apply) |
| 3. ADCA | 1 Year | Pree-Degree &above |
| 4. HDIT | 1 Year | Pree degree& above |
| 5. D.C.A. | 6 months | S.S.L.C. & above |
| 6. DOS | 3Months | SSLC&above |

*Short Term Courses :*

**DTP, Windows 95, VB, MS - Office, C++, Oracle, Foxpro,& Accounting Packages.**

☆ Flexible timing for college students.


☆ Easy instalments & Normal course fee.

☆ Week ended batches for working professionals.

☆ In-depth study on all subjects

**Stay ahead in technology & Way ahead of others**


# MAHATHMA GANDHI COLLEGE
# IRITTY



'അസതോ മാ സദ്ഗമയ:
തമസോ മാ ജ്യോതിർഗമയ:
മൃത്യോർ മാ അമൃതം ഗമയ:'

# *Magazine '98*



# താളുകൾ  മറിക്കുമ്പോൾ......




എഡിറ്റോറിയൽ
വിദ്യാഭ്യാസരംഗം - ചില പ്രശ്നങ്ങൾ
പ്രതികരണങ്ങൾ
*Annual Report of the year 1997-98*
സ്വപ്നങ്ങളുടെ തടവുകാരൻ - ബിജു ജോൺ.ടി.
*Loving the flowers of night* - *Jains T. Mathew*
ജാഡകളില്ലാതെ ഐ.എം. വിജയൻ
വഴിപാട് - പ്രജീഷ്. പി.
ആധുനികത - പ്രവീണ .കെ.എം
*Joy to the world* - *Jiby Augastine*
*France - 98 An Overview* - *Mathew. M.J.*
ഇന്ത്യൻ ജനാധിപത്യം - ഒരു വിശകലനം. -സിജു.കെ.പി.
വിട -റോബി. മാത്യൂസ്
*Paz in light of India* - *Reji Payikkattu*
ആഗ്രഹം - ബെന്നി കെ.എം.
സ്മൃതി - മുഹമ്മദ് അസ്ഹർ
ഈ സാറിനെന്തുപറ്റി - റാണിപ്രിയ. എം.
കണിമുദ്ര - രേഷ്മ കെ
*Sachin a Tireless Warrior* - *Ganesh. A.K.*
വെള്ളായിയപ്പന്റെ യാത്ര - തോമസ്.ടി.ജെ.
അഭിപ്രായ സർവ്വേ
*Dooms Day* - *Mahesh .M.C.*
*Good Old English* - *Jayesh Nambiar*
എന്റെ തിരിയെടുത്തി - ബെസ്സിമോൾ .സി.കെ
*Exercise - A Vital Dimension for a student* - *Suresh Kumar. T.N.*
കുറ്റം എന്റേതു മാത്രം - സുജേഷ് എസ്.
ഒരു കഥയുടെ കഥ -സുനിൽ കെ. ദാസ
സമരം -പ്രമോദ്കുമാർ. പി.
ഒരു മഞ്ഞുകാലത്തിന്റെ ഓർമ്മയ്ക്ക്. -സെബാസ്റ്റ്യൻ ജോസ്.
*She* - *Joby Abraham*
*Tears* - *Jibymon Joseph*
എല്ലാവരും ഈ വഴിയേ - ഷക്കീർ അരയാക്കൂൽ
വിവേകാനന്ദ സൂക്തങ്ങൾ - ഒരു വിശകലനം - വിനോദ് എം. കെ.
ടൂറിസം വികസനം കേരളത്തിൽ - ഷാജിത് കുമാർ എസ്.
ഋതുഭേദങ്ങൾ - കനകാംബരൻ
*To a girl in Malabar*
കാഫ്കയുടെ രണ്ട് രൂപകകഥകൾ
മതവും സാമൂഹിക ജീവിതവും -പ്രതിഭ. വി.വി.
ആണവസ്ഫോടനം- ഒരു പുനർ വിചിന്തനം -മനു. എം. തോമസ്
ഒരു കിനാവ് - ശ്രീലേഖ.എം
*The Challenges of dealing with money* - *Sreejith.P.V*
പ്രസിഡൻഷ്യൽ ഭരണരീതി ഇന്ത്യക്ക് അനുയോജ്യമോ - ശശികല. പി.എ
മാതൃവിലാപം - സിനു ജോസഫ്
*Good Bye* - *Manoj M.D.*
പരിവർത്തനം - അനൂപ് കെ.
കോളേജ് യൂണിയൻ റിപ്പോർട്ട്
*Tere Liye* - *Radhakrishnan*
*Vijnhan Varadan ye Abhirap* - *Raisha R.Mohan*
*Akhela hum mem Avarahum* - *Ashok kumar. T.N*
*Bathem ko bulana mem* - *Deepa Narayanan*
*M.G. College scores a commendable success*
നന്ദിയോടെ... ... വിനോദ്.എം.കെ.



**COVER DESIGN : RAJEEV**
**COMPUTER TYPESETTING & PRINTING**
**ALPHONSA OFFSET PRINTERS IRITTY**

Phone office : 435625
438330
Cantonment House
Thiruvananthapuram - 695 033

A. K. ANTONY
LEADER OF OPPOSITION
KERALA



## *Message*

*I am glad to learn that Mahatma Gandhi College, Iritty, Kannur is bringing out an elegant and informative College Magazine this year.*

*I sincerely hope that the publication will radiate the creative and artistic brilliance of the enthusiastic student community.*

*I send my good wishes for the success of this creditatble venture.*

*A . K. ANTONY*

TELEPHONE
OFFICE : 327295
327039
PABX : 8215
RES : 323181
320451

**P.J. JOSEPH**
MINISTER FOR EDUCATION AND WORKS



## സന്ദേശം

ഇരിട്ടി മഹാത്മാഗാന്ധി കോളേജിന്റെ വാർഷിക മാഗസിൻ പ്രസിദ്ധീകരിക്കുന്നതായി അറിയാൻ കഴിഞ്ഞു.

ഈ കലാലയം നാനാതുറകളിൽ നടത്തിയ പ്രവർത്തനങ്ങളും അതുവഴി കൈവരിക്കാൻ കഴിഞ്ഞനേട്ടങ്ങളും സവിസ്തരം പ്രതിപാദിക്കുന്ന ഒരു ആധികാരിക രേഖയാവട്ടെ ഈ മാഗസിൻ എന്ന ആശംസയോടെ

സ്നേഹപൂർവ്വം,

**പി.ജെ. ജോസഫ്**


#9

# OUR MANAGER




**Sri. K.P. NOORUDEEN**

# OUR PRINCIPAL



PROF. M.P. LAKSHMANAN

# പത്രാധിപസമിതി



പ്രൊഫ.എം.പി. ലക്ഷ്മണൻ
മാഗസിൻ എഡിറ്റർ



വിനോദ് എം.കെ
ചീഫ് സ്റ്റുഡന്റ് എഡിറ്റർ



രാജി . ...
സ്റ്റാഫ് എഡിറ്റർ




ശ്രീ. കെ.രാജ് ചന്ദ്രൻ
ഇംഗ്ലീഷ് വിഭാഗം




ശ്രീമതി. ഷീല ജയകുമാർ
മലയാളം വിഭാഗം



ശ്രീമതി. മീര ശശിധരൻ
ഹിന്ദി വിഭാഗം



ജിബി. സെബാസ്റ്റ്യൻ




തോമസ് ടി.ജെ



റെയ്ച്ച. സുർമോഹൻ


ഒരു കൂട്ടം യുവ മനസ്സുകളുടെ
ഭാവനകളിതാ......
അപക്വമായിരിക്കാം, പക്ഷെ
ആത്മാർത്ഥമാണ്
അതുകൊണ്ടുതന്നെ ശുദ്ധവും.......
ഞങ്ങളുടെ സ്വപ്നസാക്ഷാത്കാരവും....
താളുകൾ മറിക്കുമ്പോൾ, താളനിബദ്ധമായ
സർഗ്ഗാത്മകതയുടെ ചിലമ്പൊലി
നിങ്ങൾക്കായി ഉയരാതിരിക്കില്ല.... തീർച്ച.
ഈ കാമ്പസിൽ നമ്മളാസ്വദിച്ച
സൗഹൃദത്തിന്റെ തീവ്രതയും
ഗുൽമോഹറിന്റെ ചുവട്ടിലെ പ്രണയവും
മോഹങ്ങളും ... മോഹഭംഗങ്ങളും
ഏപ്രിലിലെ വിരഹവും......
എല്ലാമുണ്ടിതിൽ.... എല്ലാം.....
പൂർണ്ണത- ഇതിന്റെ പിന്നിൽ പ്രവർത്തിച്ച
ഞങ്ങളവകാശപ്പെടുന്നില്ല....
എങ്കിലും
തികച്ചും അപൂർണ്ണമാകാതിരിക്കാൻ
ആത്മാർത്ഥമായി ശ്രമിച്ചിട്ടുണ്ട്.....
അവസാനം....
ഞങ്ങളുടെ പ്രയത്നം....
ഹൃദയപൂർവ്വം നിങ്ങൾക്കായ്......



സ്നേഹപൂർവ്വം............

നിങ്ങളുടെ എഡിറ്റർ
വിനോദ് എം.കെ.


# യൂണിയൻ സാരഥികൾ



ചെയർമാൻ
ജെയിൻസ് ടി.മാത്യു



വൈസ് ചെയർമാൻ
ശാലിനി.എ.കെ




ജനറൽ സെക്രട്ടറി
ബിജു. കെ.പി




ജോയിന്റ് സെക്രട്ടറി
ശശികല. പി.എ



യു.യു.സി
മനോജ് പി.റ്റി.



ചീഫ് സ്റ്റുഡന്റ് എഡിറ്റർ
വിനോദ് എം. കെ.



ഫൈനാർട്ട്സ് സെക്രട്ടറി
റോബി മാനുവൽ



ജനറൽ ക്യാപ്റ്റൻ
ഷൈൻ പി.ഡി.

# വിദ്യാഭ്യാസരംഗം – ചില പ്രശ്നങ്ങൾ പ്രതികരണങ്ങൾ

മനുഷ്യനെ മറ്റുജീവികളിൽനിന്നും വേർതിരിച്ചു നിർത്തുന്ന അടിസ്ഥാനപരമായ അന്തരം ശരീരഘടനാപരമോ ശരീരപ്രവർത്തനപരമോ ആയ തലങ്ങളിലെന്ന തിനേ ക്കാൾ മനുഷ്യന്റെ പെരുമാറ്റ ത്തിലും സ്വഭാവത്തിലും, അഥവാ പരിതസ്ഥിതിയിൽ നിന്നുളവാകുന്ന ചോദനകൾക്കനുസൃതമായ പ്രതികരണങ്ങൾ സൃഷ്ടിക്കുന്നതലത്തിലാണ്. ഒരുതലമുറയിൽ സമ്പാദിച്ച അനുഭവ പാഠ ങ്ങൾ സമാഹരിക്കാനും അടുത്തതല മുറയിലേക്ക് പകർന്നു കൊടുക്കാനും മനുഷ്യനു കഴിയുന്നു. അതിന് മനുഷ്യനെ കഴിവുള്ളതാക്കിയത് ഭാഷയുടെ ആവിർ ഭാവമാണ്.

ബാഹ്യലോകത്തുനിന്നുവരുന്ന പ്രചോദനങ്ങളുടെ ഫലമായി മസ്തി ഷ്കത്തിൽ ഉപയോഗപ്രദമായ ബന്ധങ്ങൾ സ്ഥാപിക്കുകയും അനുയോജ്യ മായ പ്രതികരണങ്ങൾ ഉളവാക്കുകയും ചെയ്യുന്ന പ്രവർത്തനത്തെ പഠനം എന്നുപറയാം.

എഴുത്തും വായനയും അഭ്യസിക്കുക, തൊഴിൽനേടാനും നിർവ്വഹിക്കാനുമുള്ള പരിശീലനം സമ്പാദിക്കുക. മാതൃകാവ്യക്തിത്വം വളർത്തിയെടു ക്കുകയും പൗരബോധമുള്ള ഒരാളായി സമൂഹത്തിൽ ജീവിക്കുകയും ചെയ്യുക, സർവ്വോപരിസമ്പൂർണ്ണമായ ഒരുജീവിതം നയിക്കാൻ ഒരാളെ പ്രാപ്തനാ ക്കുക ഇവയൊക്കെ പഠനം അഥവാ വിദ്യാഭ്യാസം കൊണ്ടു നേടിയെടുക്കേണ്ട ലക്ഷ്യങ്ങളാണ്. അതിനാൽ അർത്ഥ പൂർണ്ണമായ വിദ്യാഭ്യാസമെന്നത് ഒരു വ്യക്തി യുടെ "രണ്ടാം ജന്മത്തിൽ" കുറഞ്ഞൊന്നുമല്ല. ശരിയായ വിദ്യാഭ്യാസത്തിന്റെ പ്രാധാ ന്യത്തെപ്പറ്റിയും, അദ്ധ്യയന – അദ്ധ്യാപന രീതിയിൽ വരുത്തേണ്ട ഗുണപരമായ മാറ്റങ്ങളെപ്പറ്റിയും പരീക്ഷാ സമ്പ്രദായത്തിൽ വരുത്തേണ്ട പരിഷ്കാരങ്ങ ളെപ്പറ്റിയും തുടർന്നുവരുന്ന പ്രതികരണങ്ങളിൽ ചർച്ച ചെയ്യപ്പെടുന്നുണ്ട്.

ഗുരു നിത്യചൈതന്യയതി, ഡോ. എം.വി. പൈലി, ഡോ. ഡി. ബാബുപോൾ, ഡോ. കെ. അരവിന്ദാക്ഷൻ എന്നിവരാണ് ഈ ഒരു ചോദ്യാവലിയോട് തങ്ങളുടെ പ്രതികരണങ്ങൾ അറിയിക്കുക വഴി സഹകരിച്ചത്. വളരെയേറെ തിരക്കുള്ള ഈ പ്രമുഖവ്യക്തികൾ സമയപരിധിയെ മറികടന്ന് കൊണ്ട് മറുപടി നൽകുക വഴി നമ്മുടെയെല്ലാം ആദരവിനും കൃതജ്ഞതയ്ക്കും അർഹരാകുന്നു. പ്രതികരണം തേടിക്കൊണ്ട് മുന്നോട്ട് വച്ച ചോദ്യങ്ങൾ താഴെ കൊടുത്തിട്ടുള്ളവയാണ്. ഡോ. എം.വി. പൈലി, ഡോ. ഡി. ബാബുപോൾ, ഡോ. കെ. അരവിന്ദാക്ഷൻ എന്നിവർ ചോദ്യ ങ്ങളോടുള്ള തങ്ങളുടെ പ്രതികരണം നേരിട്ടുള്ളതും കുറിക്കുകൊള്ളുന്നതുമാക്കാൻ തയ്യാറായപ്പോൾ ഗുരു നിത്യചൈതന്യയതി, തന്റെ പ്രതികരണം തത്ത്വചിന്താപരവും അതിനാൽ തന്നെ സർവ്വതല സ്പർശിയുമാക്കാനാണ് താൽപര്യപ്പെട്ടത്. വിദ്യാഭ്യാസരംഗത്തെ ഗുണപരമായ മാറ്റം മാത്രമല്ല വിശ്വമൊക്കെയും ശാന്തി നിറയുവാൻ വേണ്ട മാനസിക മാറ്റത്തെപ്പറ്റിയാണ് യതി സംസാരിക്കുന്നത്. നാലുപേരുടെ പ്രതികരണവും ശൈലിയിലുള്ള വ്യത്യാസവും കൊണ്ടും, പ്രാധാന്യം കൊടുക്കുന്ന വശങ്ങളുടെ വൈവിധ്യംകൊണ്ടും കാഴ്ചപ്പാടിലെ വ്യതിരക്തതകൊണ്ടും വളരെ ശ്രദ്ധേയവും ആഴത്തിൽ ചിന്തിക്കാൻ പ്രേരിപ്പിക്കുന്നതുമാണ്.

# ചോദ്യാവലി ??

1. വിദ്യാർത്ഥികളിൽ ധാർമ്മികമൂല്യം വളർത്ത യെടുക്കാനായി നിലവിലുള്ള വിദ്യാഭ്യാസസമ്പ്രദായത്തിൽ മാറ്റം വരുത്തേ ണ്ടതുണ്ടോ ?

2. ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം തൊഴിൽ പരിശീലനത്തിന് അവസരം നൽകാത്തതായതിനാൽ ബിരുദപഠനാന്തരം പുറത്തുവരുന്ന വിദ്യാർത്ഥികൾ ഒരു തൊഴിലും പ്രാവീണ്യമില്ലാത്തവരായിത്തീരുന്നു. അതിനാൽ തൊഴിൽ പരിശീലനം വിദ്യാഭ്യാസത്തിന്റെ എല്ലാ ഘട്ടങ്ങളിലും നൽകേണ്ടതല്ലേ? വിദ്യാഭ്യാസത്തോടൊപ്പമുള്ള തൊഴിൽപരിശീലനം കുട്ടികളിൽ സ്വയംപര്യാപ്തത വളർത്തിയെടുക്കാൻ ആവശ്യമല്ലേ?

3. കോളേജ് തലത്തിൽ ശാസ്ത്ര വിഷയങ്ങൾ പഠിക്കുന്ന വിദ്യാർത്ഥികളിൽ മാനസ്സികബോധം വളർത്തിയെടുക്കാനായി മാനവിക വിഷയങ്ങളും, മാനവിക വിഷയങ്ങൾ പഠിക്കുന്ന വിദ്യാർത്ഥികളിൽ ശാസ്ത്രീയബോധം വളർത്താനായി ശാസ്ത്രവിഷയ ങ്ങളും ഉൾപ്പെടുത്തേണ്ടതുണ്ടോ ?

4. ഗുണപരമായ മാറ്റം പുതിയ തലമുറകളിൽ ഉളവാക്കുവാനായി ഇന്നത്തെ വിദ്യാഭ്യാസ രീതിയിൽ എന്തെല്ലാം മാറ്റങ്ങളാണ് താങ്കൾ നിർദ്ദേശിക്കുന്നത് ?

5. ഒരു വർഷത്തെ പഠനം വർഷാവസാനം ഏതാനും മണിക്കൂറുകൾ നീണ്ടുനിൽക്കുന്ന എഴുത്തുപരീക്ഷയിലൂടെ മാത്രം വിലയിരിത്തുന്നത് അശാസ്ത്രീയമല്ലേ? ഇവിടെ ഏത് രീതിയിലുള്ള മാറ്റമാണ് ആവശ്യം. ?

-പത്രാധിപ സമിതി

# ചോദ്യാവലി ??

1. വിദ്യാർത്ഥികളിൽ ധാർമ്മികമൂല്യം വളർത്ത യെടുക്കാനായി നിലവിലുള്ള വിദ്യാഭ്യാസസമ്പ്രദായത്തിൽ മാറ്റം വരുത്തേ ണ്ടതുണ്ടോ ?

2. ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം തൊഴിൽ പരിശീലനത്തിന് അവസരം നൽകാത്തതായതിനാൽ ബിരുദപഠനാന്തരം പുറത്തുവരുന്ന വിദ്യാർത്ഥികൾ ഒരു തൊഴിലും പ്രാവീണ്യമില്ലാത്തവരായിത്തീരുന്നു. അതിനാൽ തൊഴിൽ പരിശീലനം വിദ്യാഭ്യാസത്തിന്റെ എല്ലാ ഘട്ട ങ്ങളിലും നൽകേണ്ടതല്ലേ? വിദ്യാഭ്യാസത്തോടൊപ്പമുള്ള തൊഴിൽപരിശീലനം കുട്ടികളിൽ സ്വയംപര്യാപ്തത വളർത്തിയെടുക്കാൻ ആവശ്യമല്ലേ?

3. കോളേജ് തലത്തിൽ ശാസ്ത്ര വിഷയങ്ങൾ പഠിക്കുന്ന വിദ്യാർത്ഥികളിൽ മാനസ്സികബോധം വളർത്തിയെടുക്കാനായി മാനവിക വിഷയങ്ങളും, മാനവിക വിഷയങ്ങൾ പഠിക്കുന്ന വിദ്യാർത്ഥികളിൽ ശാസ്ത്രീയബോധം വളർത്താനായി ശാസ്ത്രവിഷയ ങ്ങളും ഉൾപ്പെടുത്തേണ്ടതുണ്ടോ ?

4. ഗുണപരമായ മാറ്റം പുതിയ തലമുറകളിൽ ഉളവാക്കുവാനായി ഇന്നത്തെ വിദ്യാഭ്യാസ രീതിയിൽ എന്തെല്ലാം മാറ്റങ്ങളാണ് താങ്കൾ നിർദ്ദേശിക്കുന്നത് ?

5. ഒരു വർഷത്തെ പഠനം വർഷാവസാനം ഏതാനും മണിക്കൂറുകൾ നീണ്ടുനിൽക്കുന്ന എഴുത്തുപരീക്ഷയിലൂടെ മാത്രം വിലയിരിത്തുന്നത് അശാസ്ത്രീയമല്ലേ? ഇവിടെ ഏത് രീതിയിലുള്ള മാറ്റമാണ് ആവശ്യം. ?

-പത്രാധിപ സമിതി

## ഡോ. എം. വി പൈലി

(വിദ്യാഭ്യാസ വിചക്ഷണനും കൊച്ചി സർവ്വ കലാശാല വൈസ് ചാൻസലറുമായിരുന്ന പ്രൊഫസർ എമെരിറ്റസ് ഡോക്ടർ എം. വി. പൈലി ലക്നോ, ഡൽഹി, കേരള, കൊച്ചി എന്നീ സർവക ലാശാലകളിൽ അദ്ധ്യാപകനായും പെൻസിൽവേനിയ, മോസ്കോ എന്നീ സർവ്വകലാശാലകളിൽ വിസിറ്റിംഗ് പ്രൊഫ സറായും സേവനമനുഷ്ടിച്ചിട്ടുണ്ട്. "India's " Constitution at Work' ',Constitutional History of India' 'Industrial Policy, ' 'Professional Management in India'. ഇന്ത്യൻ ഭരണഘടന', മാനേജ്മെന്റിൽ തൊഴിലാളി പങ്കാളിത്തം', ഉന്നത വിദ്യാഭ്യാസം പുനരുദ്ധരിക്കാൻ' എന്നിങ്ങനെ ഇംഗ്ലീഷിലും മലയാളത്തിലുമായി ഇരുപതിലധികം ഗ്രന്ഥങ്ങളും ഇദ്ദേഹത്തിന്റേതായുണ്ട്.)

### പ്രതികരണം

1. ധാർമികമൂല്യങ്ങൾ വളർത്തിയെടുക്കാനായി വിദ്യാഭ്യാസ സമ്പ്രദായത്തിൽ മാറ്റം വരുത്തുന്നതിനേക്കാൾ പ്രധാനം സ്ഥാപനത്തിന്റെ നടത്തിപ്പാണ്. സ്ഥാപനം പ്രശ്നങ്ങൾ എങ്ങിനെ കൈകാര്യം ചെയ്യുന്നു, അദ്ധ്യാപകർ അവരുടെ കടമ എത്രമാത്രം ശ്രദ്ധയോടും കൃത്യ നിഷ്ഠയോടും കൈകാര്യം ചെയ്യുന്നു. എങ്ങിനെ. കോളേജിലെ പൊതുവായ അന്തരീക്ഷം ധാർമ്മിക മൂല്യങ്ങൾ വളർത്തിയെടുക്കാൻ സഹായകമായതാണോ, ഈ വക സുപ്രധാനമായ കാര്യങ്ങളിൽ കോളേജിന്റെ സ്ഥാനം എവിടെയെന്നതിനെ ആശ്രയിച്ചിരിക്കും ധാർമ്മിക മൂല്യങ്ങളുടെ വളർച്ച. വിദ്യാഭ്യാസത്തിലും മാറ്റങ്ങൾ ആവശ്യമാണ്. പ്രത്യേകിച്ച് പഠിപ്പിക്കുന്ന രീതി, പരീക്ഷാസമ്പ്രദായം തുടങ്ങിയ കാര്യ ങ്ങളിൽ.

2. തൊഴിൽ പരിശീലനം വിദ്യാഭ്യാ സത്തിന്റെ എല്ലാഘട്ടങ്ങളിലും അവശ്യം ആവശ്യമാണെന്നതാണ് എന്റെ സുചിന്തമായ അഭിപ്രായം. നമ്മുടെ നാട്ടിൽ ഒരുനല്ലതൊഴിൽ സംസ്കാരം വളർത്തിയെടുക്കുന്നതിന് ഇതു സഹായിക്കും. തൊഴിലിന്റെ മാഹാത്മ്യത്തെ പറ്റി വിദ്യാർത്ഥികളെ ബോധവാൻമാരാക്കുന്നതിനു ഇതുവലിയ പങ്കുവഹിക്കും.

3. പ്രത്യേകമായി ആസൂത്രണം ചെയ്യപ്പെട്ടിട്ടുള്ള ഒരു പദ്ധതിയുടെ അടിസ്ഥാ നത്തിൽ ഓപ്ഷണലായി, ശാസ്ത്രവിഷയങ്ങളും മാനവിക വിഷയങ്ങളും പഠിക്കാനുള്ള അവസരം നൽകുന്നതു നന്നായിരിക്കും.

4. ഗുണപരമായ മാറ്റം പുതിയ തലമുറയിൽ ഉളവാക്കുവാനായി പലതും ചെയ്യേണ്ടതുണ്ട്.

ഒന്നാമതായി പഠിപ്പിക്കുന്ന രീതി. നോട്ടു ഡിക്റ്റേഷൻ പാടേ നിർത്തുക ഓരോ ക്ളാസ്സും ചർച്ചയുടെ അടിസ്ഥാനത്തിലാക്കാൻ അദ്ധ്യാപകൻ ശ്രദ്ധിക്കുക. വീട്ടിൽവച്ചുചെയ്യുവാനായി അസൈൻമെന്റുകൾ കൊടുക്കുക. വിദ്യാർ ത്ഥികളുടെ "കമ്മ്യൂണിക്കേഷൻ" കഴിവു വർദ്ധിപ്പിക്കുക. Continuous asessment നുള്ള സൗകര്യമുണ്ടാക്കുക. സെമസ്റ്റർ സിസ്റ്റം നടപ്പാക്കുക. അച്ചടക്കവും സമയനിഷ്ഠയും പാലിക്കുക. കക്ഷിരാഷ്ട്രീയം കാമ്പസിൽ നിന്നും ബഹി ഷ്ക്കരിക്കുക.

5. തീർച്ചയായും. മുകളിൽ കാണിച്ച നിർദ്ദേശ ങ്ങൾ പ്രാവർത്തികമാക്കുക.

## ഡോ. ഡി. ബാബു പോൾ

(കേരളത്തിലെ സീനിയർ ഐ.എ.എസ്. ഓഫീസർ മാരിലൊരാളും കേരള ഗവൺമെന്റിലെ അഡീ ഷണൽ ചീഫ് സെക്രട്ടറിയുമാണ്. സാഹിത്യത്തിൽ ഡോക്ടറേറ്റ് നേടിയ ഇദ്ദേഹം സാംസ്കാരിക സാമൂഹിക വിഷയങ്ങളിൽ ലേഖനങ്ങൾ സ്ഥിരമായി എഴുതാറുണ്ട്. ബൈബിളിന്റേയും ക്രിസ്തുമത ത്തിന്റേയും ദൈവശാസ്ത്രത്തിന്റേയും വിവിധ വശങ്ങളെപ്പറ്റി ആധികാരികമായി വിവരിക്കുന്ന വിജ്ഞാന കോശമായ " വേദശബ്ദ രത്നാകരം " ഈ അടുത്ത കാലത്ത് പുറത്തിറക്കിയിട്ടുണ്ട്. (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്)

### പ്രതികരണം

1. സമ്പ്രദായത്തിലെ മാറ്റം കൊണ്ട് ധാർമ്മിക മൂല്യങ്ങൾ വളരുകയില്ല.

2. സാധാരണ ശാസ്ത്ര വിഷയങ്ങളും മാനവിക വിഷയങ്ങളും ബിരുദ തലത്തിൽ പഠിക്കുന്നത് അതിൽ താൽപര്യമുള്ള ആളുകൾ മാത്രമായിരിക്കണം. ഇന്നത്തെതുപോലെ എല്ലാവരും ബി.എ.ക്കാർ ആകാൻ നോക്കുമ്പോഴാണ് വിദ്യാഭ്യാസ സമ്പ്രദായം തൊഴിൽ പരിശീലനത്തിന് അവസരം നൽകാത്തതാണ് എന്നു തോന്നുന്നത്. തൊഴിൽ പരിശീലനത്തിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നുള്ളതാണ് ഇതിന് പരിഹാരം. അല്ലാതെ ചരിത്രവും സാധാരണ സമ്പ്രദായത്തിലുള്ള രസതന്ത്രവും പഠിക്കുന്നവർക്ക് തൊഴിൽ പരിചയം

ഉണ്ടാക്കിക്കൊടുക്കുന്നതല്ല.

3. കോളേജ് തലത്തിൽ വേണ്ട. പ്ലസ് 2 അഥവാ പ്രീഡിഗ്രി വരെ രണ്ടും പഠിക്കാൻ സൗകര്യം ഉണ്ടാക്കുന്നത് നല്ലതാണ്. അത് സാധ്യമല്ലെങ്കിൽ പ്ലസ് 2 തലത്തിൽ ഈ നിർദ്ദേശം പരിഗണിക്കാവുന്നതാണ്.

4. എന്നേക്കാൾ വിവരമുള്ള ആളുകൾ ഇതിനേക്കുറിച്ച് വിശദമായി പറഞ്ഞിട്ടുണ്ട്. ഒരു കാര്യം മാത്രം കൂട്ടിച്ചേർക്കട്ടെ. വിദ്യാർത്ഥി സംഘടനകൾ രാഷ്ട്രീയ കക്ഷികളുടെ പോഷക സംഘടനകളോ വാനരസേനകളോ ആകുന്ന രീതി അവസാനിച്ചാൽ മാത്രമേ ഈ രംഗം ഗുണപ്പെടുകയുള്ളൂ.

5. തീർത്തുപറഞ്ഞുകൂടാ. എങ്കിലും കുറേക്കൂടി ശാസ്ത്രീയമായ മൂല്യ നിർണയം ഉണ്ടാക്കുന്നത് നല്ലതാണ്. പ്രഫഷണൽ കോളേജുകളിലുള്ളതുപോലെ സെഷണൽ മാർക്കുകൾ ഏർപ്പെടുത്തുകയും ചെയ്യാം. വിദ്യാർത്ഥികളുടെ ആത്മാർത്ഥതയും അദ്ധ്യാപകന്റെ അർപ്പണബോധവും കമ്മി ആയിപ്പോയാൽ വെളുക്കാൻതേക്കുന്നത് പാണ്ടാകും എന്നുമാത്രം.

## ഡോ: കെ. അരവിന്ദാക്ഷൻ

(സാംസ്കാരികവിഷയങ്ങളെക്കുറിച്ച് ആനുകാലികങ്ങളിൽ എഴുതാറുള്ള ഡോ: കെ. അരവിന്ദാക്ഷൻ 1995 –ൽ വൈജ്ഞാനിക സാഹിത്യത്തിനുള്ള സാഹിത്യ അക്കാദമി അവാർഡും ദാർശനിക വൈജ്ഞാനിക പഠനഗ്രന്ഥത്തിനുള്ള ഗുരുദർശന അവാർഡും നേടിയ "ഗാന്ധിയുടെ ജീവിത ദർശനം" എന്ന സമഗ്രമായ പഠനഗ്രന്ഥത്തിന്റെ കർത്താവാണ്. "അമ്മയെ മറന്നുപോകുന്ന ഉണ്ണികൾ" " ഗാന്ധിയൻ കാഴ്ചകൾ", "പൂർണ്ണ ആരോഗ്യത്തിലേക്ക്" (വിവർത്തനം), അലക്കുയന്ത്രം (കഥകൾ) എന്നിവയാണ് മറ്റു കൃതികൾ.)

1. എന്താണ് 'പ്രാഥമിക മൂല്യങ്ങൾ' എന്ന് ചോദ്യത്തിൽ വ്യക്തമല്ല. എങ്കിലും നേര്, നീതിബോധം, സ്നേഹം, സഹകരണം, സഹിഷ്ണുത എന്നിവയാണ് ഉദ്ദേശിക്കുന്നതെങ്കിൽ അവ രൂപപ്പെടുത്തുന്നതിൽ നമ്മുടെ വിദ്യാഭ്യാസത്തിന് സാധിച്ചിട്ടില്ല. സമൂഹത്തിന്റെ മൊത്തം വളർച്ചയിൽ നിന്ന് വിദ്യാഭ്യാസത്തെ മാത്രം മാറ്റിനിർത്താനാവില്ല. അനീതിയും നെറികേടും, അക്രമവും , അഴിമതിയും, വിദ്വേഷവും, വെറുപ്പും, പകയും താണ്ഡവമാടുന്ന സമൂഹത്തിൽ വിദ്യാഭ്യാസത്തിന് മാത്രം തിരിച്ചറിവുണ്ടാകുന്നത് എങ്ങിനെ. ?

2. ബ്രിട്ടീഷ് ഭരണകാലത്ത് മെക്കാളെ പ്രഭു അസ്ഥിവാരമിട്ട വിദ്യാഭ്യാസം തന്നെയാണ് നാം ഇന്നും അനുവർത്തിച്ചുപോരുന്നത്. ഇതിന്റെ മുഖ്യലക്ഷ്യം അധികാരകേന്ദ്രങ്ങളെയും രൂപങ്ങളെയും ചോദ്യംചെയ്യാൻ കഴിവില്ലാത്ത അടിമത്തമനോഭാവമുള്ള പ്രജകളെ ഉണ്ടാക്കലാണ്. വിദ്യാർത്ഥികളുടെ ക്രിയാത്മകമായ ഊർജ്ജം ചോർത്തിക്കളയലാണ്. ഒരുസമൂഹത്തിന്റെ ന്യൂക്ലിയസ് ആവേണ്ടതാണ് വിദ്യാർത്ഥികൾ. സമൂഹത്തിന്റെ തലച്ചോറ്, സമൂഹത്തിന്റെ സാമ്പത്തിക - സാമൂഹിക - രാഷ്ട്രീയ - സാംസ്കാരിക ധാതുക്കളെ കണ്ടെത്തുന്നതും പരിപോഷിപ്പിക്കുന്നതും വളർത്തുന്നതും വിദ്യാർത്ഥികളായിരിക്കണം. തൊഴിൽ പരിശീലനത്തിൽ മാത്രം ഒതുങ്ങുന്ന നല്ല വിദ്യാഭ്യാസം സമൂഹത്തിന് മുന്നോട്ടു ചലിപ്പിക്കേണ്ട ധാർമ്മിക-ആത്മീയ ഊർജ്ജവും വിദ്യാർത്ഥികളിൽ നിന്നാണുണ്ടാവേണ്ടത്. ഇന്ത്യയിലേയും ലോകത്തിലെ മറ്റു രാജ്യങ്ങളിലേയും ആധുനിക രാഷ്ട്രീയ മുന്നേറ്റങ്ങൾക്കും മാറ്റങ്ങൾക്കും തിരികൊളുത്തിയിട്ടുള്ളത് വിദ്യാർത്ഥികളാണ്. കേരളത്തിൽ 70കളിലെ കാമ്പസുകളിൽ നിന്നാണ് രാഷ്ട്രീയത്തിലേയും സാഹിത്യത്തിലേയും അധികാര കേന്ദ്രീകരണങ്ങൾക്കും നിശ്ചലാവസ്ഥയ്ക്കു മെതിരെ തീ പടർന്നത് .അനീതിയുടെ ഓരോ ഹുങ്കാരവും അധർമ്മത്തിന്റെ ഒരോ ഒലിയും സ്പന്ദിച്ചറിയുന്നവർ വിദ്യാർത്ഥികളാണ്. ഈയടുത്ത കാലത്തുപോലും(ആഗോള വൽക്കരണത്തിന്റെ ജീർണ്ണമുഹൂർത്തത്തിൽപോലും) ഇന്തോനേഷ്യയിലെ വിദ്യാർത്ഥികൾ നടത്തിയമുന്നേറ്റം ശ്രദ്ധിച്ചുവോ ?

3. ഈ ചോദ്യത്തിൽനിന്നും ഒരുകാര്യം വ്യക്തമാകുന്നില്ലേ ? ആധുനിക ശാസ്ത്രത്തിന് മാനവികതലമില്ല .നമ്മുടെ മാനവികതലത്തിന് ശാസ്ത്രബോധവുമില്ല. ആധുനിക ശാസ്ത്രത്തിന് മാനവികതയില്ലയെന്നതിന്റെ ഏറ്റവും കടുത്ത തെളിവാണ് പൊക്രാനിൽ നടത്തിയ അണുസ്ഫോടന പരമ്പരകൾ. രാഷ്ട്രീയകൂലികളായ ഉദ്യോഗസ്ഥൻമാരെ പോലെയല്ലേ നമ്മുടെ ശാസ്ത്രജ്ഞൻമാർ പ്രവർത്തിച്ചത്. ?

അണുശക്തി മനുഷ്യനും ജീവനും എതിരാണ്, അതു മനുഷ്യാവകാശ ലംഘനമാണ് എന്ന് ഒരൊറ്റ ശാസ്ത്രജ്ഞൻ പോലും വിളിച്ചുപറഞ്ഞുവോ.? ഭൂമിയെ ഒരാഗോളഗ്രാമമാക്കിമാറ്റുന്ന ആധുനിക ശാസ്ത്രത്തിന് മാനവികതയുണ്ടോ.? എന്താണ് ആധുനിക ശാസ്ത്രം. ? (ഇത് വളരെ വിപുലമായൊരു വിഷയമാണ്. ആധുനിക നാഗരികതയുടെ ഉൽപ്പന്നമാണ് ആധുനിക ശാസ്ത്രം. അൽപ്പംകൂടി ലളിതവൽക്കരിച്ചാൽ, കഴിഞ്ഞ അഞ്ഞൂറ് കൊല്ലമായി പ്രകൃതിയേയും മനുഷ്യനടക്കമുള്ള ജീവജാലങ്ങളെയും അടക്കിഭരിക്കുന്ന ലോക മുതലാളിത്തം തന്നെയാണ്. ആധുനികനാഗരികത. ഇന്നലെ അതിന്റെ വക്താക്കൾ പോർച്ചുഗലും, ഡച്ചും, ഫ്രാൻസും ഇംഗ്ലണ്ടുമായിരുന്നെങ്കിൽ ഇന്ന് അതിന്റെ വക്താക്കൾ അമേരിക്കയാണ്. ധാർമ്മികമൂല്യങ്ങൾ അതിന്റെ പരിധിയിൽ വരുന്നേയില്ല. ലാഭേച്ഛ ങ്ങളിലാണ്. അതിന്റെ കണ്ണ്. ചൂഷണമാണ് അതിന്റെ മന്ത്രം, അനീതിയും വെറുപ്പുമാണ് അതുൽപാദിപ്പിക്കുന്നത്.) കൂടുതൽ വിശദമായ ഒരു ചർച്ചയ്ക്ക് ഇത് വിഷയമാക്കും എന്നു പ്രതീക്ഷിക്കുന്നു.

4. ആഗോളമൂലധനത്തിന്റെ ഭൂതാവേശത്തിലാണ് നമ്മുടെ വിദ്യാഭ്യാസവും. നമ്മുടെ പ്രൈമറി വിദ്യാഭ്യാസം പരിഷ്ക്കരിക്കുന്നതുപോലും ഈ മൂലധനത്തിന്റെ ചൊൽപ്പടിയിലാണ്. അടുത്തകാലത്ത് വിദ്യാഭ്യാസരംഗത്ത് വളർന്നു കൊഴുത്തിട്ടുള്ള മത്സരവും അഴിമതിയും വിദ്യാർത്ഥികളിലുണ്ടായിട്ടുള്ള മൂല്യനഷ്ടവും നിരാശയും ആക്രമവും ഇതിന്റെ ഫലമാണ്. ആഗോള മൂലധനത്തിന്റെ പിടിയിൽനിന്നും (ആധുനിക നാഗരികതയിൽ നിന്ന്) നമ്മുടെ വിദ്യാഭ്യാസത്തെ വിടർത്തിയെടുക്കുകയാണ് വേണ്ടത്. ഇതിന് ലളിതമായ ഒരു മാർഗ്ഗം നിർദ്ദേശിക്കുവാൻ എന്നെ അനുവദിക്കുന്നില്ല. കാരണം ആഗോളമൂലധനത്തിന്റെ മുഷ്ക്ക് അത്രയും ദൂരവും സങ്കീർണ്ണവുമാണ്.

5. വിദ്യാഭ്യാസം ജനനത്തിൽ തുടങ്ങി മരണത്തിൽ ഒടുങ്ങുന്ന ഒരു നീണ്ട പ്രക്രിയയാണ്. അതിനെ ഏതാനും മണിക്കൂറുകളിലെ പരീക്ഷകളിലേക്കൊതുക്കുന്നത് വിഡ്ഢിത്തമാണ്. ജീവിതത്തിന്റെ പച്ചയായ യാഥാർത്ഥ്യങ്ങൾ നേരിടുന്നതാണ് ശരിയായ പരീക്ഷകൾ. അനീതിയും അധർമ്മവും വെറുപ്പും പകയും ആക്രമവും മറികടക്കാൻ വേണ്ട പരീക്ഷണങ്ങൾ.

## ഗുരു നിത്യചൈതന്യയതി

(ഗുരു നിത്യചൈതന്യയതി മലയാളത്തിൽ മുഖവുരവേണ്ടാത്ത ഋഷിവര്യനും വൈവിധ്യ പൂർണ്ണമായ വിഷയങ്ങളെ ആഴത്തിൽ പ്രതിപാദിക്കുന്ന ഗ്രന്ഥകാരനുമാണ്. ശ്രീനാരായണ ഗുരുവിന്റെ ശിഷ്യനായ ശ്രീനടരാജ ഗുരുവിന്റെ ശിഷ്യനാണ് നിത്യചൈതന്യയതി. 'ഭഗവദ് ഗീത സ്വാദ്ധ്യായം ' 'നളിനിയെന്ന കാവ്യശില്പം ' മനശാസ്ത്ര ജീവിതത്തിൽ, 'യാത്ര', 'ഊർജ്ജതാണ്ഡവം ' ദൈവം സത്യമോ മിഥ്യയോ, 'മൂല്യങ്ങളുടെ കുഴമറിച്ചൽ', ' രോഗം ബാധിച്ച വൈദ്യരംഗം ' ബൃഹദാരണ്യകോപനിഷത്ത് – വ്യാഖ്യാനം (3 വോളിയങ്ങൾ) 'An Intelligent man's guide to the Hindu religion' 'Meditation on the Poem of St. John of the Cross', Psychology - an Eastern Perspective', 'Marxism and Humanist Nonarchy','Experimental Aesthetics and Experiental Transcendence' എന്നിങ്ങനെ 50 –ൽ അധികം ഗ്രന്ഥങ്ങൾ ഗുരുവിന്റേതായിട്ടുണ്ട്.

### പ്രതികരണം

## One World Maxims

1) The world is a whirling celestial body which is complete in itself maintaining, Governing and con trolling with its own government.
2) Each whirling body has a self government of itself.
3) There is no difference between self and government
4) World, Law and Governmet are synonyms.
5) Our earth is ours but the earth has no knowledge of it.
6) All laws of all worlds including the universe are dialectically evolved.

7) The greatest principles of economics is represented by world laws. For example, birth is compensated for by death; growth is compensated for by decay.
8) The whirling planets or celestial bodies actualize the canceling our of opposites. Therefore any point on the equator of the planet is both east and west at once.
9) Do not believe the figure of the world given in the Atlas because map is not territory.
10) What is god to the world is ego to a self-conciented man.
11) The principle of the world is conceivable of Syntegrity.
12) Nothing goes waste in the world-- even particles are recycled.
13) Man is the measure of himself. An ambitious man connot be satisfied even if a hundred world are given to him. A self-contained, contented man becomes easily satiated with a sinle meal and a cup of tea.
14) The most sensible attitude to a human being over sixteen can be the existential prayer.


The existential prayer is as follows:
Iam I, you are you,
I did not come to this world to live to your expectation.
You did not come to this world to live to my expectation.
If by chance we seem to do the same thing we are lucky and it is good, if otherwise, sorry, we can not help.

A few tips to be always happy and peaceful:

1) If you cannot fulfill your need, forget it at once
2) Never ask a loan to anyone.
3) It is egoistic to look for the needy, the unwanted, the depressed and those who are destined to be reabsorbed into the earth, We have no obligation except when you are the cause of somebody's peril.
4) Only you can judge the merit of your actions and your experience is your direct reward or punishment. No one has a moral right either to teach you without your consent or to correct you in the name of goodness. If it is inconventent for you to say "Hello", don't say that
5) If you have too much that you cannot consume, make yourself a good company for many to share with them your bounty.

Further maxims you can discover or invent for yourself.

# Annual Report of the Year 1997-98



Prof. M.P. Lakshmanan

Every College day celebration is an occasion for stock taking review, analysis and the formulation of new policies to be adopted for the coming year. This should also be an year for us to make a through accademic planning for the future of our college. We believe that real accademic pursuits cannot be done without a sense of discipline and commitment. The general accademic atmosphere in the campus has been good during the accademic year.

Inaguration of the new building and construction of 2nd floor in progress.

The new building of the college has been inaugurated on 13th October 97 by the Hon'ble Education Minister of Kerala Sri. P.J. Joseph.

Teaching Staffs- New Additions: Three more teachers have joined the Mahatma Gandhi Fraternity during the year. They are

| | | |
|---|---|---|
| **Sri. Muraleedharan P.K.** | : | Mathematics |
| **Sri. Babu. P.** | : | Commerce |
| **Sri. Saraschandran . K.** | : | Commerce |

The College has at the moment 13 permanent teachers, one part-time Law Lecturer and 16 members on the non- teaching staff working in our college. Total strength of the student is 208 nos.

**RESULTS**

We have good results in the various University Examinations this year. We have more than 90% results in Ist year and IIyear University Exams in all subjects.

**COLLEGE UNION.**

Election to the College Union was conducted in the peaceful atmosphere. The following students were elected office bearers for the year 1996-97. I thank returning Officer Jayakumar P.P. Lecturer in Statistics for conducting the election smoothly.

| | | |
|---|---|---|
| **Chairman** | : | Jains.T. Mathew |
| **Vice Chairman** | : | Salini A.K. |
| **General Secretary** | : | Siju K.P. |
| **U.U.C.** | : | Manoj P.T. |
| **Student Editor** | : | Vinod M.K. |
| **Fine Arts Secretary** | : | Roby Manuel |
| **General Captain** | : | Shine P.D |
| **Joint Secretary** | : | Sasikala P.A. |

**Association Secretaries**

**Physics** : Jiby Mon Joseph

**Mathematics** : Jomon V.J.

**Commerce** : Biju John T

**Representives**

**I D.C. Suresh Kumar T.N.**

**II D.C. Reni Sebastian**

**III D.C. Biju. K.**

Sri. Mathew M.J. Lecturer in Physical Education has been appointed Staff Advisor to the Union and Sri. Reji Paikkattu is the Staff Editor of the College Magazine.

In a Solemn ceremony the College Union was inaugurated by Dr. Raveendran,Registrar, Kannur University, Mr. Dinekaran Kombilath (Mathrubhumi)inaugurated the Fine Arts Association. The inauguration of Various Associations.

**Mathematics : Prof. Joseph K.J.** ( Nirmalagiri College) Inaugurated the Mathematics Association.

**Physics : Dr. Rema** (PRNSS College, Mattanur) Inaugurated the Physics Association.

**Commerce : Adv. Dennis Thomas** (M.G. College, Iritty) Inaugurated the Commerce Association.

**P.T.A. :** The attitude of parents certainly play a vital and vibrant role. I am happy to say that we have a very actively functioning P.T.A. during the accadamic year. In the general body meeting held on 13.10.97 elected the following persons as its office bearers for the year 1997-98.

**President** : Prof. M.P. Lakshmanan

**Vice President** : Sr. V.K. Krishnan Master

**Secretary** : Sri. Ajith P.S.

**Jt. Secretary** : Sri. Sukumaran P.P.

11 members executive committee is also formed on that day. In a meeting held on 20.12.97. P.T.A. has decided to take necessary steps to avoide students strikes in the campus. And also it has decided to formulate a P.T.A. Welfare Fund for helping students in their co-curricular activities.

It is a new step from the part of P.T.A. that visited the houses of students to meet their parents in order to rejuvenate that relationship and there by strengthen the activities of P.T.A.

**TOURISM CLUB :**

College tourism Club has been formed during the year 1996-'97. There are 50 students who work actively in the club. Sri. Udaya Kumar O.K. Lecturer in Commerce is the staff Co-

ordinator Mr. Bijo George and Soundharya Chandran are the student Co-ordinators. Club celeberated World Tourism Day on August 27th at Kannur under the auspices of D.T.P.C., Kannur. College Tourism Club participated in Quiz, elocutions and painting competitions. Mr. Sibil Thomas and Jibi Sebastian team won first place in Tourism Quiz conducted by D.T.P.C. for the second successive year. Congratulations to them and Mr. Udaya Kumar.

I also congratulate Mr. Joemon V. J., and Suneer K. of III D.C. Maths for winning IInd place in Statistics Quiz held at Nehru College, Kanhangad.

**LABS & LIBRARY**

Physics & Computer Labs were expanded with new additions. 6 new Computers and UPS were added to the Computer Lab. New stock in the library during the year enriched the library to our satisfaction.

New water supply scheme is also introduced in the campus.

**ONAM CELEBRATIONS**

We celebrated Onam in a grand way. Various competitions like, Flower carpet, Tug of war, Fun Quiz, Song Quiz etc. were conducted by Tourism Club of College. Dr. G. Sivarama Krishnan was the Chief Guest for the function.

**SPORTS & GAMES:**

Kannur University Chess Championship was organised under the auspices of our college from 10th to 14th November 1997. Sri. K.P. Noordheen inaugurated the championship. 16th Colleges under the University participated. Our College Chess team stood IV in the University in their Maidan appearence.

College Volleyball and athletic teams also participated in the university and district championships. Mr. Prasad P.A. is selected to the University team in Volleyball. A new Foodball cum Cricket stadium has been constructed during the year. I take this opportunity to thank the management for the same.

College Annual Sports meet has been conducted on 10th and 14th Feb. 1998. Competitions were conducted on House basis.

I take this opportunity to thank the Kerala Food Ball Association who have donated 10 Foodballs to our college as an appreciation for our interest in organising different sports and games activities. My hearty congratulations to Sri. Mathew M.J. Lecturer in Physical Education for his interest in such activities.


**STUDY TOUR**

Commerce and Mathematics Departments Conducted study tour this year.

We have an active participation in the University Youth Festival for selections held at Palayad. We won II place in group music, II place in Drama, II place in Rengoli, II place in Skit. I take this opportunity to congratulate the winners who brought Laurels to our college.

I convey my thanks to everyone. I dont find any dark cloud looming large on the horizon. Everywhere we have the brilliance and radiance of something for which we aspire. We look forward to a new year. The new academic year dawns with smiles in plenty on the Ist of June' 98.


ടെക്സ്റ്റൈൽസ്
മെയിൻ റോഡ്, ഇരിട്ടി
ഫോൺ (0497) 491205 (ഷോപ്പ്) 491505 (വീട്) പിൻ 670 703




M.J. MATHEW
UNION ADVISOR


## UNION EXECUTIVES



JOMON .V.J



SURESH KUMAR.T.N




RENI SEBASTIAN


## ASSOCIATION SECRETARIES



BIJU. K.
III D.C. REPRESENTATIVE



BIJU JOHN.T
COMMERCE



JIBYMON JOSEPH
PHYSICS

ആശംസകളോടെ...........

# അപ്സര

## സ്വീറ്റ്സ് സെന്റർ

ഷോപ്പിംഗ് കോംപ്ലക്സ്

പുതിയ ബസ് സ്റ്റാന്റ്

## ഇരിട്ടി

*Phone : 491692*

*491558(Resi)*



ബിജു ജോൺ.ടി
II .B.Com

# സ്വപ്നങ്ങളുടെ തടവുകാരൻ

"ചേട്ടായി ഒരു ബീഡി തരാമോ?" എന്ന ചോദ്യം കേട്ടാണ് ഞങ്ങൾ മുകളിലേക്ക് നോക്കിയത്. മൂന്നാം നിലയുടെ മട്ടുപ്പാവിലുള്ള ഒരു ജനാലയ്ക്കരികിൽ നിന്നാണ് ചോദ്യം എന്ന് എനിക്ക് മനസ്സിലായി. എന്റെ കൂടെയുണ്ടായിരുന്ന സുഹൃത്തിന് ഞാൻ ചോദ്യകർത്താവിനെ കാട്ടിക്കൊടുത്തു. നല്ല ഉയരമുള്ള വെളുത്ത് സുമുഖനായ ഒരു യുവാവ്. ഹ്രസ്വമായ പുഞ്ചിരി. മധുരതരമായ ശബ്ദം. എന്റെ സുഹൃത്തിന് ആളെ മനസ്സിലായി. യുവാവിന് തിരിച്ച് മനസ്സിലാവാൻ പരിചയപ്പെടുത്തേണ്ടി വന്നു. തന്നെ പരിചയപ്പെടുത്തുമ്പോൾ എന്റെ സുഹൃത്തിന്റെ മുഖത്ത് ഒരു ദുഃഖത്തിന്റെ നിഴലാട്ടം ഞാൻ കണ്ടു... ഞാൻ ഗോപാലൻ കുട്ടന്റെ വീട്ടിൽ പണിയെടുത്തിട്ടുണ്ട്. ആ യുവാവ് ഓർമ്മയിൽ എവിടെയോ തപ്പിനോക്കുന്നത് ഞാൻ ശ്രദ്ധിച്ചു. എന്റെ സുഹൃത്ത് കുശല പ്രശ്നങ്ങൾ അന്വേഷിച്ചു. സുഖമാണോ ? ഇവിടെനിന്നും എന്നാണ് പോകുന്നത് തുടങ്ങി എന്തെല്ലാമോ എന്റെ സുഹൃത്ത് ചോദിച്ചു. ഇതിനുത്തരമായി യുവാവ് തലയാട്ടുകയോ, ചിരിക്കുകയോ മാത്രം ചെയ്യുന്നുണ്ടായിരുന്നു.

അയാൾ വീണ്ടും ചോദിച്ചു. "ഒരു ബീഡി" ....? ഓ. ഞാനത് മറന്നു എന്ന് പറഞ്ഞുകൊണ്ട് സുഹൃത്ത് സിഗരറ്റ് പാക്കറ്റ് എടുത്തു തുറന്നു. അതിൽ ഒരു സിഗരറ്റേ ഉണ്ടായിരുന്നുള്ളൂ. അതും തീപ്പെട്ടിയും കൂടി മുകളിലേക്ക് എന്റെ സുഹൃത്ത് എറിഞ്ഞുകൊടുത്തു. അയാൾ വളരെ ആവേശത്തോടെ അത് ചാടിപിടിച്ചു.... കത്തിച്ച് ചുണ്ടോടടുപ്പിച്ചു. പുകച്ചുരുളുകൾ മുകളിലേക്കുയരാൻ തുടങ്ങി.

അപ്പോൾ അയാൾ ഏതോ സ്വർഗ്ഗത്തിലാണെന്ന തോന്നലാണ് അയാളുടെ മുഖഭാവം കണ്ട് എനിക്ക് തോന്നിയത്. അപ്പോഴേയ്ക്കും ജനാലയ്ക്കൽ മുഖങ്ങളുടെ എണ്ണം കൂടിക്കൂടി വന്നു. ഒരു സിഗരറ്റിന് വളരെയേറെ അവകാശികൾ! ആ സിഗരറ്റ് എരിഞ്ഞ് തീരുന്നതിന് മുമ്പേ മുകളിലത്തെ നിലയിൽ ഒരു ഷൂവിന്റെ ടപ്! ടപ് ശബ്ദം അടുത്തടുത്ത് വരുന്നത് സിഗരറ്റിന്റെ ഉപഭോക്താക്കൾ അറിഞ്ഞു. എല്ലാവരും ഓരോ പുക മാറിമാറിയെടുത്ത് ബാക്കിവന്ന സിഗരറ്റ് താഴേയ്ക്ക് എറിഞ്ഞു കളഞ്ഞു. എല്ലാവരും നിശ്ശബ്ദരായി. ഞാനൂഹിച്ചു ഡോക്ടറായിരിക്കും. അതെ ഡോക്ടറാണ്. ഡോ. ഗോപിനാഥൻ ചീഫ് സൈക്യാട്രിസ്റ്റ്! അദ്ദേഹം വിശേഷങ്ങൾ ചോദിക്കുന്നത് അവ്യക്തമായി കേൾക്കാമായിരുന്നു. അതിവേഗം പരിശോധന തീർത്ത് അദ്ദേഹം അടുത്ത മുറിയിലേക്ക് പോയി. വീണ്ടും എല്ലാവരും ജനാലയ്ക്കരികിലേക്ക് വന്നു അപ്പോഴേയ്ക്കും എന്റെ സുഹൃത്ത് ഒരു ഫിസിഷ്യനെ കാണാൻ പരിശോധനാ റൂമിലേക്ക് പോയിരുന്നു. ഏതോ പ്രേരണയിലെന്നോണം ഒരു പരിചയവുമില്ലാത്ത അവരെ കൈവീശി കാണിച്ച്‌ ഞാനും അകത്തേക്ക് നടന്നു. വേഗം മരുന്ന് വാങ്ങി ഞങ്ങൾ പുറത്തിറങ്ങി വീട് ലക്ഷ്യമാക്കി നടന്നു.

പരസ്പരം സംസാരിക്കാതെയാണ് ഞങ്ങൾ നടന്നത്. കാരണം രണ്ടാളേയും എന്തോ വേദനിപ്പിച്ചതുപോലെ. ഒരിക്കലും മൗനമായിരിക്കാൻ കഴിയാത്ത ഞാൻപോലും ഒന്നും ഉരിയാടിയില്ല. എന്റെ മനസ്സ് നിറയെ ആ യുവാവായിരുന്നു. നീണ്ട് വെളുത്ത് സുമുഖനായ യുവാവ്! അയാൾ എങ്ങിനെ അന്തേവാസിയായി ? അയാളെ കണ്ടാൽ ഒരു കുഴപ്പവും പറയാൻ കഴിയുന്നില്ലല്ലോ ? എന്നിങ്ങനെ ഒരായിരം ചോദ്യങ്ങൾ എന്റെ മനസ്സിൽ പൊന്തിവന്നു. എന്തായാലും ചോദിച്ചറിയാൻ തന്നെ ഞാൻ തീരുമാനിച്ചു. ഗോപാലേട്ടാ.... അയാളെ കണ്ടാൽ □ ഒരു കുഴപ്പവും ആർക്കും പറയാൻകഴിയില്ലല്ലോ. പിന്നെന്താണ് ? അയാളും.... ഇവിടെ....

ഇത്ര നേരവും മൗനിയായിരുന്ന ഗോപാലേട്ടൻ പറഞ്ഞു തുടങ്ങി ആരും ഓർമ്മിക്കുവാൻ ഇഷ്ടപ്പെടാത്ത കഥയാണ്. വലിയവരുടെ കഥ !! അത് പറഞ്ഞ് നമ്മളെന്തിന് സമയം കളയണം. ഗോപാലേട്ടന്റെ മറുപടികേട്ടപ്പോൾ ആ യുവാവിന്റെ കഥയിൽ

എന്തോ നിഗൂഢതകൾ ഉള്ളതായി എനിക്ക് തോന്നി. അതെന്തായാലും .... വീണ്ടും നിർബന്ധിച്ചപ്പോൾ സുഹൃത്ത് പറഞ്ഞു തുടങ്ങി.

സോമു എന്റെ വകയിലുള്ളതിൽ പരിചയപ്പെടുത്തിയിരുന്ന ഒരു വിദ്യാർത്ഥിയായിരുന്നു. ഇളംകുളം... അവിടുത്തെ ഇളയ കുട്ടിയാണ് സോമു. താഴവാ സൗന്ദര്യവും തന്റെ പഠനത്തിൽ താൻ മിടുക്കനായിരുന്നതിനാൽ കാരണവന്മാർ അവനെ കോളേജിൽ വരെ പഠിപ്പിക്കാനായുള്ളു. അവസാന വർഷ പരീക്ഷയുടെ തലേന്ന് മാനസികമായി തകർന്നു വരുന്ന സോമുവിനെയാണ് കാരണവന്മാർ കണ്ടു. കാരണമന്വേഷിക്കുന്നവരോടൊക്കെ ദേഷ്യമായി എപ്പോഴും മൗനിയായിരിക്കാനാണ് സോമു ഇഷ്ടപ്പെട്ടത്. പിന്നെ പ്രശ്നം വഷളായതോടെ അവനെ എന്തോ ദിനങ്ങൾ കടന്നു പോയി. പ്രശ്നത്തിൽ തെളിഞ്ഞതനുസരിച്ച് പരിഹാരക്രിയകളാരംഭിച്ചു. ജ്യോതിഷികളെല്ലാം ഗൃഹജ്യോതിഷത്തിൽ നിന്നും ഒഴിവായി. ശേഷം തുടർന്ന് പൂജകളും കർമ്മങ്ങളും മുറയ്ക്ക് നടന്നു. സോമുവിൽ മാറ്റമൊന്നും കണ്ടില്ല. പിന്നീട് ആത്മഹത്യാ പ്രവണത കൂടി കണ്ടുവന്നു. അപ്പോൾ വീട്ടിൽ നിർത്തുന്നത് അപകടമായതിനാലാണ് സോമുവിനെ മെഡിക്കൽ മാറ്റിയത്.

മാസം മാസം ആശുപത്രി ബില്ലുകൾ കൃത്യമായും അടച്ചുകൊണ്ടിരുന്നു. അത് ഇന്നും തുടരുന്നു. നാലു വർഷമായി സോമു അവിടെത്തന്നെയാണ്. വീട്ടിൽ എന്തെങ്കിലും മംഗളകർമ്മങ്ങൾ നടന്നു. ഒന്നു പോലും ആ പാവത്തിനെ അറിയിച്ചില്ല. അങ്ങനെ ഒരു വ്യക്തിയുണ്ടെന്നുകൂടി ആരും ഓർമ്മിക്കാതായി. ഇന്ന് സോമുവിനെ വീട്ടിൽ കൊണ്ടു പോകാൻ വീട്ടുകാർക്ക് പേടിയാണ്. സോമുവിനാകട്ടെ വീട്ടിൽ പോകണമെന്നുള്ള വലിയ ആഗ്രഹവും. ഇത്ര നേരം മിണ്ടാതെയിരുന്ന ഞാൻ ചോദിച്ചു. എങ്ങനെയാണ് ഈ അസുഖം വന്നത് ?

അതിനുത്തരമില്ലായിരുന്നു. കോളേജിൽ പഠിക്കാൻ പോയിടത്തുനിന്ന് മദ്യവും മയക്കുമരുന്നുകളുമാണ് ശീലിച്ചതെന്നും അല്ല മദ്യമാണെന്നും ഇതൊന്നുമല്ല ക്ഷുദ്രവിദ്യചെയ്തതാണെന്ന് പറഞ്ഞുനടക്കുന്നവർ നാട്ടിലുണ്ട്. പക്ഷേ എന്താണ് യഥാർത്ഥകാരണമെന്നത് ഇന്നും അജ്ഞാതമാണ്.

രാത്രി വീട്ടെത്തി. അപ്പോഴേക്കും എന്റെ കണ്ണു നിറഞ്ഞിരുന്നു. ആരും കാണാതെ ഞാൻ കണ്ണീർ തുടച്ചു. ബന്ധുക്കൾക്ക് വേണ്ടാത്ത വ്യക്തിയായി ഞാൻ ഒരു തുള്ളി കണ്ണീരു ചിന്തിയാൽ അത്ഭുതമെന്തുണ്ട് ഹാ !?

"എല്ലാ അബദ്ധങ്ങളുടേയും കാരണം അഹംഭാവമാണ്"
— *ജോൺ റസ്കിൻ*

"നടന്നുപോകുന്ന ഒരുനിഴൽ മാത്രമാണ് ജീവിതം"
— *ഷേക്സ്പിയർ*



**ആശംസകൾ...**

# അലങ്കാർ

ലൈറ്റ് & സൗണ്ട്സ്

മട്ടന്നൂർ
ഫോൺ 471311

ഇരിട്ടി
ഫോൺ 491430



***JAINS T. MATHEW***
B.com (Final)

# LOVING THE FLOWERS OF NIGHT

*He doesn't remember when he began to like the flowers of night. Did he like them from the beginning?......... He is not sure. One thing is certain - he never disliked them. They too are beautiful flowers. His dreams had wings with which to fly into the golden days to come. Evenings had iridescence of hopes for tomorrow. His eyes had no shadow of dark pessimism. What surged forth in him was not the intoxication of alcohol, but that of innocent love. Then the aroma of the night flowers was not emanating from him. But when someone accused him so, he was not pained. So he didn't contradict them.*

*One by one, every thing that was dear to him began to desert him. He wanted to resist that, But his arms were not free. He should have embraced to his bosom what he should not have missed. But the embracing hands trembled......... or those who were embraced misunderstood his intention. When he realized that the hug produces not pleasant comfort, but soffocation and discomfort he withdrew his hands. He forgot himself at the sight of happiness they felt in their freedom. Immediately he began to feel the creeping sensation of coldness up his feet. It was from the pool of blood that dripped from the wounds on his body. His whole body was dripping with blood, but he was not aware of it, for he had forgotten his pain at the happiness of others. Gradually they disappeared from his sight. Slowly his sight became blurred. Then he realized the pain and the bleeding wounds, but blood was continuing to drip out.*



*One wound pained him deeply. He had wrenched off the roots in the frantic endeavour to escape. He was not sure whether he would survive or not. Still he severed the roots that remained even after this. The long waiting to heal himself was unbearable. He had to take care to see that the remains of the old roots don't sprout again. He had to waste away the time passively as*

*his body and mind were shattered. Even then pain and anger rankled in his mind for unknown reasons. He began to derive satisfaction in directing the pain and anger towards himself that produced an intoxicating numbness. Gradually the softness and charm of his dreams began to desert him; they began to become ferocious and wild. Hence forth his dreams began to have the wild background that contributes gloom in eyes and frenzy in mind. Fragrance of the flowers of night was there to intoxicate his conscience. An controllable desire to relish their charm began to surge in his mind. That passion was brimming his mind. In order to contribute charm to the lacklustre moments and to heal the wounds he began to love the flowers of night. However soon they have to depart doesn't hurt him; for they don't take root in him deeply. He has no right to desire fresh things. He has nothing more to desire. His evenings don't have iridescent colours. Now he has no dreams. Their butterfly wings have been seared. He has no bright days to hope for. Today let the frenzy of darkness envolope his conscience. In him let the intoxication of liquor gush forth and overflow. Let wildness sparkle in his eyes. Let every pore of the skin throb only to imbibe the intoxicating perfume of the flowers of night. Let their aroma only emanate from him.*

*Best compliments from ............*

Phone : 491195 } (O)
491450
491555 (R)

# YUVARANI

Textiles & Readymades

IRITTY - 670 703

ആശംസകളോടെ............

# കച്ചിൻസ് ടൈലേഴ്സ്

റീനാ ഹോസ്പിറ്റലിന് മുൻവശം, ഇരിട്ടി.

# ജാഡകളില്ലാതെ ഐ.എം.വിജയൻ



ഇന്ത്യൻ ഫുട്ബോളിലെ 'കറുത്തമുത്ത്' എന്നറിയപ്പെടുന്ന ഐ.എം. വിജയൻ വളരെ യാദൃശ്ചികമായാണ് ഇന്റർവ്യൂവിന് എത്തിയത്. ഞങ്ങൾ ആദ്യമായി സന്ദർശിച്ച് കോളേജ് മാഗസിനു വേണ്ടി ഒരു അഭിമുഖം ആവശ്യപ്പെട്ടു. തിരക്കുകൾക്കിടയിൽ, ഇന്ത്യൻ ഫുട്ബോളിനെക്കുറിച്ച്, സ്വന്തം വിജയത്തെക്കുറിച്ച് ഒക്കെ അദ്ദേഹം സംസാരിച്ചു. ഇന്ത്യൻ ഫുട്ബോളിൽ ഏറ്റവും അധികം പ്രതിഫലം പറ്റുന്ന താരത്തിന്റെ യാതൊരു ജാടകളുമില്ലാതെ ഐ.എം. വിജയൻ...

1 ചോദ്യം : താങ്കൾ ഇന്ന് ഇന്ത്യയിലെ ഒന്നാംനമ്പർ താരമാണല്ലോ, ഈ രംഗത്തേക്ക് കടന്നുവരാൻ പ്രചോദനം നൽകിയത് ആരായിരുന്നു?

ഉ: സ്പോർട്സ് കൗൺസിൽ കോച്ച് ചാത്തുണ്ണി സാർ, ജോസ് പറമ്പൻ, രാധാകൃഷ്ണൻ സാർ എന്നിവരാണ് എന്നെ ഫുട്ബോളിന്റെ സഹായങ്ങൾ നൽകി ഈ രംഗത്തേക്ക് കൈപിടിച്ച് കൊണ്ടുവന്നത്.

2 ചോദ്യം : സ്പോർട്സ് പാരമ്പര്യമുള്ള കുടുംബമാണോ താങ്കളുടേത് ?

ഉ: അല്ല. കുടുംബത്തിൽ വേറാരും സ്പോർട്സിൽ ഇല്ല. ഞാൻ മാത്രമേയുള്ളൂ ഈ ഫീൽഡിൽ.

3 ചോദ്യം : പിന്നെ ഈ രംഗത്തേക്ക് വരാനുള്ള പ്രചോദനമെന്തായിരുന്നു

ഉ: തൃശ്ശൂർ മുനിസിപ്പൽ സ്റ്റേഡിയത്തിനടുത്തായിരുന്നു എന്റെ വീട്. ചെറിയ കുട്ടിയായിരിക്കുമ്പോഴേ ഞാൻ അവിടെ കളികാണാൻ പോകുമായിരുന്നു. പിന്നീട് സ്കൂളിൽ പഠിക്കുമ്പോൾ സ്പോർട്സ് കൗൺസിൽ സംഘടിപ്പിക്കുന്ന കോച്ചിംഗ് ക്യാമ്പുകളിൽ പങ്കെടുക്കാൻ അവസരം ലഭിച്ചു. അതൊരു വഴിത്തിരിവായി.



4 ചോദ്യം : താങ്കളുടെ ശൈലിയിൽ മറ്റേതെങ്കിലും കളിക്കാരന്റെ സ്വാധീനമുണ്ടോ ?

ഉ: ഉണ്ടാവാൻ ഇടയില്ല. ഇത് എന്റെ സ്വന്തമായ കഴിവാണ് എന്നാണ് എന്റെ വിശ്വാസം.

5 ചോദ്യം : ഇന്ത്യൻ ഫുട്ബോളിലെ പുത്തൻ പ്രവണതയായ പ്രൊഫഷണലിസത്തെക്കുറിച്ച്, പ്രത്യേകിച്ച് എഫ്.സി. കൊച്ചിനെക്കുറിച്ച് എന്താണഭിപ്രായം?

ഉ: പ്രൊഫഷണലിസം തീർച്ചയായും ഫുട്ബോളിന്റെ വളർച്ചയ്ക്ക് വളരെ സഹായകമാവും.

6 ചോദ്യം : താങ്കൾ ഏറ്റവും അധികം ഇഷ്ടപ്പെടുന്ന ലോക ഫുട്ബോളർ ആരാണ് ?

ഉ: ഇപ്പോൾ ബ്രസീൽ ടീമിന്റെ അസിസ്റ്റന്റ് കോച്ചായ സീക്കോ.

7 ചോദ്യം : 1980 ലെ റോം ഒളിമ്പിക്സിൽ മിന്നുന്ന പ്രകടനം കാഴ്ചവെച്ച ഇന്ത്യൻ ഫുട്ബോളിന്റെ ഇന്നത്തെ അവസ്ഥയെക്കുറിച്ച് ?

ഉ: ഏഷ്യൻ രാജ്യങ്ങളോട് പോലും കിടപിടിക്കാനാവാത്ത പരിതാപകരമായ നിലയിലാണ് ഇന്ന് ഇന്ത്യൻ ഫുട്ബോൾ.

8 ചോദ്യം : ഇതിനൊരു പ്രതിവിധി നിർദ്ദേശിക്കാമോ?

ഉ: ഇന്ത്യൻ ഫുട്ബോളിൽ അടിമുടി ഒരഴിച്ചുപണിവേണം. വിദേശകോച്ചുകളെ കൊണ്ടു വരണം. ടാലന്റ് ഉള്ളവരെ കണ്ടെത്തി പരിശീലനം നൽകണം.

9 ചോദ്യം : ഈ രംഗത്ത് താങ്കൾക്ക് ഏറ്റവും സന്തോഷം നൽകിയ സംഭവം ?

ഉ: 1993-ലെ നല്ല കളിക്കാരനുള്ള അവാർഡ് കിട്ടിയതും ഇന്ത്യൻ ടീമിൽ കളിക്കാൻ അവസരം കിട്ടിയതും.

10 ചോദ്യം : നല്ല ഓഫർ വന്നാൽ എഫ്.സി. കൊച്ചിൻ വിട്ട് മറ്റ് ക്ലബുകളിൽ ചേരുമോ ?


ഉ: തീർച്ചയായും. നമ്മൾ നന്നായി കളിക്കുന്ന സമയത്തേ നല്ല ഓഫർ ലഭിക്കൂ. അതു കഴിഞ്ഞാൽ പിന്നെ തിരിഞ്ഞു നോക്കില്ല. അതുകൊണ്ട് നല്ല ഓഫറുകൾ തീർച്ചയായും പരിഗണിക്കും.

11 ചോദ്യം : കേരളവും കൽക്കത്തയും തമ്മിലുള്ള വ്യത്യാസം ?


ഉ: ഞാൻ 5 വർഷം കേരള പോലീസിന് കളിച്ചു. പിന്നീട് കൽക്കത്ത ക്ലബുകളിലെത്തി. കളിക്കാരെ നന്നായി പരിഗണിക്കുന്നതും ബഹുമാനിക്കുന്നതും ബംഗാളികളാണ്.

12 കോളേജ് പഠനം ?

ഉ: എന്റെ തൊഴിലും എന്റെ ജീവിതവും എല്ലാം ഫുട്ബോളിലാണ്. അത് ഞാൻ കണ്ടെത്തി. അതുകൊണ്ട് തന്നെ മുന്നോട്ട് പഠിച്ചില്ല.



പ്രജീഷ് പി.
Ist Bsc. Physics



# വഴിപാട്

മുമ്പോട്ട് വീഴാൻ ഭാവിച്ചപ്പോഴാണ് രമേഷ് മയക്കത്തിൽ നിന്ന് ഉണർന്നത്. സ്റ്റേഷൻ കോഴിക്കോട് ആണെന്ന് പെട്ടന്ന് തന്നെ അവന് മനസ്സിലായി. അടുത്തിരിക്കുന്ന ഹാജിയാരുടെ സ്വർണ്ണനിറമുള്ള വാച്ചിൽ സമയം 12.05. ഹാജിയാരുടെ വസ്ത്രത്തിൽ നിന്നുയരുന്ന വിദേശ പെർഫ്യൂമിന്റെ ഗന്ധംകൊണ്ട് ബോധരഹിതനായി ഇരുന്ന് ഉറങ്ങുകയായിരുന്നു അവൻ. കോളേജിൽ പഠിക്കുമ്പോൾ കെമിസ്ട്രി ലാബിൽ നിന്ന് ഈ വക ഗന്ധങ്ങൾ അറിഞ്ഞതാണ്. പുറത്തു നിന്ന് കാപ്പിയുടേയും കടലയുടേയും ആർപ്പുവിളികൾ കേൾക്കുന്നുണ്ടായിരുന്നു. പലതും രമേഷിന്റെ മുമ്പിൽ നീട്ടുന്നുണ്ടായിരുന്നു. വൈകുന്നേരം അമ്മയുണ്ടാക്കിയ ചമ്മന്തിയും ചോറും കഴിച്ചതാണ്. വയറുപോലെ തന്നെ പോക്കറ്റും കാലിയാണെന്ന് അറിയാവുന്നതുകൊണ്ട് തനിക്കുനേരെ നീട്ടിയതെല്ലാം അവൻ പാടെ നിരസിച്ചു.

ഇതിപ്പോൾ മുമ്പൊരു തവണ യൊന്നുമല്ല. രമേഷ് അറബിക്കടലിന്റെ റാണിയായ കൊച്ചിയിലേക്ക് പോകുന്നത്. കൃത്യമായി പറഞ്ഞാൽ ഏഴാം തവണ. മാസവും വഴിപാടുപോലെ ഓരോ ഇന്റർവ്യൂവിന് പോകാറുണ്ട്. ഫയൽവഴി പണം കൊടുക്കുവാനുണ്ടായിരുന്നെങ്കിൽ രമേഷ് ഇതിനകം ഒരു ജോലി സമ്പാദിച്ചിട്ടുണ്ടാകുമായിരുന്നു. പക്ഷെ ഒരു റിട്ടയേർഡ് എൽ.പി. സ്കൂൾ അദ്ധ്യാപകന് മകനെ എം.എസ്.സി. വരെ പഠിപ്പിക്കുന്നതിലുപരി ഒന്നും ചെയ്യാൻ കഴിഞ്ഞിരുന്നില്ല. ഒന്നുമുതൽ അഞ്ചുവരെ അദ്ധ്യാപകരുടെ സഹായത്താലും, അതിന് ശേഷം കൈകൊണ്ടും, ഗൈഡുകൾ കൊണ്ടും ജാലവിദ്യ കാണിച്ച് 8 വരെ തട്ടിമുട്ടി കയറിയ റസാഖ്, ഗൾഫിൽ പോയി തിരിച്ചുവന്നു, രണ്ടു ബസ്സിനും, കാറിനും ഒരു കുട്ടിക്കും ഉടമസ്ഥനാണെന്ന് കാണുമ്പോൾ തീർച്ചയായും ഒന്നുമുതൽ പ്രീഡിഗ്രിവരെ ക്ലാസ്സിൽ ഒന്നാമനായ രമേഷിന് ഇൻഫീരിയോരിറ്റി കോംപ്ലക്സ് ഉണ്ടാകുന്നത് സ്വാഭാവികം മാത്രമാണ്.

മുമ്പിൽ 50 ലക്ഷവും മാരുതി കാറും വന്നത് കണ്ടാണ് രമേഷ് ചിന്തയിൽ നിന്ന് ഉണർന്നത്. കാരുണ്യത്തിന്റെ തണല് തേടി തന്റെ മുമ്പിൽ ലോട്ടറി പിടിച്ച് നിൽക്കുന്ന കുട്ടിയെ കണ്ടപ്പോൾ എന്തോ ഒരു അസ്വസ്ഥത തോന്നി. ലോട്ടറി വാങ്ങുകയാണെങ്കിൽ തന്റെ ദിനചര്യകളിൽ നിന്ന് പ്രാതലെങ്കിലും ഒഴിവാക്കേണ്ടിവരുമെന്ന് അറിഞ്ഞിട്ടുകൂടി രമേഷ് അത് വാങ്ങി. വാങ്ങുമ്പോൾ കുട്ടിയുടെ മുഖത്ത് പ്രസരിച്ച് കണ്ടപ്പോൾ രമേശിന് എന്തെന്നില്ലാതെ ഒരു സുഖം അനുഭവപ്പെട്ടു. സമ്മാനത്തുകയുടെ പട്ടിക വായിച്ച ശേഷം അവൻ അതു പോക്കറ്റിൽ നിക്ഷേപിച്ചു. ട്രെയിൻ ചൂളം വിളിച്ച് പായുകയായിരുന്നു.

അഞ്ചരമണിയോടെ എറണാകുളത്ത് എത്തിയ രമേഷ് പ്രഭാത കർമ്മങ്ങൾക്ക് ശേഷം ഇന്റർവ്യൂവിന് എത്തിച്ചേരേണ്ട കമ്പനി അന്വേഷിക്കുവാൻ തുടങ്ങി. ഒടുവിൽ അവൻ കമ്പനി കണ്ടെത്തി. ഇന്റർവ്യൂ കാർഡ് കാണിച്ചപ്പോൾ സെക്യൂരിറ്റി ഗാർഡ് അവനെ അകത്തേക്ക് വിട്ടു. അവിടെ തന്നെപ്പോലെ നൂറുകണക്കിന് ചെറുപ്പക്കാരെ കണ്ടപ്പോൾ രമേഷ് ഒമ്പതാം ക്ലാസിൽ സാമ്പത്തിക ശാസ്ത്രം എടുത്ത ബാലകൃഷ്ണൻ സാർ ഇന്ത്യ നേരിടുന്ന പ്രധാന വെല്ലു വിളികളിൽ ഒന്നാണ്

.തൊഴിലില്ലായ്മ എന്നു പറഞ്ഞത് ഓർത്തു. ..ന്റർവ്യൂ കഴിഞ്ഞു കുറച്ചു പേർ പുറത്തേക്കു ..ന്നു. ചിലരുടെ മുഖം മങ്ങിയിരുന്നു ..ിലർക്കാകട്ടെ, പ്രതീക്ഷയുടെ നിഴൽ മുഖത്ത് ..ീശിയിരുന്നു. മറ്റുചിലർക്കാകട്ടെ യാതൊരു ..റ്റമുണ്ടായിരുന്നില്ല. കാരണം അവർക്കിത് ..ദ്യത്തേതൊന്നും ആയിരുന്നില്ല. രമേഷിന്റെ ..ഴവും വന്നു. സയൻസിൽ ബിരുദാനന്തരബിരുദം ..ടിയ അവനോട് ചോദിച്ചത് ഭൂമിശാസ്ത്രപരമാ..ുള്ള ചോദ്യങ്ങളായിരുന്നു.

ഇന്റർവ്യൂവിന് ശേഷം അവൻ തിരികെ ..ഷനിൽ എത്തി. നാനാഭാഗത്തേക്ക് പോകുന്ന ട്രെയിനുകളും അവിടെ ഉണ്ടായിരുന്നു. അതിൽ ഏതെങ്കിലും ഒന്നിൽ കയറി എവിടേക്കെങ്കിലും പോയാലോ എന്ന് അവൻ ആലോചിച്ചു. പക്ഷേ തന്നെയും പ്രതീക്ഷിച്ച് വീട്ടിലിരിക്കുന്ന അച്ഛനേയും അമ്മയേയും ഓർത്തപ്പോൾ രമേഷ് തന്റെ തീരുമാനം മാറ്റി. കഴിഞ്ഞ ഇന്റർവ്യൂവിന് തീരെ പ്രതീക്ഷയില്ലായിരുന്നുവെങ്കിലും കീശയിലിരിക്കുന്ന അൻപത് ലക്ഷവും മാരുതികാറിലും നേരിയവിശ്വാസം ഉണ്ടായിരുന്നു. ട്രെയിൻ ഇരുളിലേക്ക് കുതിക്കുകയായിരുന്നു. മടിയിലുള്ള ഡിഗ്രികളെയും പിടിച്ചുകൊണ്ടു രമേഷ് മയക്കത്തിലേക്ക് വീണു.

*താമരയിലയിൽ വെള്ളം പറ്റിപിടിക്കാത്തതുപോലെ ജ്ഞാനിയിൽ തിന്മ തിങ്ങിനിൽക്കുകയില്ല.*

*- ഉപനിഷത്ത്*

ആശംസകൾ.......

ഇരിട്ടിയിൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

കണ്ണടകൾക്കും കൂളിംഗ് ഗ്ലാസ്സുകൾക്കും

**ഡിവൈൻ ഐ കെയർ**

**പുതിയ ബസ്സ്റ്റാന്റ്, ഇരിട്ടി**

ഐ സ്പെഷലിസ്റ്റ് ഡോ. പത്മ ഗോപിനാഥ്

10 മണി. മുതൽ 1. മണിവരെ രോഗികളെ പരിശോധിക്കുന്നു.

ആശംസകൾ... Phone: 491359

നിങ്ങളുടെ ഇഷ്ടത്തിനനുസരിച്ച് ഹോളോബ്രിക്സുകളും വ്യത്യസ്ത അളവുകളിലുമുള്ള മേത്തരം ഷേപ്പിലും 'ഡിസൈനിലുമുള്ള' കോൺക്രീറ്റ് കട്ടിളകളും ജനലുകളും ആധുനിക വിജാഗിരി സൗകര്യത്തോടുകൂടി നിർമ്മിച്ചുകൊടുക്കുന്നു

**അരസ ഹോളോബ്രിക്സ്,**

മുസ്ലീം പള്ളിക്ക് മുൻവശം

പുന്നാട് - 673 703

ആശംസകളോടെ........

പാദരക്ഷകൾക്ക്

**മലബാർ ഫുട്ട്വെയർ**

പുതിയ ബസ്സ്റ്റാന്റ്, ഇരിട്ടി.

ആശംസകൾ.........

**ത്രിവേണി ഹോട്ടൽ**

വെജിറ്റേറിയൻ

ഇരിട്ടി.

*With Best Compliments from.....*

**ALBA ASSOCIATES**

CIVIL ENGINEERS & CONTRACTORS

IRITTY

We undertake : *Building plan, Structural design, Estimate & Contract works*

Consulting Engineers : SABU ABRAHAM . B.E.
K.T. RAJEEVAN . B.E.



Dr. P. C. Ravindran, (Registrar Kannur University) Inaugurates Our College Union




Sri K. P. Noorudeen Ex. Minister Inaugurates the Kannur University Chess Championship held under the auspices of our college from 10th to 14th November 1997.

# ആധുനികത




PRAVEENA K.M.
Ist B.Com

പൂജാമുറിയിലിരുന്നുകൊണ്ടല്ലോ
മുത്തശ്ശി ചൊല്ലുന്നു നാമജപം
താളമിട്ടും കൃഷ്ണാ കണ്ണുമടച്ചല്ലോ
നാമം ജപിക്കുന്നു ഭക്തിപൂർവ്വം
ആധുനികതയുടെ തീവ്രപരിവേഷം
എൻ നാട്ടിലും വീട്ടിലും വന്നുവല്ലോ.
ഓലക്കുട മാറി ശീലക്കുടമാറി
ഫോറിൻകുട വന്നു നാട്ടിലെല്ലാം
പാളവിശറിപോയി തൽസ്ഥാനത്തു -
ഫാനുകൾ വന്നുവല്ലോ.

തുമ്പികളെപ്പോലെ പാറിനടക്കേണ്ട
ഓമനകൾ ഇംഗ്ലീഷ് മീഡിയത്തിൽ
കാണാക്കൂട്ടിലകപ്പെട്ട കിളിയെപ്പോൽ
ഇംഗ്ലീഷ് വാക്കുകൾ ചൊല്ലിടുമ്പോൾ-
മുത്തശ്ശി തേങ്ങുന്നു കൂടെ-
തെറ്റിനെത്തിരുത്തുന്നു മമ നാട്യമൊപ്പം
സൂര്യകിരണങ്ങളുദിച്ചിടുമ്പോൾ-
മുത്തശ്ശി നാമം ജപിക്കാനെത്തിടുമ്പോൾ
കൊച്ചുമകന്റെ തുറന്ന ടേപ്പിൽ നിന്നും
ഉച്ചത്തിൽ കേൾക്കുന്നു 'വെസ്റ്റേൺ മ്യൂസിക്'
കലികാലമെന്നതാണോ പറയേണ്ടു
അസ്വസ്ഥയായി പറയുന്നു മുത്തശ്ശി

യുദ്ധക്കളത്തിൽ പോകും കുതിരപോൽ
കാലം കുതിച്ചു പാഞ്ഞിടും
ആധുനികത എൻ മുത്തശ്ശിയെ പോലും
മാറ്റാതെ വിട്ടില്ലല്ലോ എന്തുചെയ്യാം.
പൂജാമുറിയിലിരുന്നു കൊണ്ടിന്ന്
മുത്തശ്ശിചൊല്ലുന്നു സിനിമാഗാനം
വിഷ്ണുവും ശിവനും സ്ഥാനം പിടിച്ച
ചുവരിൽ 'സിനിമാദൈവങ്ങൾ' മാത്രം.

# J☺y T☺ the W☺rld



JIBY AUGUSTINE
Ist B.Com.

*Dear Friends,*

As distinct from many other national literatures Latin American writing has got a special quality in that many writers conspicuously adopt clear political position and some of them are well known for their partisan or near - partisan attitude. Paz explored the interrelationships between literature and politics from 19th century onwards in European literature and expressed his attitude to the role of a writer in such a debate. He wrote : "The History of Modren Literature from the German and English Romantics to our own days, is the history of a long, unhappy passion for politics. From Coleridge to Mayakovsky, Revolution has been the great Goddess, the eternal beloved and the great whore to poets and novelists. Politics filled Malraux's head with smoke, poisoned the sleepless nights of Cesar Vallejo, killed Garcia Lorca, abandoned the old poet Antonio Machado in a village in the Pyrenees, locked Pound in an asylum, dishonoured Neruda and Aragon, has made Sartre a figure of ridicule, and has acknowledged Breton all too late. But we can't disown politics; it would be worse than spitting at the sky, spitting at ourselves."

Paz's analysis of the philistine culture propagated by forces of market and capitalism is perceptive and to the point. He wrote "The market , blind and deaf, is not fond of literature or of risk, and it doesnot know how to choose. Its censorship is not ideological; it has no ideas. It knows all about prices and nothing about values". Paz was very well aware that consumerism and uncontrolled mordernisation lead to a dead end. : "Seeing the United States, Europe and Japan I think mordernisation is not a benediction. It is a kind of air-conditioned hell". He remarked that Marx's famous phrase about religion as the opiate of the masses can be applied, and more accurately, to television, which will end up 'anaesthetizing the human race, sunk in an idiotic beatitude'.

#### THE PLACE OF PAZ IN PRESENT DAY LITERATURE

It was Carlos Fuentes, another Mexican writer of world renown who accorded the greatest praise to Octavio Paz. In 1980's itself Fuentes conceded that Paz had forever changed the face of Mexican literature. This is as much as to say that Mexican literature has a pre-Paz period and a post- Paz phase. On ideological grounds Fuentes had disagreements with Paz and both were considered rivals by themselves. In light of this fact the praise is credible as it comes form a rival writer. Then, in the light of historical association of the writer's name and the allusions contained in Fuentes' words, the praise becomes Scintillating . His name 'Octavio'is obviously derived from 'Octavius' , the first emperor of Rome, who,according to the celeberated historian Seutonius,"found Rome built of brick and left it in marble" ('The Lives of Twelve Caesars'). As for his surname 'Paz', it is derived from 'Pax' ,again a concept associated with Roman history 'Pax Romana' (Roman peace) began with the reign with the Octavius Caesar. Semantically speaking 'Paz' has a placid company of 'Pax' and 'peace'.It is observed that the clarity and precision in Paz's writing inspired other Mexican Writer's to give up the convoluted style so common in Mexico. Paz became a model for other writers in Mexico in that he influenced them to altar their mode of expression and style. Carlos Fuentes must have had all these historical and literary associations in his mind when he observed that Paz had for ever changed the face of Mexican literature. The implication of this encomium is overwhelming. We can say that with the death of Paz, literature has lost one of its monarchs. For India,it was the loss of a dear and discerning friend.

*With best compliments from.....*

# ABHAYA HOSPITAL

## NEW BUS STAND
## IRITTY

ഫോൺ : 506642

ആശംസകളോടെ.....

## കണ്ണൂർ സഹകരണ അർബൻ ബാങ്ക് ക്ലിപ്തം നമ്പർ 1534

ഹെഡ്ഡാഫീസ് : മാർക്കറ്റ് റോഡ്, കണ്ണൂർ 670 001

**ബ്രാഞ്ചുകൾ**

കണ്ണൂർ സിറ്റി ബ്രാഞ്ച്
കണ്ണോത്തുംചാൽ
കണ്ണൂർ670 002
ഫോൺ 507715

പൊടിക്കുണ്ട് ബ്രാഞ്ച്
ചെട്ടിപീടിക
കണ്ണൂർ 670 004
ഫോൺ : 501039


**ഉയർന്ന പലിശ നിരക്കിൽ**
വിവിധയിനം നിക്ഷേപങ്ങൾ സ്വീകരിക്കുന്നു.
1 ലക്ഷം രൂപ വരെ ഇൻഷൂറൻസ് സംരക്ഷണം
നിയമാനുസൃത നോമിനേഷൻ സൗകര്യം

**ഉദാരമായ വ്യവസ്ഥയിൽ-**
വിവിധയിനം വായ്പകൾ നൽകി വരുന്നു.
സംസ്ഥാനത്തിനകത്ത് ഡിമാന്റ് ഡ്രാഫ്റ്റ് സൗകര്യം
'A'ക്ലാസ്സ് മെമ്പർമാർക്ക് ഇൻഷൂറൻസ്
സംരക്ഷണം

*കൂടുതൽ വിവരങ്ങൾക്ക് നേരിൽ ബന്ധപ്പെടുക.*

പി. ദാമോദരൻ
(സെക്രട്ടറി)

പ്രൊഫ . എ.ഡി. മുസ്തഫ
(ചെയർമാൻ)



BENNY K.M.
III B.Com

# ആഗ്രഹം


ഒരു കുഞ്ഞു തെന്നലിലൊരു പാട്ടിന്റെ-
ഈണം വീണ്ടും മനസ്സിൽ വിതുമ്പി നിൽക്കെ :
അറിയാതെ ഓർമ്മതൻ ചെപ്പുടഞ്ഞു.
അതിലെ മുത്തുകളെന്നിൽ ചിതറിയമർന്നു.
ഒരു നിമിഷംകൊണ്ടകലുവാൻ :

കൊതിച്ചിട്ടൊരൊട്ടുമേതൊരപൂർവ്വ നിമിഷം.
എന്നിലെ എന്നെ ധന്യനായി മാറ്റിയ.
സുന്ദരമൊരസുലഭ വേള.

ഒട്ടുവിടരാതു വെറുതെയായി പിന്നെ
മറക്കുവാനെനിക്കാവതില്ല.
ഇതൾ തുടുത്തൊരു പുലരി മുഖം :
വീണ്ടും തെന്നിനി എന്നു കാണും?

ഇനിവരും പുലരികൾക്കുട്ടിപ്പുമേകി.
സന്ധ്യയായ് മറയുന്നു ഞാൻ
കണ്ണുനീർമുത്തുമണിയായ് വീണ്ടുമൊന്നാകിടാം......
വെറും ഒരു ആഗ്രഹം മാത്രം.......

✿



മുഹമ്മദ് അഷ്ക്കർ
III ബി.കോം.

# സ്മൃതി

ഓർമ്മയുണ്ടോ നിനക്കാ ദിനങ്ങളിപ്പോഴും
നീയെന്നാത്മാവിൻ സംഗീതമായിരുന്നു.
ഓർമ്മയിൽ നിർമ്മലമപ്പോഴും
സുഖദമാം നൊമ്പരമായിരുന്നു.
അന്തിയിൽ മുത്തശ്ശിതന്നരികിൽ
കഥകൾക്ക് കാതോർത്തു നീയും വന്നിരുന്നു.
കഥകൾക്കപ്പുറമെവിടെയും വിളക്കിന്റെ
തിരിയിൽ മിഴിനട്ട് വെറുതെ നീ നിന്നിരുന്നു.
കുളിർമേറ്റി നിന്നിലെ ഹരിചന്ദനക്കുറി
തഴുകി മടങ്ങാറുണ്ടായിരുന്നു.
ഇടനാഴിക്കപ്പുറത്തെന്നെയായ് നീയെന്നും
പതിയെ വിതുമ്പാറുണ്ടായിരുന്നു.
കരിനീലമിഴികളിലശ്രുകണങ്ങളായ് കരിമഷി
പടരാറുണ്ടായിരുന്നു.
ഉടയും കരിവളപ്പൊട്ടുകളെന്നും -
നിന്നുയിരറ്റ മോഹങ്ങളായിരുന്നു.
ഇരുളിന്റെ ഇടയിൽ വീണ സന്ധ്യയിൽനിന്നു തേ-
ങ്ങലായി നിന്നെയറിഞ്ഞിടുന്നു.
ഇനി വീണ്ടുമൊരിക്ക നീയെന്നിലിനിയും സ്മൃതിയായി
നീയെന്നിലുണരുമെന്നും.

✿

*With best compliments from..........*

Kohinoor
fashion jewellery

**Main Road, TELLICHERRY,**
**Phone: (0490) 220667,**
**Resi: (0496) 503146 (0490) 332254**

ആശംസകളോടെ.....

അക്ഷര ബുക്സ്

ടെമ്പിൾറോഡ്

മട്ടന്നൂർ

Best Compliments from........

ViiT

Computer Education

N.P. Road, IRITTY.

# ഈ സാറിനെന്തു പറ്റി ?



*റാണിപ്രിയ. എ.*
*III.B.Sc Maths*

രാവിലെ അലാറം അടിച്ചപ്പോൾ രാമചന്ദ്രമേനോൻ ഞെട്ടിയെഴുന്നേറ്റു. കോളേജിൽ പോകാൻ ഇനി മണിക്കൂറുകളേയുള്ളൂ. വേഗം കുളിച്ച്, ആഹാരം കഴിച്ച് തല ചീകുമ്പോൾ മേനോൻ ക്ലോക്കിൽനോക്കി. അതിശയം തന്നെ, പത്തുമിനിട്ട് നേരത്തെയാണ്. എല്ലാ ദിവസവും 8.30 -ന് റെഡിയാകും. ഇന്ന് മേനോന്റെ മുന്നിൽ 10 മിനിട്ട് തത്തിക്കളിക്കുന്നു. മുറിപൂട്ടി, താഴെയുള്ള വീട്ടിൽ താക്കോൽ ഏൽപ്പിക്കാൻ പോയപ്പോൾ വർക്കിച്ചേട്ടൻ പറഞ്ഞു,"ഇന്ന് മേനോൻ സാർ നേരത്തെയാണല്ലോ – എന്ത് പറ്റി? "

എല്ലാ ദിവസവും കൃത്യം സമയത്ത് ഇറങ്ങുന്ന മേനോൻ സാറിനെന്തുപറ്റി? രാവിലെ എഴുന്നേറ്റപ്പോൾ ഒരസ്വസ്ഥത. തന്നോട് തന്നെ ചോദിച്ചു. ഉത്തരം കിട്ടിയില്ല. നടക്കുമ്പോൾ പച്ചക്കറിക്കാരൻ ഗോപാലൻ പറഞ്ഞു. " എന്റെ വാച്ച് തെറ്റായിരിക്കും മേനോൻ സാറിന് തെറ്റാറില്ല."ബസ്സ്റ്റാന്റിലെത്താൻ 9 മണിയായി.വരുന്ന വഴി എങ്ങനെ കടന്നുപോയി എന്നറിയില്ല.എന്തൊക്കെയോ മനസ്സിൽ കിടന്ന് നീറുന്നു. സമയത്തെ 10 മിനുട്ട് നീട്ടി വലിച്ച് നിൽക്കുമ്പോഴാണ് എതിർ വശത്തുള്ള കോളേജ് വിദ്യാർത്ഥിനികളെ കണ്ടത്. അവരും വിചാരിച്ചു. "ഈ സാറിനിതെന്തു പറ്റി"?

ബസിനുള്ളിൽ തിക്കിത്തിരക്കി നിൽക്കുമ്പോഴും മനസ് ഒരു മുൻവിധിയുടെ ജാലകങ്ങളിൽ തട്ടിക്കൊണ്ടിരുന്നു. ഇന്ന് എന്ത് പറ്റി ? എന്തെങ്കിലും അസാധാരണമായത് ഇന്ന് സംഭവിക്കും, തീർച്ച ക്ലാസ് എടുക്കുമ്പോഴും മനസ് എവിടെയോ ആയിരുന്നു. കുട്ടികളും ചിന്തിച്ചു.' തീപ്പൊരി ക്ലാസ് നടത്തുന്ന മേനോൻ സാറിനെന്തുപറ്റി"? ഊണിന് ലഞ്ച് ബോക്സ് തുറന്നപ്പോഴേക്കും കൂടെയുള്ള അദ്ധ്യാപകർ ചിരിക്കാൻ തുടങ്ങി. "മേനോൻ സാറെ, മണിപതിനൊന്നേയായുള്ളു" അതിലൊരു രസികൻ അടുത്തുവന്നു. സാറെ കുഴപ്പം വല്ലതും.....?" ഏതായാലും ഇന്ന് ക്ലാസ് എടുക്കാനൊന്നും വയ്യ. ഹാഫ്ഡേ ലീവും എടുത്ത് നാട്ടിൽ പോകാം. എന്ന് ഉറപ്പിച്ചു. പ്രൻസിപ്പാളിന്റെ റൂമിൽ ചെന്ന് ലീവ് ആപ്ലിക്കേഷൻ കൊടുത്തു. മണി ഒന്ന് ഇരുപത് .സ്റ്റാന്റിൽ ചെന്നാൽ ലിമിറ്റഡ്സ്റ്റോപ്പ് ബസ് കിട്ടും. നാട്ടിലേക്കുള്ള ബസാണ്. വേഗം നടന്നു ബസിൽ കയറി സീറ്റിലിരുന്നപ്പോൾ ഒരാശ്വാസം.ബസ് നീങ്ങുമ്പോഴും ഒരുചിന്ത അയാളിലേക്ക് ഇരച്ചുകയറി. യുക്തിക്കപ്പുറത്തെ കാണാപ്പുറങ്ങളിൽ എവിടെയോ കാടിളക്കുന്ന കാട്ടാനയായിരുന്നു മനസ്. ബസ് ഒരു ഗട്ടറിൽ വീണ് കുലുങ്ങിയപ്പോൾ പെട്ടെന്ന് ഉണർന്നു.തന്റെ ഗ്രാമം അടുത്തുകൊണ്ടിരിക്കുന്നു. വെറുതെ പുറത്തേക്ക് നോക്കിയപ്പോൾ ഗവൺമെന്റ് ഹോസ്പ്പിറ്റലിന് മുമ്പിൽ ബാലേട്ടൻ. ! വേഗം ആ സ്റ്റോപ്പിൽ ഇറങ്ങി.

"നീ എങ്ങിനെ ഇത്രപെട്ടെന്ന് അറിഞ്ഞു. ? ഫോൺ ചെയ്യാൻ പോയതല്ലേയുള്ളൂ. നീ വേഗം വാ..." ബാലേട്ടന്റെ കൂടെ ആശുപത്രിവരാന്തയിലൂടെ ഓടുമ്പോൾ മേനോന്റെ ഉള്ളിൽ ഒരു നടുക്കം. അവിടെ ഇടയിലൂടെ നടന്നപ്പോൾ ഒരു നടുക്കം പോലെ അയാൾ കണ്ടു ! " എന്റെ അമ്മ .....എന്റെ അമ്മക്കെന്തുപറ്റി ?" ചോരയിൽ കുതിർന്ന ശരീരവും സാരിയും, കൃഷ്ണമണി നേരെനിർത്താൻ പാടുപെടുന്നു. മകനെക്കണ്ടപ്പോൾ തളർന്ന കൈകൾക്ക് ഒരിളക്കം. ആരൊക്കെയോ പറഞ്ഞു. "മോനേ ...... അതാ ഗ്ലാസിൽ വെള്ളം കൊടുക്കൂ.

" സുഖമില്ലാത്ത അമ്മായിയോട് ഒറ്റയ്ക്ക് അമ്പലത്തിൽ പോകണ്ടാ എന്നു പറഞ്ഞതാ. എതിരെ ചീറിവന്ന ലോറി...." ബാലേട്ടൻ വിതുമ്പി. തലയ്ക്കാണ് പരിക്ക്. വേണ്ടപ്പെട്ടവരെ അറിയിക്കാൻ ഡോക്ടർ പറഞ്ഞു.

"എന്നാലും നീയിങ്ങെത്തിയല്ലോ......... അമ്മായിക്ക് അവസാനമായി നിന്നെ കാണാൻ കഴിഞ്ഞല്ലോ......"

വേച്ചു വേച്ചു ബാലേട്ടന്റെ തോളിൽ തൂങ്ങി നടന്നപ്പോൾ മേനോൻ അറിഞ്ഞു. സത്യം എന്ന ഹിമഖണ്ഡങ്ങളിൽ ജ്ഞാനം വെളിച്ച മെത്തിക്കുന്നില്ല. ഇത്രയും സമയം താനനുഭവിച്ച തീ തന്നെ വെന്തുകരിക്കുന്നതായി മേനോന് തോന്നി.

ആശംസകൾ..........

# മലബാർ ആർട്സ് കോളേജ്

&

## കമ്പ്യൂട്ടർ സെന്റർ

## ഇരിട്ടി.



Courses -

SSLC,PDC,BA,BCom,MA,MCom
Tuition Classes for SSLC,+2, Longterm & Short term Computer Courses.

*With Best Compliments From........*

# THE KEEZHALLUR SERVICE CO-OPERATIVE BANK LTD.

NO. C 1455 .


Elampara. (P.O) Pin 670 595

| | | |
|---|---|---|
| Head Office : | Elampara | Ph: 471346 |
| Branch : | Keezhallur | Ph : 308628 |

**President**
*M.P. Abdul Azeez*

**Secretary**
*V.R. Bhaskaran*

# കണിമുദ്ര



രേഷ്മ
II ബി.കോം.

എൻ മനസ്സിന്റെ തേരിലേറിയൊരു
കരുണ നിറയുന്ന രാഗം.
ദിവ്യധാരയൊഴുകുന്നിതാ...
ഹൃദയതന്ത്രികളിൽ നിന്നും
കനിവുകൾ നൽകുന്ന ശക്തി.
എന്നഹത്തിലെ കറകളഞ്ഞു.
ആ അദൃശ്യമാം ശക്തിഎന്നോട്
മന്ത്രിച്ചു.
നിൻ ആത്മാവിനെ നിയന്ത്രിക്കൂ-
നിൻ ചിന്തയാം
മണ്ഡലത്തെഏകീകരിക്കൂ...
അന്നിതിൻ അർത്ഥമറിയാതെ എൻ
ആത്മാന്ധകാര തെരുവിലലഞ്ഞു
പൈശാചിക ശക്തി
എൻരക്തമൂറ്റിക്കുടിച്ചു.
ആ നിർജീവ ജഡത്തിൽ-
പ്രകാശം ചൊരിഞ്ഞു.
അന്ന് എൻ ജീവിതത്തിൽ നാഴികകല്ല്
സ്ഥാപിതമായി-
പക്ഷെ, അതൊരു കർക്കിടക
മാസത്തിൽ-
രാവിലെ കാറ്റിലും മഴയിലും
അദൃശ്യമായ്
വീണ്ടും ആ അദൃശ്യമാം ശക്തി
എൻ ആത്മാവിനെ തൊട്ടുണർത്തി
എൻ ആത്മാവോടിങ്ങനെ ചൊല്ലിനാൾ
എത്രയോ ബിംബങ്ങൾ മിന്നിമറയുന്നു.
ഏറെ അദൃശ്യമായ്- പക്ഷെ........
എത്ര കഥകളിന്നോർമ്മയിൽ തങ്ങുന്നു.

നഷ്ട വസന്തങ്ങൾ പോലെ
ഇന്ന് എൻ ആത്മാങ്കണത്തിലെ
നിശ്ചലമാം തടാകത്തിൽ
അർക്കന്റെ അജ്ഞാതമാം ശക്തിയാൽ
ഭാവനയുടെ പൂക്കൾ വിരിയുന്നു.
ഇന്ന് എൻ ആത്മാവിനെ
ആ അദൃശ്യമാം ശക്തിയുടെ
പാദാരബിന്ദുക്കളിൽ സമർപ്പിച്ചു
മന്ദമാരുതൻ എൻ ലോല തന്ത്രികളിൽ
നിന്നെ കുറിച്ചുപാടി
ഹൃദയമേളങ്ങൾ താളമിട്ടു.
മനം ആനന്ദത്താൽ തുളുമ്പി
കുഞ്ഞിക്കിളികൾ കളകളശബ്ദംമുഴക്കി
മയിലുകളാടി
പൂമഴ ഭൂമിയെ പുൽകിപുണർന്നു
ലജ്ജയാൽ അർക്കനും പോയ്മറഞ്ഞു-
കാമതൻ മുഖം പോൽ ആകാശം
കറുത്തിരുണ്ടു
ഇന്ന് എൻ ആത്മാവിഷ്കാര പൂക്കളെ
തളിരണിയിച്ചു; ജീവിതം സഫലമായ്

*With best compliments from..........*

It

Will Take

More than

Studying

In A

College

To Ensure

An

Excellent

Career

THE ANSWER

NOT THE ALTERNATIVE

*A college degree alone is not sufficient to get you a good job.It takes a good educationalists with the right know-how and infrastructure to guide you to successful future. And that's exactly what Universal has been proving for the past 23 years.By shaping the future of thousands of students. With a dedicated faculty Futuristic study materials. And job oriented courses .... So, if you'are really keen on securing a challenging career,all you've to do is enrol with us.*

★ ★ ★

# UNIVERSAL


**Rasheeda Building**

Fort Road, **Kannur -1**

Phone : 60486

Other Centers:

Trivandrum * Quilon * Mavelikkara * Kottayam *Alleppey * Eranakulam* Trichur*Palaghat*Calicut*Madras* Delhi*Dubai*



*Ganesh. A.K*
*II B.Com*

# SACHIN
# A tireless Warrior

*Sachin Tendulker is a shining star in the world, the pride of India. He has a childlike face even at the age of 25 and also has an innocent face and sweet smile, height is only 5 feet and 4intch. Always he is ready to carry the war into the enemy's camp. As soon as we hear the name. Sachin we understand then that it is cricket. In the present world another name given to crecked that is schin. Now Sachin is at the top of the cricket after the world record created by the partnership between Sachin and Ganguly. Whenever he is in crease the bowling team will be in despair and the bowler can't bowl well and he will get the taste of Sachins magic.*

*The great famous bowler Mr. Lardus, during his shining period, no batsman came in the crease without crying to the Lourd. Even Bradman was afraid to face the ball of Lardu. The famous bowlers like Million, Fowan, Gillchrist, Gihth, Paullille, Tomson Marshal, etc., to face the bowling the batsman used to cover the whole body with pads. Sometime batsman take control over bowlers. Gary Sobers made a record of sending the 6 balling in an over the bountries in an English County. Ravi Shatri too had made the same performance in the Renji Trophy once Shane Warne said that Sachin is equil to Bradman because Sachin has many planned idea which help him to beat the opposit team. Self Control is the great advantage of Sachin Tendulker. Even when his storm begins to blow over the bowling team, he is fully aware of his team. The atacking overs of Sachin the famious cricketors like Vivan Richards. Laro etc are wiped away. On 1998 July 7th final day of Sri Lanka Independence Cups, Sachin and Ganguly created a new record of 225 run from the openers of Kenya on 1997 Oct. 10 because a stale story Sachin reached at the same position of Dimod Hains by 17 Centuries in his journey he added 7000 runs in one day matchs and became the 5th batsman scoring 7000 runs. Others standing before him are, Hains (8688) Ashar (8285) A. Disilva (7605) Miyandad (7381) For his wonderful performance during 97-98 he received Rajiv Gandhi Khel Ratna for the fine show. Going through his career as a cricketor, we can surely say that Sachin is not only a star batsman but also a good allrounder. Let us wait to see the storm coming out of his magic hat. At present Sachin has scored 7070 runs in oneday matchs.*

ആശംസകളോടെ..........

സ്ഥാപിതം 1946

# മട്ടന്നൂർ കോ-ഓപ്പറേറ്റീവ് റൂറൽ ബേങ്ക് ലിമിറ്റഡ്

നമ്പർ എഫ്. 1228, മട്ടന്നൂർ.670 702

ഹെഡ്ഡാഫീസ്, മട്ടന്നൂർ. ഫോൺ : 471227

സഹകരണമേഖലയിൽ ഒരു ക്ലാസ്സ് Ist സ്പെഷ്യൽ ഗ്രേഡ് ബാങ്ക്

ശാഖകൾ :


1. പ്രധാന ശാഖ : മട്ടന്നൂർ ഫോൺ : 471227
2. എടയന്നൂർ (ചാലോട്) ഫോൺ ; 484556
3. ഉളിയിൽ " 491140
4. ശിവപുരം " 400510
5. ഉരുവച്ചാൽ
6. സായാഹ്നശാഖ, മട്ടന്നൂർ 471127

ഞങ്ങളുടെ സായാഹ്നശാഖയിൽ ലോക്കർ സൗകര്യം ലഭ്യമാണ്.

സെക്രട്ടറി
ബാലകൃഷ്ണൻ പന്നിയോടൻ,

പ്രസിഡണ്ട് കെ.പി.
പ്രഭാകരൻ

# വെള്ളായിയപ്പന്റെ യാത്ര



തോമസ് .ടി.ജെ
II BCom

വെള്ളായിയപ്പൻ യാത്ര പുറപ്പെടുമ്പോൾ വീട്ടിൽ നിന്നും കൂട്ട നിലവിളിയുയർന്നു. വെള്ളായിയപ്പൻ കണ്ണൂർക്ക് പോവുകയാണ്. തീവണ്ടികയറാൻ പണമുണ്ടായിരുന്നെങ്കിൽ അമ്മിണിയേടത്തിയും മുത്തു വണ്ണനും കൂടെ വന്നേനെ.

വെള്ളായിയപ്പൻ കുടിയിരുപ്പുകൾ വിട്ട് നെടുവരമ്പത്തു കൂടി പാടം മുറിച്ചുകടന്നു. ചവിട്ടടിപാതയ്ക്കിരുവശവും നിന്ന കരിമ്പനകളിൽ കാറ്റു പിടിച്ചു. പട്ടകളിൽ കാറ്റിരമ്പുന്നത് അന്നാദ്യമായി വെള്ളായിയപ്പന് അപരിചിതമായി തോന്നി. കിളിമാർക്കു കുടയുടെ പരസ്യമുള്ള തുണിസഞ്ചിയിൽ പൊതിഞ്ഞുപിടിച്ച പൊതിച്ചോറിന്റെ കനത്തിനനവ് കയ്യിൽ തട്ടി. തന്റെ ഭാര്യ പാറു പൊതിച്ചോറു കെട്ടിയപ്പോൾ അതിലേക്ക് ഒരു പാട് കണ്ണുനീർ വാർത്തിരിക്കണം.

" ദെയിവങ്ങളേ...... " വെള്ളായിയപ്പൻ വിളിച്ചു.

തീവണ്ടിയാപ്പീസിലെത്താൻ ഇനിയും മൂന്ന് ഫർലോംഗ് നടക്കണം. കുറച്ചു നടന്നപ്പോൾ അവുക്കാദർ മാപ്പിള എതിരെ വരുന്നു.

" വെള്ളായിയേ " മാപ്പിള വിളിച്ചു.

"ദയ്ക്കാരേ" അന്തമാത്രം

വെള്ളായിയപ്പൻ യാത്ര തുടർന്നു. വഴിയിൽ പിന്നെയും ഒരിമുലച്ചി അലക്കുകാരി നീലി. അലക്കിയ തുണികളുടെ കെട്ട് ചുമലിൽ ഏറ്റി എതിരെവന്ന നീലി വഴിമാറി നിന്നു. കണ്ണുകളിൽ സാന്ത്വനത്തിന്റെ നനവ്. വെള്ളായിയപ്പൻ നടന്നുകൊണ്ടിരുന്നു. പാതയോരത്തെ കരിയിലകൾ അടക്കം പറഞ്ഞു. ദൂരെ വളവിൽ വഴിവക്കിലെ മരങ്ങളുടെ ഇരുണ്ട പച്ചയിൽ വഴി നഷ്ടപ്പെടുന്നു.

തീവണ്ടിയാപ്പീസിലെത്തിയ വെള്ളായിയപ്പൻ ടിക്കറ്റു വാങ്ങാൻ വരിയിൽ നിന്നു. ഉടുമുണ്ടിന്റെ കോന്തലയഴിച്ച് പണം പുറത്തെടുത്തു.

"ഒർ കണ്ണൂര് "

ഗുമസ്തൻ കൈനീട്ടി പണം വാങ്ങി. ചതുരാകൃതിയിലുള്ള ടിക്കറ്റ് കൈയിൽ കിട്ടിയപ്പോൾ യാത്രയിലെ ഒരു ഘട്ടം താണ്ടിക്കഴിഞ്ഞതുപോലെ വെള്ളായിയപ്പന് തോന്നി.

ബെഞ്ചിന്റെ ബാക്കിയുണ്ടായിരുന്ന സ്ഥലത്ത് അയാൾ ഇരിപ്പുറപ്പിച്ചു. അടുത്തിരുന്ന കാരണവർ ചോദിച്ചു

" കോയമ്പത്തൂർക്കാ?"

"കണ്ണൂർക്ക് " വെള്ളായിയപ്പൻ പറഞ്ഞു.

" ഓ കണ്ണൂര് എട്ടുമണിയാകും"

വെള്ളായിയപ്പൻ ഒന്നും മിണ്ടിയില്ല

" കണ്ണൂര് എന്താ പണി ?"

"വിചാരിച്ച് ഒന്നുല്ല. വെറുതെ"

അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയർ പോലെ തന്നെചുറ്റിവരിയുന്നതായി വെള്ളായിയപ്പന് തോന്നി.കോയമ്പത്തൂർക്കുള്ള വണ്ടി വന്നു. വെള്ളായിയപ്പൻ തനിച്ചായി. തുണിസഞ്ചിയിൽ നിന്നും മുറുക്കാൻ പൊതിയെടുത്ത് സാവധാനം തുറന്നു. പിന്നെഎന്തോ ഓർമിച്ചിട്ടെന്നപോലെ അത് അടച്ചു വച്ചു.

മനസ്സിൽ കടലിരമ്പി. എവിടെയും ഉറച്ചു നില്ക്കാത്ത കാഴ്ചകൾ . അപരിചിതമായ ശബ്ദങ്ങൾ. അങ്ങനെയിരുന്ന് ഉറങ്ങി. ഉറക്കത്തിൽ കിനാവു കണ്ടു." കേളുഏട്ടന്റെ മകനേ....." സ്ഥലകാലക്രമങ്ങളില്ലാതെ വെള്ളായിയപ്പൻ നിശ്ശബ്ദമായി നിലവിളിച്ചുകൊണ്ടിരുന്നു.

തീവണ്ടിയുടെ ചൂളം വിളിയും ചീറ്റലും വെള്ളായിയപ്പനെ ഉണർത്തി. അയാൾ തട്ടിപ്പിടഞ്ഞെണീറ്റു. ടിക്കറ്റ് മടിക്കുത്തിലുണ്ട് എന്നുറപ്പുവരുത്തി. പതിയെ വണ്ടിയിലേക്ക് നടന്നു. ഒടുവിൽ കണ്ടിടത്തേയ്ക്ക് കയറാൻ തുനിഞ്ഞു.

" കണ്ണൂർക്ക് തന്നല്ലേ?"

" ഇത് ഒന്നാം ക്ലാസ്സാണ് കാർന്നോരേ"

"തന്നെ?"

"അപ്പുറത്തു നോക്കിക്കോളൂ..."

അപരിചിതമായ മുഖങ്ങൾ എല്ലാം അപരിചിതം തന്നെ. ഇപ്പോൾ പരിചിതവും അപരിചിതമായി തോന്നുന്നു.

ഒടുവിൽ ഒരു മൂന്നാം ക്ലാസ്സ് മുറിയിൽ കയറിക്കൂടി.

ഇരിക്കാനിടമില്ല. സാരമില്ല, പിടിച്ചു നിൽക്കാം. തനിയ്ക്കുറക്കണ്ട. ഈ രാത്രിയിൽ തന്റെ മകൻ ഉറക്കമിളയ്ക്കുന്നു.

കിഴക്കൻ ചക്രവാളത്തിൽ ആദ്യത്തെ തുടിപ്പുകൾ ഉണരുന്നതിനുമുമ്പേ കണ്ണൂരിലെത്തി. അപ്പോഴും കെട്ടഴിക്കാത്ത പൊതിച്ചോറ് കയ്യിലുണ്ടായിരുന്നു. വെള്ളായിയപ്പൻ തീവണ്ടിയാപ്പീസിന് പുറത്തുകടന്നു.

" ജയിലിലേയ്ക്ക് ഏതാ വഴി?"

മറുപടി ഒരു കുട്ടച്ചിരിയായിരുന്നു. ഇതാ ഒരു കിഴവൻ നേരം പുലരുന്നതിന് മുമ്പേ ജയിലിലേയ്ക്കുള്ള വഴി തേടുന്നു.

" കാർന്നോരേ കട്ടാൽ മതി ജയിലിലെത്താം"

അപരിചിതരുടെ സ്വരം ചെവിയിൽ നിറഞ്ഞു. ഒടുവിൽ ആരോ പറഞ്ഞുകൊടുത്ത വഴിയിലൂടെ വെള്ളായിയപ്പൻ നടന്നു. ജയിലിന്റെ പടിക്കൽ പാറാവുകാരൻ വെള്ളായിയപ്പനെ തടഞ്ഞുനിർത്തി.

"നേരം പുലരുന്നതിനുമുമ്പെങ്ങോട്ടാ?"

വെള്ളായിയപ്പൻ തേങ്ങി. ഒരു കൊച്ചുകുട്ടിയുടെ നിസ്സഹായതയോടുകൂടി അയാൾ പാറാവുകാരന്റെ മുമ്പിൽ നിന്നു. എന്നിട്ട് പതിയെ മുണ്ടിന്റെ കോന്തലയഴിച്ച് മഞ്ഞനിറത്തിലുള്ള ഒരു കടലാസ് പുറത്തെടുത്തു.

" എന്താണിത്?"

പാറാവുകാരന്റെ മുഖം ചുളിഞ്ഞു.

" എന്റെ കുട്ടി ഇവ്ടെ ഉണ്ടു"

" ഈ പുലർച്ചെ ആരാ വരാമ്പറഞ്ഞത് ? ആപ്പീസ് തുറക്കട്ടെ"

പാറാവുകാരൻ പരുക്കനായി പറഞ്ഞു.

ഏതോ ഒരു ശീലത്തിന്റെ സ്വാധീനത്താൽ പാറാവുകാരൻ കടലാസ് നിവർത്തിനോക്കി. അയാളുടെ മുഖം പൊടുന്നനെ കനിവുറ്റതാവുന്നത് വെള്ളായിയപ്പൻ കണ്ടു.

" നാളെയാണ് അല്ലേ?"

" എയ്ക്ക് പിടീല്ല" വെള്ളായിയപ്പൻ മുഖം പൊത്തിക്കരഞ്ഞു.

പാറാവുകാരൻ കടലാസ് ഒന്നുകൂടി ശ്രദ്ധിച്ചു" അതെ, നാളെ രാവിലെ അഞ്ചുമണിക്ക്"

വെള്ളായിയപ്പന്റെ കണ്ണുകൾ സജലങ്ങളായി. അവയിൽ ദൈന്യത ഓളം വെട്ടി

"അവിടെയിരുന്നോളൂ...... ആപ്പീസ് തുറക്കട്ടെ"

പാറാവുകാരന്റെ സ്വരത്തിൽ സാന്ത്വനം

മരവിച്ച തണുപ്പ് പുതച്ചിരിക്കുന്ന സിമന്റ് ബെഞ്ചിലേക്ക് വെള്ളായിയപ്പൻ ചാരിയിരുന്നു.

ചുമരിലെ ഇലക്ട്രിക്ബൾബിനു ചുറ്റും പാറി നടന്നിരുന്ന പേരറിയാത്ത അനേകം ഷഡ്പദങ്ങളിലൊന്ന് ചിറകറ്റ് മടിയിലേയ്ക്ക് വീണു. അതിനെ ഞെരിച്ചുകൊല്ലാൻ കൈയുയർത്തിയതാണ്. പിന്നെ ഒരുൾപ്രേരണയിലെന്നോണം കൈ പിൻവലിച്ചു.

പുറത്തു മഞ്ഞു പെയ്യുന്നുണ്ടെങ്കിലും തണുപ്പ് തോന്നിയില്ല. ഒരു നുറുങ്ങു വെളിച്ചവുമായി ഒരു മിന്നാമിനുങ്ങ് അയാൾക്കരികിൽ വന്നിരുന്നു ; പിന്നെ അനന്തതയിലെവിടേയ്ക്കോ പറന്നുപോയി. പുറത്തെ കോണിഫറസ്സിന്റെ ഇലയിൽ നിന്നും ഒരു മഞ്ഞുതുള്ളി ഒട്ടേറെ വിസമ്മതത്തോടെ താഴെ ഈർപ്പമാർന്ന മണ്ണിലേയ്ക്കു വീണു. സോഡിയംവേപ്പറിന്റെ പ്രകാശത്തിൽ പുറത്തെ മണൽത്തരികൾ തിളങ്ങി.

തന്റെ മകൻ ഈ രാത്രിയിൽ ഉറങ്ങിയിട്ടുണ്ടാവില്ല. വെള്ളായിയപ്പന്റെ ചുളിഞ്ഞ കൈപ്പടം പൊതിച്ചോറിലമർന്നു. മകനേ, ഇത് നിന്റെ അമ്മ എനിക്കുവേണ്ടി തന്നതാണ്. യാത്രയിൽ ഇതുകഴിക്കാതെ ഇവിടെവരെയെത്തി. ഇനി നിനക്കുതരാൻ ഇതുമാത്രമേ എന്റെ കയ്യിലുള്ളൂ.

ഒരു പോലീസുകാരന്റെ കറുത്തുമിന്നുന്ന ബൂട്ടുകൾ സിമന്റ് തറയെ താളാത്മകമായി അളന്നുമുറിച്ചു കടന്നുപോയി. ഘടികാരത്തിന്റെ സ്പന്ദനംപോലെയുള്ള ആ ശബ്ദം അടുത്തു വന്നപ്പോൾ വെള്ളായിയപ്പൻ ചിന്തയിൽനിന്നുണർന്നു. നിയോൺബൾബുകളുടെ പ്രകാശബിന്ദുക്കളുമായി ബൂട്ടുകൾ അകന്നുപോകുന്നത് കണ്ടുകൊണ്ടയാൾ നിർവ്വികാരനായി ഇരുന്നു.

പതിയെ നേരം വെളുത്തു. ആപ്പീസ് തുറന്നു. ആളുകൾ മേശയ്ക്കുപുറകിൽ സ്ഥാനം പിടിച്ചു. വെയിലിന് ചൂടു കൂടുന്നു. നീണ്ട കാത്തിരിപ്പിനുശേഷം ഒരു പാറാവുകാരൻ വെള്ളായിയപ്പനെ പഴമയുടെ ജീർണ്ണഗന്ധം നിറഞ്ഞു നിൽക്കുന്ന ജയിലിലെ ഇരുളിലേയ്ക്ക് കൂട്ടിക്കൊണ്ടു പോയി.

" ഇതാ ഇവിടെയാണ്".

ഒട്ടുമുക്കാൽഭാഗത്തും തുരുമ്പ് ആധിപത്യം സ്ഥാപിച്ച ഇരുമ്പഴികൾക്കുപിന്നിൽ കേളുണ്ണി നിൽക്കുന്നു. ഒരു അപരിചിതനെപ്പോലെ കേളുണ്ണി അച്ഛനെ നോക്കി. സാന്ത്വനം കൊടുക്കുകയോ വാങ്ങുകയോ ചെയ്യാനാവാത്ത മനസ്സിന്റെ നിസ്സഹായാവസ്ഥ.

പാറാവുകാരൻ അഴിവാതിൽ തുറന്ന് വെള്ളായിയപ്പനെ അകത്തുപ്രവേശിപ്പിച്ചു. അച്ഛനും മകനും തെല്ലുനേരം

മുഖത്തോടു മുഖം നോക്കിനിന്നു. കേളുണ്ണിയുടെ ഉള്ളിൽ നിന്നും ഒരു നെടുവീർപ്പുയരുന്നതും അത് തന്നെയാകെ പൊതിയുന്നതും വെള്ളായിയപ്പനറിഞ്ഞു. അയാൾ ഒരു വിതുമ്പലോടെ മകനെ കെട്ടിപ്പിടിച്ചു.

" മോനേ....." ശബ്ദത്തിന് ധ്രുവങ്ങൾക്കപ്പുറത്തുനിന്നുമുള്ള ശൈത്യവും വിറയലുമുണ്ടായിരുന്നു.

"അപ്പാ.." കേളുണ്ണിയുടെ വിളിയിൽ എല്ലാ നിഗൂഢതകളും ചോർന്നുപോകുന്നതായി വെള്ളായിയപ്പന് തോന്നി.

" മോനേ, നീ എന്താണ് ചെയ്തത്?"

" എനിക്കറിയില്ലപ്പാ"

" മോനെ, നീ ആരെയെങ്കിലും..... ?"

" എനിക്കോർമ്മയില്ലപ്പാ"

" സാരമില്ല മോനേ, ഇനിയൊരിക്കലും നിനക്ക് ഒന്നും ഓർമ്മിക്കേണ്ടതായി വരില്ല" തേങ്ങലുകൾക്കിടയിൽപ്പെട്ട് വാക്കുകൾ ചതഞ്ഞു.

" അപ്പാ, എന്നെ തൂക്കികൊല്ലാൻ സമ്മതിക്കരുതേ" കേളുണ്ണി നിലവിളിച്ചുകൊണ്ട് അച്ഛനെ കെട്ടിപ്പിടിച്ചു.

വെള്ളായിയപ്പന് വാക്കുകൾ കിട്ടിയില്ല. ശബ്ദം തൊണ്ടയിൽക്കുരുങ്ങി. വാചകങ്ങൾക്കിടയിലെ ശൂന്യമായ വിടവിലൂടെ മൗനം ഇരച്ചുകയറി. പിന്നെ നിമിഷങ്ങളോളം എല്ലായിടവും നിറഞ്ഞു പതഞ്ഞു തുളുമ്പി നിന്നു.

" കാർന്നോരേ, പുറത്തുവരൂ... സമയം കഴിഞ്ഞു." പാറാവുകാരൻ.

വെള്ളായിയപ്പൻ പുറത്തു കടന്നു. പിന്നിൽ ഇരുമ്പു വാതിൽ ഒരുണരക്കത്തോടെ അടഞ്ഞു.

വെള്ളായിയപ്പൻ ജയിലിന് പുറത്തുവന്നു. ടാർ നിരത്തിൽ വെയിൽ തിളച്ചുതൂവി. ഉള്ളിലെ പ്രവാഹം അയാളെ എവിടേയ്ക്കോ നയിച്ചു. തലച്ചോറിനുള്ളിൽ പടയോട്ടം നടക്കുകയായിരുന്നു. കുതിരകൾ.... തേരുകൾ.....ആനകൾ... പടച്ചട്ടയും ഉരുക്കു തൊപ്പിയുമണിഞ്ഞ പടയാളികൾ..... അവരുടെ പക്കൽ എണ്ണിയാലൊടുങ്ങാത്ത ആയുധങ്ങൾ.....

പൊടുന്നനെ ഇടിവെട്ടി. ഇരുട്ടു പെയ്തു. വെള്ളായിയപ്പനു ചുറ്റും ഇരുട്ട് ഓളം തല്ലി നിന്നു. ഈ രാത്രി കേളുണ്ണി ഉറങ്ങുമോ? അയാൾ വെറും മണ്ണിൽക്കിടന്ന് ആലോചിച്ചു.

രാക്കിളികൾ ചിലച്ചു. എവിടെയോ നായ്ക്കൾ ഓലിയിടുന്നു. പാതിരാക്കോഴിയുടെ നീട്ടിയുള്ള കൂവൽ. ചീവീടുകളുടെ കരച്ചിൽ. മുകളിലാകാശത്തു വിരിഞ്ഞിരിക്കുന്ന ആയിരം നക്ഷത്രപ്പൂക്കളെ കാർമേഘം വന്നുമറച്ചു. പുലർച്ചയ്ക്ക് കോഴികൂവുന്നത് കേട്ടു. തന്റെ മകൻ ഇപ്പോൾ പിടഞ്ഞു തീർന്നിരിക്കണം. ദുരൂഹമായ നിലവിളികൾ മണ്ണിൽനിന്നും മുളച്ചുപൊന്തുന്നതായി വെള്ളായിയപ്പന് തോന്നി. അയാൾ ചാടിയെഴുന്നേറ്റു.

തകർന്നുനുറുങ്ങിയ ഹൃദയവുമായി മകന്റെ മൃതദേഹം വെള്ളായിയപ്പൻ ഏറ്റുവാങ്ങി. വാടിയ താമരത്തണ്ടു പോലെ നിശ്ചലമായ ശരീരം. വല്ലാത്തൊരു വിറയൽ ശരീരത്തിലാകമാനം ബാധിച്ചു.

'അപ്പാ......" കരച്ചിലിന്റെ വക്കോളമെത്തിയ ഒരു വിളി അവിടെയാകെ മാറ്റൊലിക്കൊള്ളുന്നത് വെള്ളായിയപ്പൻ അറിഞ്ഞു. ഉള്ളിൽ ഒരു മഞ്ഞുമല വന്നു നിറയുന്നതായുംഎവിടെയെല്ലാമോ വിങ്ങിത്തകരുന്നതായും അയാൾക്കുതോന്നി.

" കാരണവരുടെ താൽപര്യമനുസരിച്ച് സംസ്കരിക്കാം"

"എനിയ്ക്ക് ഒരു താൽപര്യവുമില്ല."

" ശവത്തിന്റെ ചുമതല നിങ്ങൾ ഏൽക്കുന്നില്ലേ?"

" എമാനേ, എന്റെ കൈയിൽ കാശില്ല"

മൃതദേഹം കയറ്റിയ ഉന്തുവണ്ടിയുടെ പിന്നാലെ വെള്ളായിയപ്പൻ നടന്നു.പട്ടണത്തിനുപുറത്തുള്ള വെളിമ്പ്രദേശങ്ങൾക്കുമുകളിൽ കഴുകൻമാർ വന്യമായ ആവേശത്തോടെ വട്ടമിട്ടു പറന്നു.

മണ്ണു മൂടുന്നതിനു മുമ്പ് മകന്റെ മുഖം വെള്ളായിയപ്പൻ ഒരുനോക്കുകണ്ടു. കണ്ണീർപ്പാട കാഴ്ച മറച്ചു. ഒരുപിടി മണ്ണു വാരി കുഴിയിലിട്ടു. കവിളിലേയ്ക്ക് ഒലിച്ചിറങ്ങിയ കണ്ണുനീർ പുറംകൈകൊണ്ട് തുടച്ചു. തിരിഞ്ഞു നോക്കാതെ നടന്നു. എത്തിയത് കടപ്പുറത്താണ്. ആദ്യമായി കടൽ കാണുന്നതുപോലെ അല്പസമയം നിന്നു. പിന്നെ പൊതിയഴിച്ചു. അന്നം നിലത്തേയ്ക്കെറിഞ്ഞു.

വെയിലിന്റെ ശൂന്യമായ മുകൾത്തട്ടിലെവിടെനിന്നോ ബലിക്കാക്കകൾ അന്നം കൊത്താൻ ഇറങ്ങിവന്നു.

കടൽ ഒരാവേശമായി വെള്ളായിയപ്പനിൽ അലയടിക്കുവാൻ തുടങ്ങി. കടൽ വെള്ളായിയപ്പനിലേയ്ക്കോ..... വെള്ളായിയപ്പൻ കടലിലേയ്ക്കോ..... ചുരുങ്ങി... ചുരുങ്ങി...

ഹുങ്കാരത്തോടെ ഒരു വലിയ തിര പതഞ്ഞുയർന്ന് തീരത്തേയ്ക്കു പാഞ്ഞു കയറി.

WIH BEST COMPLIMENTS FROM...............

# ARALAM SERVICE
# CO. OPERATIVE
# BANK LTD
# NO. F. 1515
## P. O. ARALAM - 670 704

PRESIDENT
M.M VARKEY

SECRETARY
A. K CHACKO

# College Day Celebrations



College day Inauguration



College Report

Welcome



Presidential Address



Felicitations



Inauguration Speech



Union Report





# മഹാത്മാഗാന്ധി കോളേജ്, ഇരിട്ടി

## അഭിപ്രായ സർവ്വേ ~ '98

വിദ്യാഭ്യാസം വ്യക്തിയുടെ സമഗ്രമായ
വളർച്ചയ്ക്ക് ഉപയുക്തമാകേണ്ടതാണ്.
പ്രസക്തമായ പ്രശ്നങ്ങളോടുള്ള
പ്രതികരണവും വിദ്യാഭ്യാസ പ്രക്രിയയുടെ
ഭാഗമാണ്. പാഠ്യ പാഠ്യേതര
വിഷയങ്ങളിലുള്ള വിദ്യാർത്ഥികളുടെ
സജീവതാല്പര്യവും കാഴ്ചപ്പാടുകളും
മനസ്സിലാക്കുവാനും അവരുടെ
വൈയക്തികവും സാമൂഹികവുമായ
വശങ്ങളെക്കുറിച്ച് ഉൾക്കാഴ്ച ലഭിക്കുവാനും
വിദ്യാഭ്യാസപ്രക്രിയയുടെ
ഗുണപരമായ വികാസത്തിനായുള്ള
നിർദ്ദേശങ്ങൾ ലഭിക്കുവാനുമായി
ഒരു
ചോദ്യാവലി വിദ്യാർത്ഥികളുടെ
ഇടയിൽ വിതരണം ചെയ്തു.
അവയോടുള്ള പ്രതികരണം
സജീവവും രസകരവുമായിരുന്നു.

ഉന്നതമായ പോലെ സമ്പന്നമല്ല ആരു ടെയും സാമ്പത്തിക പശ്ചാത്തലം എന്നാണ് ഭൂരി പക്ഷത്തിന്റെയും. എന്നാൽ പറയത്തക്ക ബുദ്ധി മുട്ടുകൾ ഒന്നും അനുഭവിച്ചിട്ടില്ല. എന്നാൽ സീനിയർ വിദ്യാർത്ഥികളുടെ ഭാഗത്തുനിന്നുള്ള റാഗിങ്ങ് ഭയന്നിരുന്നു എന്നും പലരും പ്രകടിപ്പിച്ചിട്ടുണ്ട്.

മറ്റു കോളേജുകളെ അപേക്ഷിച്ച് ഈ കോളേ ജിൽ കുറച്ചുകൂടി മാന്യമായ അന്തരീക്ഷമാണുള്ള ത് എന്നാണ് എല്ലാവരുടെയും അഭിപ്രായം. ആദ്യവർഷ ക്ലാസ്സിലുള്ള അദ്ധ്യാപകരെക്കുറിച്ചും നല്ല അഭിപ്രായം. അദ്ധ്യാപക വിദ്യാർത്ഥി ബന്ധത്തെക്കു റിച്ചും പലരും എടുത്തു പറഞ്ഞിട്ടുണ്ട്. കോളേജി നെക്കുറിച്ചുള്ള അഭിപ്രായത്തിൽ 'സ്വാതന്ത്ര്യം' എന്ന പദമാണ് ആവർത്തിക്കപ്പെട്ടത്. ഭൂരിപക്ഷം പേരും പ്രതികരിച്ചിട്ടുള്ളത്. കുറച്ചുകൂടി സ്വാതന്ത്ര്യം വേണം എന്ന അഭിപ്രായക്കാരാണിവർ. "സ്കൂളിൽ നിന്നും കോളേജിൽ എത്തി. വീണ്ടും സ്കൂളിൽ തന്നെ എത്തിയ പ്രതീതിയാണ് ഉണ്ടായത്." എന്നായിരുന്നു ഒരു II DC ക്കാരന്റെ അഭി പ്രായം.

ഭാവിയിൽ ആരായിത്തീരാൻ ആഗ്രഹി ക്കുന്നു എന്ന ചോദ്യത്തിന് വൈവിധ്യമാർന്ന പ്രതി കരണമാണ് ലഭിച്ചത്. സമൂഹത്തിന്റെ നന്മ മാത്രം കാംക്ഷിക്കുന്ന ഒരു നിയമപാലകനാകാൻ ഒരു ഞാനാം വിദ്യാർത്ഥിയുടെ ആഗ്രഹം. ആർക്കും ബാദ്ധ്യതയാ കാതെ ഒരു നല്ല പൗരനാവാനും, കോളേജ് അദ്ധ്യാപകനാവാനും, ഒരു ടൂറിസ്റ്റ് ഗൈഡാവാനും ആഗ്രഹിക്കുന്നവരുമുണ്ട്. "കാണുന്ന സ്വപ്നങ്ങൾ എല്ലാം നടന്നിരുന്നെങ്കിൽ കാലത്തിൻ കല്പനയ്ക്കൊന്നു ...ല്ല" എന്ന സിനിമാഗാനത്തിന്റെ വരികളിൽ നമ്മുടെ ലക്ഷ്യവും "ആഗ്രഹമാണല്ലോ ദുഃഖ ത്തിന്റെയും അടിസ്ഥാന കാരണം" എന്ന ശ്രീബു ദ്ധന്റെ ആപ്തവാക്യത്തിൽ പിടിച്ചുതൂങ്ങിയവരും ഉണ്ട്. വിദ്യാഭ്യാസം കൊണ്ടും അതിനുവേണ്ടി മുടക്കിയതും തിരിച്ചെടുക്കാനെങ്കിലും എളുപ്പമായിൽ ചെയ്യുവാനും ആഗ്രഹമുള്ള വിദ്യാർത്ഥികളുമുണ്ട്. പ്രതി ഭയാണ് ആഗ്രഹിച്ചവരും എന്നാൽ രാഷ്ട്രീയമോ നിലപാടോ എന്തു ജോലിയും ചെയ്യുവാനും ആഗ്ര ഹിക്കുന്നവരുമുണ്ട്. ഈ കോളേജിന്റെ പ്രിൻസി പ്പാൾ ആകാനാണ് ഒരു വിദ്യാർത്ഥിന്റെ ആഗ്രഹം എങ്കി ലും വേറെ അദ്ധ്യാപകൻ എന്നിങ്ങനെ തനി ...ലം ആഗ്രഹങ്ങളിൽ നിന്നും ഒന്നു വേറിട്ട ... കഴിയാതെ നട്ടംതിരിയുന്നവരുമുണ്ട്. കോളേ ജിലെ പഠനംകൊണ്ട് മാത്രം ജീവിതവിജയം നേടി യെടുക്കാൻ കഴിയുകയില്ല എന്നാണ് ഭൂരിപക്ഷം

പേരുടെയും അഭിപ്രായം. ജീവിതവിജയം നേടി യെടുക്കാൻ സഹായിക്കുന്നത് ഒരു ചലിപ്പിക്കാൻ അവ നാണ്. ക്യാമ്പസ് ജീവിതം അവന്റെ ചുറ്റുപാടുകളിൽനി ന്നാണ് ലഭിക്കുന്നത്. കോളേജിലെ പഠനം അതി ലുപരിയായുള്ള ഒരു സഹായം മാത്രമേ ആകുന്നു ള്ളൂ. പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ഒരുപോലെ സമന്വയിപ്പിക്കാൻ കോളേജിലെ പഠനം സഹായ കമായാൽ സമൂഹത്തിൽ ഒരു നല്ല സ്ഥാനം നേടി യെടുക്കാൻ സാധിക്കും എന്ന് അഭിപ്രായപ്പെട്ടവരും ഉണ്ട്.

കോളേജിലെ അദ്ധ്യാപനരീതിയെക്കുറിച്ച് അഭിപ്രായം ആരാഞ്ഞപ്പോൾ ബഹുഭൂരിപക്ഷം പേരും കഠിനാധ്വാനം ചെയ്യുന്ന ഒരുപറ്റം അദ്ധ്യാ പകരുടെ ചിത്രമാണ് വരച്ചുകാട്ടിയത്. അദ്ധ്യാപന ത്തിന്റെ വ്യത്യസ്തമായ ശൈലികൾ ഉൾക്കൊ ള്ളാൻ സാധിക്കാത്ത ഒരു കൂട്ടം വിദ്യാ ർത്ഥികളെയും കണ്ടു.

കലാലയ രാഷ്ട്രീയത്തെക്കുറിച്ചുള്ള അഭി പ്രായം ആരാഞ്ഞപ്പോൾ ജനാധിപത്യയുഗത്തിൽ ജനാധിപത്യത്തിന്റെ ഭാവിവാഗ്ദാനങ്ങളാവേണ്ട വിദ്യാർത്ഥികൾക്ക് കലാലയരാഷ്ട്രീയം അനിവാ ര്യമാണ് എന്നാണ് ഭൂരിപക്ഷത്തിന്റെയും അഭിപ്രാ യം. 18 വയസ്സ് പൂർത്തിയായവർക്ക് വോട്ടവകാശ മുള്ള നമ്മുടെ രാജ്യത്ത്, കൂടുതലും 18 വയസ്സിനു മേൽ പ്രായമുള്ളവർ പഠിക്കുന്ന കോളേജുകളിൽ രാഷ്ട്രീയ പ്രവർത്തനം ഒഴിവാക്കാനാവാത്തതാണ്. റാഗിങ് പോലെയുള്ള ക്രൂരവിനോദങ്ങൾക്ക് ത ടയിടുവാനും, വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾക്ക് പരി ഹാരം കാണുന്നതിനും വിദ്യാർത്ഥി പ്രസ്ഥാന ങ്ങൾക്ക് മാത്രമേ സാധിക്കുകയുള്ളൂ. എന്നാൽ ഇന്നത്തെ കലാലയ രാഷ്ട്രീയം അതിന്റെ സ്വഭാവം പാലിക്കുന്നുണ്ടോ എന്ന് പലർക്കും സംശയം.

ചുറുചുറുക്കുള്ള ഒരു പറ്റം വിദ്യാർത്ഥി നേതാക്കൾ എന്നാണ് നമ്മുടെ കോളേജിലെ വിദ്യാർത്ഥി നേതൃത്വത്തെപ്പറ്റി ഭൂരിപക്ഷം കുട്ടികളും അഭിപ്രായപ്പെട്ടത്. എല്ലാ പ്രശ്നങ്ങളിലും വിദ്യാർത്ഥികളോടൊപ്പം നിൽക്കുമെങ്കിലും ചില രെങ്കിലും സ്വന്തം കടമകളിൽ നിന്നും വ്യതിച ലിക്കുന്നുണ്ടോയെന്ന് ഒരു വിഭാഗത്തിന് സംശയം.

നമ്മുടെ കോളേജിന്റെ വികസനത്തെക്കുറി ച്ചുള്ള നിർദ്ദേശങ്ങൾ ആരാഞ്ഞപ്പോൾ കൂടുതൽ വിദ്യാർത്ഥികളും വാചാലരായി. പുതിയ കോഴ്സു കൾ ആരംഭിച്ച് കോളേജ് വികസിപ്പിക്കണമെന്നാണ് ഭൂരിപക്ഷത്തിന്റെയും അഭിപ്രായം. ലൈബ്രറി സൗകര്യം വർദ്ധിപ്പിക്കുക, കോ-ഓപ്പറേറ്റീവ് സ്റ്റോർ ആരംഭിക്കുക, കോളേജ് കാന്റീൻ ആരംഭിക്കുക

എന്നീ നിർദ്ദേശങ്ങളുമുണ്ട്. പടർന്നു പന്തലിച്ച ഗുൽമോഹറും അതിന്റെ ചുവട്ടിലെ ആമ്പൽകുളവുമൊക്കെ ഒരു അവസാന വർഷ ഡിഗ്രിക്കാരന്റെ വിദൂര സ്വപ്നം മാത്രം.

കോളേജിൽവച്ച് മറക്കാനാവാത്ത രീതിയിലുള്ള സംഭവങ്ങൾ പലർക്കും പലതരത്തിൽ ആയിരുന്നു. കോളേജ് യൂണിയൻ ഇലക്ഷനിൽ സുഹൃത്തിനോട് മത്സരിക്കാൻ നിർബന്ധിതനായത് ഒരു വിദ്യാർത്ഥിക്ക് മറക്കാനാവാത്ത അനുഭവമായി. പ്രേമത്തെ പുച്ഛിച്ചു നടന്ന ഒരു സുഹൃത്ത് ഒടുവിൽ പ്രേമത്തിന്റെ വഴിയേ നീങ്ങിയതാണ് ഒരു വിദ്യാർത്ഥിയുടെ മറക്കാനാവാത്ത അനുഭവം. ഒരുപാട് പ്രതീക്ഷിച്ച പ്രണയം പൂവണിയാതെ പോയത് മറ്റൊരു വിദ്യാർത്ഥിയ്ക്ക് ഹൃദയഭേദകമായ അനുഭവമായി. ഓണാഘോഷ പരിപാടികളും കോളേജ് ഡേയും അവിസ്മരണീയമായിരുന്നുവെന്ന് പലരും അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഇഷ്ടപ്പെട്ട രാഷ്ട്രീയനേതാവായി ഭൂരിപക്ഷം പേരും തെരഞ്ഞെടുത്തത് ആദർശരാഷ്ട്രീയത്തിന്റെ വക്താവ് എ.കെ.ആന്റണിയെയാണ്. തൊട്ടുപിന്നിലായി വിദ്യാർത്ഥിമനസ്സിൽ ഇടം കണ്ടെത്തിയ നേതാവ് സഃ ഇ.എം.എസ്. ആണ്. എ.ബി.വാജ്പേയിയെയും, വി.പി.സിംഗിനെയും, പി.എ. സാംഗ്മയെയും ആദരിക്കുന്നവരും കുറവല്ല.

കാമ്പസിൽ ഏറ്റവും അധികം ആളുകൾ ഇഷ്ടപ്പെടുന്ന മലയാളസാഹിത്യകാരൻ എം.ടി.വാസുദേവൻ നായരാണ്. വൈക്കം മുഹമ്മദ് ബഷീറാണ് ഇഷ്ടസാഹിത്യകാരൻമാരിൽ രണ്ടാമത്. ഒ.വി.വിജയനേയും, എം.മുകുന്ദനേയും ആരാധിക്കുന്നവരും കുറവല്ല. ഇഷ്ടപ്പെട്ട സാഹിത്യകൃതിയായി തെരഞ്ഞെടുക്കപ്പെട്ടത് എം.ടി.യുടെ നാലുകെട്ടാണ്. ഇഷ്ടസാഹിത്യകൃതിയിൽ രണ്ടാമതായി ബഷീറിന്റെ പാത്തുമ്മായുടെ ആടും തെരഞ്ഞെടുക്കപ്പെട്ടു. ഖസാക്കിന്റെ ഇതിഹാസവും നാറാണത്തുഭ്രാന്തനും ഇഷ്ടപ്പെടുന്നവരും കുറവല്ല

മോഹൻലാലാണ് ഇഷ്ടനടൻമാരുടെ ഇടയിൽ ഒന്നാം സ്ഥാനത്തെത്തിയത്. മമ്മൂട്ടി രണ്ടാം സ്ഥാനത്ത് നില്ക്കുന്നു. കുഞ്ചാക്കോ ബോബനേയും, തിലകനേയും നെടുമുടിയേയും ഇഷ്ടപ്പെടുന്നവരുമുണ്ട്. ഇഷ്ടനടികളുടെ കൂട്ടത്തിൽ മഞ്ജുവാര്യരാണ് മുന്നിൽ. ശോഭനയാണ് ഇഷ്ടനടിമാരിൽ രണ്ടാമത്. ശാലിനിയും, ജോമോളും കാമ്പസിന്റെ മനസ്സിൽ ഇടം കണ്ടെത്തിയവരാണ്.

കാമ്പസ് പ്രണയത്തെപ്പറ്റിയാണ് കൂടുതൽ വിദ്യാർത്ഥികളും വാചാലരായത്. ഭൂരിപക്ഷവും കാമ്പസ് പ്രണയത്തെ വെറുമൊരു നേരമ്പോക്കായാണ് കണക്കാക്കുന്നത്. കാമ്പസ് പ്രണയം മിക്കവാറും പൂർണ്ണതയിലെത്താതെ നഷ്ടബോധം മാത്രം സമ്മാനിക്കുന്നു. അതുകൊണ്ട് കാമ്പസിൽ എന്നും നല്ല സൗഹൃദങ്ങളാണ് ആവശ്യം എന്നാണ് ഒരു വിഭാഗത്തിന്റെ അഭിപ്രായം. സ്നേഹിച്ചയാളെ തന്നെ വിവാഹം ചെയ്യണമെന്നാണ് മറ്റൊരു വിഭാഗത്തിന്റെ അഭിപ്രായം. പരിശുദ്ധമായ പ്രണയം ഇന്ന് കാമ്പസിന് നഷ്ടപ്പെട്ടിരിക്കുന്നു. മഞ്ഞുമാസത്തിൽ ഇലകൊഴിക്കുന്ന വൃക്ഷങ്ങളെപ്പോലെ കൊഴിഞ്ഞുപോകുന്ന പ്രണയങ്ങളാണ് ഇന്ന് കാമ്പസിൽ അധികവും എന്നിങ്ങനെ പോകുന്നു അഭിപ്രായങ്ങൾ. ഒരു വിരുതന്റെ അഭിപ്രായത്തിൽ കാമ്പസ് പ്രണയം ഒരു തരം കൃഷിയാണ്. പേര് ലാലോലിക്ക. "സാധാരണയായി ജൂൺ-ജൂലൈ മാസങ്ങളിൽ തളിർക്കുകയും ഏപ്രിൽ മാസത്തോടെ കരിഞ്ഞു പോകുകയും ചെയ്യുന്നു. കായ്ഫലം ഉണ്ടാകാറേയില്ല. രാസനാമം കാമ്പസ് പ്രേമം" എന്നാണ് അദ്ദേഹം ലാലോലിക്കയ്ക്ക് നല്കിയിട്ടുള്ള നിർവ്വചനം.

സുരക്ഷിതത്വമില്ലായ്മയാണ് സമൂഹത്തിൽ ഇന്ന് സ്ത്രീകൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം എന്നാണ് സർവ്വേ സൂചിപ്പിക്കുന്നത്. സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾക്കെതിരെ ആരും കാര്യമായി ശബ്ദമുയർത്തുന്നില്ല. സ്ത്രീകൾക്കുള്ള പ്രശ്നങ്ങൾ എല്ലാം യഥാർത്ഥത്തിൽ പുരുഷൻമാരിൽ നിന്നു മാത്രമല്ല സ്ത്രീകളിൽ നിന്നു കൂടിയാണ് എന്ന അഭിപ്രായക്കാരാണധികവും. സ്വയം അബലകളാണ്, കഴിവില്ല എന്നെല്ലാം അവരെക്കൊണ്ട് വിശ്വസിപ്പിക്കുന്നവരാണ് യഥാർത്ഥപ്രശ്നക്കാർ. സ്ത്രീകളുടെ പ്രശ്നങ്ങൾ സമൂഹത്തിന്റെ മൊത്തം പ്രശ്നമാകയാൽ അവ പരിഹരിക്കാൻ സമൂഹത്തിന്റെ കൂട്ടായ പരിശ്രമം ആവശ്യമാണ്.

ഇന്ത്യൻ പാർലമെന്റിൽ സ്ത്രീകൾക്ക് 33% സംവരണം വേണമെന്നുള്ള അഭിപ്രായക്കാരാണ് സർവ്വേയിൽ പങ്കെടുത്തവരിൽ അധികവും. രാഷ്ട്രപുരോഗതിയിൽ സ്ത്രീകൾക്ക് അവരുടേതായ പങ്കുവഹിക്കാൻ ഈ സംവരണം കൊണ്ട് സാധിക്കും എന്നാണ് ഇവരുടെ പ്രതീക്ഷ. 33% സംവരണം കൊണ്ടു മാത്രം സ്ത്രീകളുടെ എല്ലാ പ്രശ്നങ്ങളും പരിഹൃതമാകുമോ എന്ന് മറുചോദ്യം ഉന്നയിച്ചവരും ഉണ്ട്.

ഈയടുത്ത കാലത്ത് വാർത്താപ്രാധാന്യം നേടിയെടുത്ത ക്ലോണിങ്ങ് ധാർമ്മികതയ്ക്കു നിരക്കുന്നതല്ല എന്നായിരുന്നു ഭൂരിപക്ഷാഭിപ്രായം. ശാസ്ത്രം എപ്പോഴും മനുഷ്യനന്മയ്ക്കായി നിലകൊ

ദൂരം. അതിനാൽ ക്യാമ്പസ് രാഷ്ട്രീയം പരിഷ്കരിക്കൽ ആവശ്യം എന്നാണ് ഭൂരിപക്ഷത്തിന്റെയും അഭിപ്രായം. എന്നാൽ ക്യാമ്പസിൽ കലാപം കുഴപ്പമൊന്നുമില്ല എന്ന അഭിപ്രായക്കാരുമുണ്ട്. ഗിറ്റാർ വിദ്യാർത്ഥികളിൽ നിന്നും റാഗിങ് ഉണ്ടായി എന്നും പെൺകുട്ടികളുടെ ശരീരത്തിൽ നിന്നും ഒന്ന് തൊട്ടു എന്നും പുറത്താക്കിയില്ല. ഇതെല്ലാം ക്യാമ്പസിലെ പുരോഗതിയിലേക്കുള്ള വഴിയല്ലേ എന്നാണ് ഒരു വിദ്യാർത്ഥിനിയുടെ ചോദ്യം.

കുടുംബാസൂത്രണത്തിന്റെയും ഭ്രൂണഹത്യയുടെയും ആവശ്യം നിലനിർത്തുന്നതിനായി ജീവിതശൈലിയിലും ചിന്താരീതിയിലും കാര്യമായ മാറ്റം ആവശ്യമാണ് എന്ന അഭിപ്രായം ഗൗരവമായി ചില വിദ്യാർത്ഥികളിൽ നിന്നും ഉയർന്നുവന്നു. ഭൂമിയുടെ പേരിൽ പ്രകൃതിയെ ചൂഷണം ചെയ്യുന്നത് നിയന്ത്രിക്കണം. പരിസ്ഥിതിക്കനുകൂലമായി നിലകൊള്ളണം. തുടങ്ങിയവയ്ക്കെതിരെ വിദ്യാർത്ഥികളിൽ നിന്നും ധാർമ്മികരോഷം ഉയർന്നു.

അടുത്തകാലത്തായി നടന്ന സംഭവങ്ങളിൽ ഏറ്റവും ചർച്ചചെയ്യപ്പെട്ടത് കുട്ടികളുടെ കൊലപാതകങ്ങളെക്കുറിച്ചാണ്. കൂടാതെ സ്ത്രീകളുടെ കണ്ടുപിടുത്തങ്ങൾ ചോദ്യം ചെയ്യപ്പെടണം എന്നും ചൂഷണം ചെയ്യപ്പെട്ട സംഭവങ്ങളായി ചിലർ രേഖപ്പെടുത്തിയിട്ടുണ്ട്.

സാമൂഹിക പുരോഗതിയ്ക്ക് സംവരണം നിലനിർത്തേണ്ടത് സഹായിക്കും എന്ന അഭിപ്രായക്കാരാണ് സർവ്വേയിൽ പങ്കെടുത്തവരിലധികവും. സംവരണം ജാതിയുടെ അടിസ്ഥാനത്തിലാവാതെ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്കുകൂടി സംവരണം ഏർപ്പെടുത്തണം. എന്നാൽ ജാതി-മത-ലിംഗ വർണ്ണ വർഗ്ഗ-ദേശ-മാത്രമേ ഉള്ളൂ എല്ലാവർക്കും സംവരണം ലഭിക്കാതെ വരുന്ന ഇന്ത്യൻ ഭരണഘടനയ്ക്ക് വിരുദ്ധമല്ലേ ഈ സംവരണം എന്ന ചോദ്യമുന്നയിച്ചവരും ഉണ്ട്.

മൂന്ന് വർഷത്തെ കലാലയ ജീവിതത്തിനു ശേഷം പുറത്തുപോകുന്ന സീനിയർ വിദ്യാർത്ഥികൾ ജൂനിയർ വിദ്യാർത്ഥികൾക്ക് ചില സന്ദേശങ്ങൾ നല്കുകയുണ്ടായി. അവയിൽ ശ്രദ്ധേയമായതും രസകരവുമായവ ചുവടെ ചേർക്കുന്നു.

1.പഠനമാണ് മുഖ്യം. ബാക്കിയെല്ലാം പിന്നീട്

2.ആവശ്യത്തിനുമാത്രം ക്ലാസ് കട്ട് ചെയ്യുക.

3.ലൈബ്രറിയിൽ പോകുന്നവർ ഇംഗ്ലീഷ് പത്രങ്ങളെക്കൂടി പരിഗണിക്കുക

4.പഠനം വിനോദമായി കാണുക. മറ്റ് എക്സ്ട്രാ കരിക്കുലർ ആക്റ്റിവിറ്റിസിൽ പങ്കെടുക്കുക.

5.കോളേജ് രാഷ്ട്രീയത്തിൽ സജീവമായി പങ്കെടുക്കുക.

6.പൂവിൽ തേൻ എന്നതുപോലെയാണ് ഹൃദയത്തിൽ സന്തോഷം. അതിൽ വിഷാദവും ദുഃഖം നിറയ്ക്കാതിരിക്കുക.

7.അഭ്യർത്ഥനയുമായി മുൻപിൽ വരുന്ന സീനിയർ വിദ്യാർത്ഥികളോട് കരുണ കാണിക്കുക.

8.പ്രേമിക്കുന്നുണ്ടെങ്കിൽ ആത്മാർത്ഥമായി സ്നേഹിക്കുക. സ്നേഹിച്ചയാളെത്തന്നെ വിവാഹം ചെയ്യുക.

9.കാമ്പസിൽ പരമാവധി സൗഹൃദം വളർത്തുക.

10.കാമ്പസ് ജീവിതം അടിപൊളിയും സന്തോഷം നിറഞ്ഞതുമാക്കണം.

മാഗസിനുവേണ്ടി നടത്തിയ അഭിപ്രായ സർവ്വേയിൽ സമകാലിക പ്രശ്നങ്ങളോട് ക്രിയാത്മകമായി പ്രതികരിച്ച മുഴുവൻ വിദ്യാർത്ഥികളോടും ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു.

-സർവ്വേയൂണിറ്റ്


With best Compliments from................

**ELITE BOOKS**

College Road, Mattanur

College Texts & Guides, School Guides & Note Books, NCERT Books plus-two Books, Politechnic Books, Account Books, General Books, Service Books, Pension Books

Desection Box, Engineering Box

**All forms of other study materials**

# DoomsDay

Mahesh M.C
Ist Bsc (Physics)

A clear call for me
From behind, from aside
Oh! from the sea I know
Of the hour to go

A distant glance
From the stars above
Glimpsing my gestures
Counting the bygone moments
Canon of life, I know love
To part from you and then

Fearless, painless to leave

But you leave, without plea
Cool breeze now blow firm
An emissary I confirm
To give the air up
Whiper the truth down

Good bye to you,
Good bye to them,
Good bye mom.,
Oh liberty,

Welcome !!!

ജില്ലയിലെ ഏറ്റവും വിശാലമായ


ഷോറൂമും സ്വർണ്ണ ശേഖരവും

# സൗഭാഗ്യ

## ജ്വല്ലേഴ്സ്

**Babnish Arcade, Logan's Road,**

**THALASSERY *Ph : 233935***



*JAYESH. NAMBIAR*
IInd BSc. Physics

# GOOD OLD ENGLISH

*Recently, a conference on the subject, ' How to make English a trualy Universal language' was held in Europe, attended by many non- English speaking nations. The following are the suggestions of the conference.*

*The word 'the' can be replaced by 'Ze' , for it not only sounds better but is also more convenient to pronounce. Ze letters 'c' and 'k' create a lot of confusion among themselves, hence 'c' should be replaced by 'k'. Also ze letters 's' having similar pronounkiation as 'z' in most kases, should be replaked by it. Thez well lead to ze elemination of a few alphabetz from ze language thus making et zempler.*

*Alzo ze zelent letterz zhould be removed from ze language. Thez well reduke zpelling meztakez. All zukkezzeve repeating letterz zhould be avoeded az they don't zerve any purpoze other than making ze language, komplekated.*

*Al these khangez kan make Englesh language more zemple to learn and underztand. Theze zugezteous if properly emplemented wel modefy Englezh ento a truly uneversal language.*

*If you are thinking a year ahead sow seed.*

*If you are thinking ten years ahead plant a tree*

*If you are thinking one hundred years ahead educate the people*

*By sowing seed, you will harvest once*

*By planting a tree you will harvest tenfold?*

*By educating the people, you will harvest and hundred fold - Anonymous*

ആശംസകൾ...

## ഡോ: എൻ. പി. അശോക് കുമാർ

ഡെന്റൽ സർജൻ,

• ഇരിട്ടി •

## അറിയിപ്പ് : ഡോ : നന്ദകുമാർ M.D.S.

Orthodontist,

ഒരു ആഴ്ചയിൽ ഒരിക്കൽ ഡെന്റൽ ക്ലിനിക്കിൽ
രോഗികളെ പരിശോധിക്കുന്നതാണ്.

---

# Payam Service Co-operative Bank Limited

No.C 1501

H.O :PAYAM
Ph : 491277
P.O. Payam 670 704
Branch : VELIMANAM

PRESIDENT
M.T. VARGHESE

SECRETARY
C.A. JOSEPH



# എന്റെ നിധിയേടത്തി

ഷബ്നിസനി.സി.കെ.
B.S.C.Physics

ചെങ്കുത്തായ കയറ്റമാണ്. കുറച്ച് കയറിയപ്പോഴേ വിയർത്തു; ഒരു ഉരുളൻ കല്ലിൽ പിടിച്ചുനിന്ന് കിതച്ചു; ചെറുപ്പത്തിൽ ഞാനും നിധിയേട്ടത്തിയും എത്ര ഓടിക്കയറിയിട്ടുള്ള കുന്നാ. വേണ്ട, എന്നും ഓർക്കണ്ട. പിന്നെ ഒന്നും ഓർക്കാതിരിക്കാനാണോ സുദീർഘമായ ഒരു ഇടവേളക്കുശേഷം ഇങ്ങോട്ടുവന്നത്. ഓർമ്മകളുടെ കൂടെ ഒരു ദിവസം സഞ്ചരിക്കാനല്ലേ.

കുന്നിന് നിറുകയിൽ എത്തിയപ്പോഴേക്കും ശരിക്കും കിതച്ചുപോയിരുന്നു. വെയിൽ മങ്ങിത്തുടങ്ങുന്നു. അസ്തമനം അതിന്റെ എല്ലാ ചമയങ്ങളോടും കൂടി എത്താറായിരുന്നു. മനസ്സിൽ വല്ലാത്തൊരു വിങ്ങൽ. ആ വൃദ്ധൻ പറഞ്ഞതുപോലെ ഇപ്പോൾ ഇങ്ങോട്ടാരും വരാറില്ലായിരിക്കും. ആകെ കാടുപിടിച്ചു കിടക്കുകയാണ്. കുന്നു കയറാൻ ഭാവിച്ചപ്പോൾ എതിരെ വന്ന വൃദ്ധൻ ചോദിച്ചിരുന്നു. "അല്ല കുഞ്ഞേ എങ്ങോട്ടാ പോകുന്നത്" കുറച്ചു കാറ്റുകൊള്ളാൻ പോവുകയാണെന്ന് പറഞ്ഞപ്പോൾ മനസ്സിലാവാത്ത മട്ടിൽ സൂക്ഷിച്ചുനോക്കി എന്നിട്ടു പറഞ്ഞു "മോള് ഇവിടുത്തെയല്ല അല്ലേ? അങ്ങോട്ടൊന്നും പോകണ്ട, ഈ സന്ധ്യാവേളയിൽ. ദുർമരണമൊക്കെ നടന്ന സ്ഥലമാ".

കാടുപിടിച്ചു കിടക്കുകയാണെങ്കിലും ഒന്നിനും ഒരു മാറ്റവും ഇല്ല. ജീർണ്ണിച്ച അമ്പലം അതിന്റെ ജീർണ്ണതയോടുകൂടിത്തന്നെ നിലകൊള്ളുന്നു. അങ്ങോട്ടേക്ക് നടന്നു; ഉള്ളിലേക്ക് കടന്നതും കുറെ വാവലുകൾ ചീറിക്കൊണ്ട് ഉയർന്നു. ഞെട്ടി പിന്നോക്കം മാറി തിരിഞ്ഞു നടന്ന് അടുത്തുകണ്ട ഒരു പാറയിൽ ഇരുന്നു. പെട്ടെന്ന് തോന്നി തന്റെയടുത്ത് നിധിയേട്ടത്തിയും ഇരിക്കുന്നുണ്ടെന്ന്, കൂടാതെ താൻ പഴയ പാവാടക്കാരി നന്ദിതയാണെന്നും.

അമ്പലത്തിന് പിറകിലുള്ള പാറയിടുക്കിലേക്ക് നോക്കിയതേയില്ല. എന്റെ നിധിയേട്ടത്തി ആ പാറയിടുക്കിലാണ് തലയും ഉടലും ചിന്നിച്ചിതറി മരിച്ചത്. നെറ്റിയിൽ കൈ താങ്ങിയിരുന്നു. ഓർമ്മകൾ പിറകിലോട്ട് സഞ്ചരിക്കുകയാണ്.

എന്റെ വലിയമ്മയുടെ മോളാണ് നിധിയേട്ടത്തി. ഒരു പക്ഷെ എന്റെ ജീവിതത്തിൽ എന്നെ ഏറ്റവും കൂടുതൽ സ്വാധീനിച്ചിട്ടുള്ള വ്യക്തി. എപ്പോഴും ഏട്ടത്തിയുടെ ചേലത്തുമ്പിൽ തൂങ്ങി ഈ നന്ദുവും ഉണ്ടാകും. കാണുന്നവർ എപ്പോഴും പറയും സഹോദരങ്ങൾ തമ്മിൽപ്പോലും ഇത്ര സ്നേഹം കാണില്ലെന്ന്. വൈകാരികമായ ഒരു ബന്ധത്തിലുപരി ഇണപിരിയാത്ത ഒരു ആത്മബന്ധമായിരുന്നു ഞങ്ങൾ തമ്മിൽ. ഏടത്തി എനിക്കെന്നും ഒരു കടംകഥയായിരുന്നു. നീണ്ട മിഴികളുള്ള, നിതംബം കവിഞ്ഞും മുടിയുള്ള എന്റെ ഏടത്തി അത്രയ്ക്കും സുന്ദരിയും ആയിരുന്നു. ഇപ്പം തോന്നുന്നു പഴമക്കാർ പറയുന്നതെത്ര ശരിയാണെന്ന്. കാൽപ്പാദത്തോളം നീണ്ടുകിടക്കുന്ന കുന്തലമുള്ള ലക്ഷണയുക്തയായ മനോഹരികൾ അധികം വാഴില്ലെന്ന്.

എന്റെയും ഏട്ടത്തിയുടെയും വീട് അടുത്തടുത്തായിരുന്നു. ഏട്ടത്തി തറവാട്ടിലും ഞാനും അച്ഛനും അമ്മയും അതിന്റെ തൊട്ടടുത്തും. ഏടത്തി എന്നും തനിയെയായിരുന്നു. അച്ഛൻ രണ്ടുവയസ്സുള്ളപ്പോഴേ മരിച്ചു. അമ്മ ഇല്ലാത്തതിനു സമവും. തികച്ചും ഉൾവലിഞ്ഞ ഒരു പ്രകൃതം. കൂടാതെ വലിയമ്മാവന്റെയും ചെറിയമ്മാവന്റെയും കർശനനിയന്ത്രണത്തിലും. ഏടത്തിക്ക് ആകെയുള്ള ഒരാശ്വാസം ഞാനായിരുന്നു. എന്റെ ഏടത്തി എട്ടാം ക്ലാസ്സുവരെയെ പഠിച്ചിട്ടുള്ളുവെങ്കിലും എല്ലാറ്റിനെക്കുറിച്ചും ആധികാരികമായ അറിവായിരുന്നു. എപ്പോഴും ഏടത്തിക്കുമുന്നിൽ ഞാനൊരു ശ്രോതാവായിരിക്കും. ഏടത്തിയെ ആരാധനയോടെയേ ഞാൻ കണ്ടിട്ടുള്ളു.

ഒരു ദിവസം നിലാവത്ത് വാഴത്തോപ്പിലൂടെ നടക്കുമ്പോൾ പെട്ടെന്ന് ഏടത്തി ചോദിച്ചു "നന്ദൂന് പ്രേതത്തിനെ കാണണോ"? ഞാൻ ഞെട്ടിപ്പോയി. പെട്ടെന്ന് ഏടത്തി എന്നെ അണച്ചുപിടിച്ചു. എന്നിട്ട് പറഞ്ഞു " ഞാൻ വെറുതെ പറഞ്ഞതല്ലേ എന്റെ കുട്ട്യേ. മോൾക്ക് പ്രേതത്തിലൊന്നും വിശ്വാസം ഇല്ലല്ലോ". ഏടത്തിയും ഞാനും എപ്പോഴും തർക്കമാ. ഏടത്തി പറയും പ്രേതം ഉണ്ടെന്ന്. ഞാൻ പറയും ഇല്ലെന്ന്. ഞാൻ ചോദിച്ചു; "ഏടത്തിക്ക് പ്രേതത്തിനെ വിശ്വാസം ഉണ്ട് അല്ലേ? ഞാൻ തെളിവില്ലാതെ വിശ്വസിക്കില്ല."

"പക്ഷെ മോളെ നാം തെളിവില്ലാതെയും പലതും വിശ്വസിക്കേണ്ടതുണ്ട്. ഈശ്വരനെ നാം നേരിട്ട" "ഏടത്തി കണ്ടിട്ടുണ്ടോ പ്രേതത്തിനെ" അപ്പോൾ ഏടത്തി മറുപടി പറയാതെ പൊട്ടിപ്പൊട്ടിച്ചിരിച്ചു. മുടിയൊക്കെ വിതർത്തിട്ട് നിലാവത്തിരുന്നു ചിരിക്കുന്ന ഏടത്തിയെ കണ്ടപ്പോൾ പെട്ടെന്ന് പേടിയാണ് തോന്നിയത്. "നമുക്ക് പോകാം ഏടത്തി വീട്ടിലേക്ക്" മോളുപേടിക്കാതെ ദുർമ്മരണം മരിക്കുന്നവരാ പ്രേതമാകുന്നത്. നമ്മളൊന്നും ഒരു പാപവും ചെയ്തിട്ടില്ല. അതുകൊണ്ട് നമ്മളൊന്നും പ്രേതമാവില്ലാട്ടോ" ഏടത്തി എന്റെ കൈയും പിടിച്ച് വീട്ടിലേക്ക് നടന്നു.

# SANITHA BAKERY

PUNNAD

# SAT-VISION

Dish Antenna

Contact : SURYA AUTOMOBILES

Thaliparamba Road, IRITTY

# മഹാത്മ ആർട്സ് കോളേജ്

കീഴൂർ, ഇരിട്ടി.

**COURSES** PDC - III & IV Groups

B.A. - English, Economics, History

B.Com - Co - Operation/ Travel& Tourism

M.A. M.Com

ട്യൂഷൻ ക്ലാസ്സിനും കോച്ചിങ്ങ് ക്ലാസ്സിനും ഓഫീസുമായി ബന്ധപ്പെടുക

*Principal*

# *Minerva Tailors*

MAIN ROAD, *IRITTY.*

എന്റെ ആ ഏടത്തിയാണല്ലോ; ഒരു പാപവും ചെയ്യാതെ പാറക്കെട്ടിൽ തല ചിന്നിച്ചിതറി മരിച്ചത്. എന്റെയും ഏടത്തിയുടെയും പ്രിയപ്പെട്ട സ്ഥലമായിരുന്നു ഈ കുന്നിൻ പുറം. അന്നും ഇന്നും വിജനമായ ഈ കുന്ന് ഞങ്ങൾ വല്ലാതെ ഇഷ്ടപ്പെട്ടുപോയിരുന്നു. മാമൻമാരുടെ കണ്ണുവെട്ടിച്ചാ ഇങ്ങോട്ടു വരിക. സന്ധ്യമയങ്ങുന്നതുവരെ ഞങ്ങളിങ്ങനെ ഇരിക്കും. ചിലപ്പോൾ ഞാനും ഏടത്തിയും മൗനത്തിന്റെ വാല്മീകം അണിഞ്ഞ് ഒന്നും മിണ്ടാതെ മണിക്കൂറുകളോളം ഇരിക്കും. ചിലപ്പോൾ വാചാലരായിരിക്കും. സന്ധ്യക്ക് കൂടണയാനെത്തുന്ന പക്ഷികളുടെ കളകളാരവവും ജീർണ്ണിച്ച അമ്പലവും എന്തോ ഗൃഹാതുരത ഉണർത്തുന്നവയായിരുന്നു.

പാവമായിരുന്നു എന്റെ ഏടത്തി. ആ വിടർന്ന കണ്ണുകളുടെ അഗാധതയാൽ എപ്പോഴും എന്തോ വിഷാദം ഒളിപ്പിച്ചുവെച്ചിരുന്നു. ഏടത്തി എപ്പോഴും പറയും നന്ദൂ ആരും സ്നേഹിക്കാനില്ലാതെ ജീവിക്കുന്ന ഒരാളുടെ ദുഃഖം മോൾക്ക് മനസ്സിലാകില്ല. ഏടത്തിയുടെ പലപ്പോഴുള്ള മനോഭാവം എനിക്കുതന്നെ പിടികിട്ടിയിരുന്നില്ല. മറ്റുള്ളവർക്ക് വേദന വന്നാൽ പോലും കരയുന്ന ഏടത്തി ചിലപ്പോൾ അങ്ങേയറ്റം നിസ്സംഗയായിരിക്കും. നന്ദൂ എന്ത് വിഷമം വന്നാലും നമ്മൾ രണ്ടു കൈയും നീട്ടി അത് സ്വീകരിക്കണം. ചിലപ്പോൾ പറയും അർത്ഥശൂന്യമായ, നശ്വരമായ ഈ ജീവിതം തന്നെയെന്തിനാ. ഞാനും ഏടത്തിയും മനസ്സുകൊണ്ട് പരസ്പരം മനസ്സിലാക്കിയിരുന്നു. എല്ലാവർക്കും അങ്ങനെ കഴിഞ്ഞെന്നുവരില്ല. ഒരാൾക്ക് തന്റെ മനസ്സ് അറിയുന്നതുപോലെ മറ്റൊരാളുടെ മനസ്സും അടുത്തറിയുക എന്നത് തികച്ചും വിരളമാണ്. അടുത്ത ചങ്ങാതിമാരായാൽത്തന്നെയും, എന്തിനേറെ പതിപത്നിമാർക്കുപോലും പരസ്പരം മാനസികമായി അത്ര മനസ്സിലാക്കാൻ കഴിഞ്ഞെന്നു വരില്ല. ഞങ്ങളുടെ വീക്ഷണഗതിയും മനോനിലയും എല്ലാം ഏകദേശം ഒന്നുതന്നെയായിരുന്നു.

ഏടത്തി എന്തു വിഷമം വന്നാലും കരയില്ല. പക്ഷേ എനിക്ക് എന്തെങ്കിലും വിഷമം വരുന്നത് ഏടത്തിക്ക് സഹിക്കാൻ പറ്റുമായിരുന്നില്ല. ഒരു ദിവസം എന്തോ കാരണത്തിന് വലിയമ്മാവൻ ഞങ്ങളെ അടിക്കാൻ ചൂരലുമായി വന്നു. ഞാനും ഏടത്തിയും വടക്കിനിയിലെ ഇരുളിൽ ഒളിച്ചു. വലിയമ്മാവൻ പടിക്കപ്പുറത്ത് വന്നു നിന്നു പറഞ്ഞു ആദ്യം നിധി കൈയങ്ങ് നീട്ട്. ഇരുളിൽനിന്നും ഏടത്തി കൈ മാത്രം പുറത്തേക്കു നീട്ടി. ഞാൻ എണ്ണി. കൃത്യം പത്തടി. അടുത്ത് നന്ദിത കൈയങ്ങ് നീട്ടിക്കോളൂ. ഞാനപ്പോഴേ വലിയ വായയിൽ നിലവിളിക്കാൻ തുടങ്ങിയിരുന്നു.

ഏടത്തി എന്നെ പിറകിലോട്ട് തള്ളിമാറ്റി അടികിട്ടാത്ത കൈ നീട്ടിക്കൊടുത്തു. വലിയമ്മാവന് കാര്യം പിടികിട്ടിയില്ല. പിറ്റേന്ന് നോക്കുമ്പോൾ ഏടത്തിയുടെ രണ്ട് കൈയും നീര് വന്ന് വീർത്തിരുന്നു. അതുകണ്ട് ഏങ്ങലടിക്കുന്ന എന്നെ ചേർത്ത് പിടിച്ച് ഏടത്തി പറഞ്ഞു. എന്റെ കുട്ടിയെ ആരും വേദനിപ്പിക്കുന്നത് കാണാൻ ഈ ഏടത്തിക്ക് കരുത്തില്ല.

ഏടത്തി എപ്പോഴും പറയും നന്ദൂന്റെ കല്ല്യാണം കഴിഞ്ഞേ ഏടത്തിയുടെ കല്ല്യാണം ഉണ്ടാകൂന്ന്. അതു പോലെ ഞാൻ കല്ല്യാണം കഴിഞ്ഞ് ദില്ലിയിലേക്ക് പോയി. ഏടത്തിയെ വേർപിരിയാനായിരുന്നു ഏറ്റവും വിഷമം. വിപിയേട്ടൻ പറയും എനിക്ക് നിന്റെ നിധിയേട്ടത്തിയോട് അസൂയയാ, നീ എന്നേക്കാൾ നിധിയേട്ടത്തിയുടെ പേരാണല്ലോ നൂറുവട്ടം ഉരുവിടുന്നത്. ഏട്ടനും ഇഷ്ടമായിരുന്നു ഏടത്തിയെ. എന്റെ ഏടത്തിയുടെ രൂപത്തെയും പെരുമാറ്റത്തെയും ആ വ്യക്തിത്വത്തെയും ഇഷ്ടപ്പെടാത്തവർ ആരാ ഉണ്ടാകുക.

ആയിടക്ക് നാട്ടിൽ വരുമ്പോൾ കണ്ടിരുന്നു ഏടത്തിയുടെ മുഖത്ത് ഒരു മൂകത. തികച്ചും ഉൾവലിഞ്ഞതുപോലെ. അങ്ങനെയിരിക്കെ ഒരു ദിവസം കേട്ടു ഏടത്തിയുടെ മരണവാർത്ത. എനിക്കെങ്ങനെ അത് താങ്ങാൻ കഴിഞ്ഞുവെന്ന് എനിക്കുപോലും അറിയില്ല. പൊട്ടൻകുന്നിലെ ആഴമുള്ള പാറയിടുക്കിലേക്ക് ചാടി ഏടത്തി ആത്മഹത്യ ചെയ്തു. അങ്ങനെ ഏടത്തി പ്രിയപ്പെട്ട കുന്നിൻപുറം അന്ത്യവിശ്രമസ്ഥലമായും തിരഞ്ഞെടുത്തു. പിന്നീടങ്ങോട്ട് കുറേക്കാലം ഞാൻ ഭ്രാന്തിയെപ്പോലെയായിരുന്നു. തിരിച്ച് ദില്ലിയിൽ എത്തിയപ്പോൾ എന്നെയും കാത്ത് ഏടത്തിയുടെ ഒരു എഴുത്തുണ്ടായിരുന്നു. രണ്ടുവരിമാത്രം. മോളെ ഞാൻ പോകുന്നു. ജീവിതം മടുത്തു അതുകൊണ്ട് തന്നെ. എന്നോട് ക്ഷമിക്ക. ഇപ്പോഴും ഏടത്തിയുടെ മരണം എനിക്കൊരു ദുരൂഹതപോലെ. ഒരു രഹസ്യവും എന്നോട് ഒളിക്കാത്ത എന്റെ ഏടത്തി ആത്മഹത്യ ചെയ്യുമോ?

അച്ഛന്റെ മരണശേഷം അമ്മയും ദില്ലിയിലോട്ടു വന്നു. നിധിയേട്ടത്തിയെ കൊലക്കു കൊടുത്ത ആ ശപിക്കപ്പെട്ട ഗ്രാമത്തിലേക്ക് പിന്നീട് കാലു കുത്തിയതേയില്ല. നീണ്ട ഇടവേളക്കുശേഷം നാട്ടിലേക്കു പോകുന്നു എന്നറിഞ്ഞപ്പോഴേ വിപിയേട്ടൻ എതിർത്തതാണ്. ഞാൻ വീണ്ടും നിധിയേടത്തിയുടെം ഓർമ്മകളിൽ മുഴുകും എന്ന് പേടിച്ചിട്ടായിരിക്കും. ഏട്ടനും വരാനിരുന്നതാണ്. അവസാനം തീരുമാനം മാറ്റി. വിനുവും, അനുവും ഇപ്പോൾ എന്തെടുക്കുകയായിരിക്കും ആവോ. പെട്ടെന്നാണ് സ്ഥലകാലബോധം വന്നത്. പിടഞ്ഞെഴുന്നേറ്റു. ഇരുളിന് കട്ടപിടിച്ചു തുടങ്ങിയിരിക്കുന്നു. തിരിഞ്ഞുനോക്കിയപ്പോൾ നെഞ്ചിലൂടെ ഒരു വിറയൽ കടന്നുപോയി. വെള്ള സാരിയുടുത്ത് മുടി നിവർത്തി പുഞ്ചിരിച്ചുകൊണ്ട് തന്റെ പിറകിൽ നില്ക്കുന്നത് ഏടത്തിയല്ലേ.

പിറ്റേന്ന് ഓർമ്മകളുടെ ഭാരം പേറി ട്രെയിനിൽ ഇരിക്കുമ്പോൾ ഓടിയകലുന്ന ഗ്രാമത്തെ ഒരിക്കൽക്കൂടി തിരിഞ്ഞുനോക്കി. ഇനി വീണ്ടും തലസ്ഥാനനഗരിയുടെ തിരക്കിലേക്ക്. ഇനി ഇങ്ങോട്ട് ഒരു യാത്ര ഉണ്ടാകുമോ ആവോ?

□

85

ആശംസകൾ......

# ഷൺമുഖംസ്

തലശ്ശേരി

**Classes for : BSc(Maths), BCom ,BA-(English)**
**Accountancy**

# ചാവശ്ശേരി സർവ്വീസ് സഹകരണ ബേങ്ക് ലിമിറ്റഡ്

പി.ഒ. ചാവശ്ശേരി - 670 702

No.C -39 ഫോൺ 471261 (Mtr)

* എല്ലാവിധ ബേങ്കിംഗ് ഇടപാടുകളും നടത്തപ്പെടുന്നു.
* ഹ്രസ്വകാല, മദ്ധ്യകാലവായ്പകൾ അനുവദിക്കുന്നു.
* ആകർഷകമായ പലിശ നിരക്കിൽ നിക്ഷേപങ്ങൾ സ്വീകരിക്കപ്പെടുന്നു.
* നീതിസ്റ്റോർ, സിമന്റ്, വളം ഡിപ്പോകൾ എന്നിവ നടത്തപ്പെടുന്നു.
* സ്വർണ്ണപ്പണയത്തിൻമേൽ വായ്പകൾ അനുവദിക്കുന്നു.

പ്രസിഡണ്ട്
സി. അഷ്റഫ്

സെക്രട്ടറി
വേണുഗോപാലൻ നമ്പ്യാ



*SURESH KUMAR T.N.*
I B.Sc. Maths.

# EXERCISE - A VITAL DIMENSION FOR A STUDENT

It is beyond doubt that for a well balanced growth of a student- both mental and physical- exercise is a must. A healthy body is the only castle in which the mind - powerful enough to cast a unique imprint- would function. It helps to lay a strong foundation for a country which is powerful to fight against all odds and stands victorious.

'Health is wealth' so goes the proverb. The development of a country, both socially as well as economically, greatly depends up on the health of each and every citizen. When wealth is lost, What is lost? Nothing. When health is lost something is lost. As development of a country is oriented around the students, special care and attention should be paid towards the health of students.

Basically our education system is divided in to two - Science and Arts Both these disciplines help mental growth. "Education through work", the policy adopted and spread by Gandhiji is mainly intented to eliminate laziness from Indian society. It is nothing short of the 'Gurukula' education flourished in ancient India. From this is derived the definition of education as "all round development of a person".

In order to protect and conserve the healh of students different types of sports are inducted into the education stream. Besides that, there is Scouts and Guide, NCC, etc. which stress physical training also are included. They have got a twin strand dimension. It helps us to develop good health. Besides an ordered mode of life gradually evolves as a result of such activities.

In foreign countries physical excercise receives a very important place in the system of education. But opportunities for excercies even now remain just a perfunctory one in many countries, especially in the third world.

It is high time to change this attitude Exercise, it not considered as mandatory especially among students witll take the country to the brink of disaster and ultimately to fall in that bottomless abyss.

The saints that lived in ancient India remain as a source of inspiration. Different types of 'Yoga', which help to cure many diseases, were the result of their acumen. This also should be included in this present system of education.

Before I wind up, let me reiterate that for a better tomorrow healt is crucial which inturn means that exercise is crucial.

"വിനയം ദ്രുതഗതിയിലുള്ള വിജയത്തിന്റെ താക്കോലാണ് "
-മഹാത്മാ ഗാന്ധി.

ആശംസകൾ ........

# ചീരമറ്റം ജ്വല്ലറി

മെയിൻ റോഡ്

ഇരിട്ടി, കേളകം

Ph : 491667 Ph : 412069

Resi : 412169

*Phone : 491326*

*Best compliments from .............*

# THE PUNNAD SERVICE CO - OP : BANK LTD.

NO.L.L.57


P.O. PUNNAD, IRITTY - 670 703

PRESIDENT
P.K. JANARDHANAN

SECRETARY
K.GANGADHARAN



സൂരജ് എസ്.
IInd Dc Physics



# കുറ്റം എന്തേതു മാത്രം

കണ്ണിൽ കിനിയുന്ന കാമശരങ്ങളെ,
കണ്ടില്ലെന്നു നടിച്ചാലതും കുറ്റം.
കണ്ടുമോഹിച്ചങ്ങടുത്തു പെണ്ണെങ്കിലോ,
കണ്ടുമോഹിച്ചതിന്നുമൊരു കുറ്റം
കനലെരിയുന്നൊരകതാരിലൊരുനാൾ,
കാർമേഘമായി നീ വന്നില്ലയെങ്കിലും ;
കളിവാക്കുചൊല്ലിപ്പിരിഞ്ഞു പോയെങ്കിലും ;
കാത്തിരിക്കുന്നു ഞാനൊരുനോക്കു
കാണുവാൻ ;
കണ്ണിൽ നിൻ ബഹുരൂപം കടം വാങ്ങി
ഞാൻ ;
കാതോർത്തിരിക്കുന്നു നിൻ
വാക്കുകേൾക്കുവാൻ ;
കഥകൾ പറഞ്ഞു കളിച്ചു രസിക്കുവാൻ ;
കാതര നയനങ്ങളിൽ പ്രതൃകുവാൻ ;
കളിയായ് പറഞ്ഞൊരെൻ വാക്കുകൾ കേട്ടു
നീ,
കണ്ണീർ പൊഴിച്ചുകൊണ്ടെൻ മുൻപിൽ
നിൽക്കവേ ;
കവിളിൽ തലോടി

ഞാനാശ്വാസമേകുമ്പോൾ :
കവരുന്നു നാം തമ്മിൽ മോഹങ്ങളോരോന്നായ്.
കാലിലായ് കൊഞ്ചുന്ന പാദസരങ്ങളെ
കാതരമായ് ഞാൻ ചേർത്തു പിടിക്കവേ ;
കേട്ടു നിൻ പാദസരം വിളമ്പീടുന്ന
കവിതതൻ സുരലോകസ്യസംഗീതങ്ങൾ.
കരളിന്റെയുള്ളിലെ പ്രണയ ചിത്രുകളിൽ,
കുളിരല പെയ്യിച്ച സംഗീത വീചികൾ ;
കളയുവാനായില്ല ജീവിത യാത്രയിൽ ;
കരുതുന്നു സാന്ത്വനമായിരുന്നുമോമലേ
കനവിൽ വിരിഞ്ഞൊരിൻ മോഹങ്ങളോരോന്നായ്
കാതോരമായ് നീ ചൊല്ലിത്തന്നീടവേ :
കനവായിരുന്നു നീയെന്നുമെന്നുള്ളിലെ ;
കാർന്നുതിന്നീടുന്ന മോഹമായ് നീ വീണ്ടും.
കുറ്റമെന്തേതുമാത്രമാണോമനേ,
കണ്ടു മോഹിച്ചതിന്നു മൊരുകുറ്റം.
കരളിലെ മോഹങ്ങൾ മെല്ലെയൊതുക്കുന്നു ;
കാലത്തിൻ വചനങ്ങൾ വീണ്ടും നയിക്കുന്നു.

With Best Compliments From.....................

# ATHULYA BOOKS

V.K. COMPLEX, FORT ROAD,
KANNUR - 1

H.O. TELLICHERRY
M.G. ROAD
LOGANS ROAD

*With Best Compliments From.........*

## Thondiyil Service Co-operative Bank Ltd

No.C. 45

P.O. Thondiyil- 670 673
Kannur Dt. Kerala.

സ്ഥിതി വിവരണക്കണക്കുകൾ


| | | |
|---|---|---|
| 1. | മെമ്പർഷിപ്പ് | –5000 |
| 2. | പ്രവർത്തന മൂലധനം | –3.5 കോടി |
| 3. | നിൽപ് വായ്പ | –3 കോടി |
| 4. | ഡെപ്പോസിറ്റ് | –2 കോടി |

പ്രസിഡണ്ട്
*മാത്യു തോമസ് എടത്താഴെ.*




സുനീർ കെ. മാമ്പ
III BSc Maths.


# ഒരു കഥയുടെ കഥ



കുറെ കാലമായി ഞാൻ വിചാരിക്കുന്നു. ഒരു കഥയെഴുതണം. എന്തിനെക്കുറിച്ചെഴുതും ? എവിടെ തുടങ്ങണം? ഇതൊന്നും എനിക്കറിയാൻ പാടില്ല. കാരണം ഞാനൊരു എഴുത്തുകാരനല്ലല്ലോ ! പക്ഷെ എനിക്കൊരു കഥയെഴുതണം.

ഞാൻ കടലാസും പേനയുമെടുത്ത് കൈയിൽ വച്ചു. കടലാസും പേനയും മാത്രം മതിയോ? കഥയെഴുതണമെങ്കിൽ ഭാവനവേണ്ടേ? എനിക്ക് ഭാവനയുണ്ടെന്ന് തന്നെ സങ്കൽപ്പിക്കാം ! സങ്കൽപ്പമല്ലേ ? അതിലെന്താണ് തെറ്റ് ?

ഒരു വരിപോലും എഴുതാനായില്ല. എന്തു ചെയ്യാം. ഭാവനയുണ്ടെന്ന് സങ്കൽപ്പിച്ചിട്ടൊന്നും കാര്യമില്ല. യഥാർത്ഥത്തിൽ ഭാവനവേണം. ആ സങ്കൽപ്പമേ തെറ്റായിപ്പോയി.

ഭാവന എവിടെ കിട്ടും?

ഏകാന്തമായ കടൽത്തിരങ്ങളിൽ? വിജനമായ, നിശബ്ദമായ വഴിതാരകളിൽ? ഏതായലും കടൽത്തീരത്ത് പോയേക്കാം.

ഭാവന കിട്ടിയെങ്കിൽ അതൊരു വലിയ കാര്യമല്ലേ,ആന കാര്യം....?

എന്തെങ്കിലുമൊക്കെ എഴുതിയാലോ ? തോന്നിയതൊക്കെ എഴുതുകയാണെങ്കിൽ ഭൂമിയിലുള്ള കടലാസുമുഴുവനും വേണ്ടിവരും. ഒരുകടലോളം മഷിയും. എങ്കിൽ തന്നെ തോന്നിയത് എഴുതിയാലെന്താ? സാഹിത്യകാരൻമാരൊക്കെ തോന്നിയത് എഴുതുന്നില്ലേ ? ഉണ്ട്, തീർച്ച.

തോന്നിയതൊക്കെ എഴുതാനും. അതു വായിക്കാനും എന്ത് രസമായിരിക്കും. നിങ്ങൾ വെറുതെയിരിക്കാറില്ലേ....? ശരീരത്തെ വെറുതെവച്ച് മനസിനെ ഓടിച്ചുനോക്കൂ. അനന്തവിഹായസിലേക്ക്, ആകാശ നീലിമയിലേക്ക് .... അപ്പോൾ നിങ്ങൾ ഒരു മായികവലയത്തിലകപ്പെടും. അനിശ്ചിതത്വത്തിന്റെ പാത അവിടെ സന്ധിക്കും. ചിലത് ബലൂൺ പോലെ വീർക്കും ഏതെങ്കിലും ഒരു നിമിഷത്തിൽപൊട്ടും.

ഏതായാലും ഇങ്ങിനെ വെറുതെ ചിന്തിക്കാൻ രസമുണ്ട്. എനിക്കെന്റെ മനസിന്റെ ഭാരം ഒന്നിറക്കി വെക്കണം. അതുകൊണ്ട് ദൈവത്തെ മനസിൽ കരുതി ഞാൻ തോന്നിയതെഴുതാൻ പോവുകയാണ്. നിങ്ങൾ സല്യൂട്ടടിക്കണമെന്നില്ല. ഉച്ഛിഷ്ടം പോലെ വലിച്ചെറിഞ്ഞേക്കാം.... ഭയങ്കരമായി ചുരുട്ടിക്കൂട്ടിയിട്ട്. കഥാപാത്രങ്ങളുടെ വേദനയുടെ, നൊമ്പരത്തിന്റെ വിതുമ്പൽ നിങ്ങൾ കേൾക്കാത്തതെന്ത്?

ശരിക്കു ശരിയായ സമയമാണെന്നു വിശ്വസിക്കുക. ആ വിശ്വാസത്തിൽ അന്ത്യം വരെ സ്വന്തം കടമകൾ നിറവേറ്റുക
– എബ്രഹാം ലിങ്കൺ

നിങ്ങൾ എന്നെ ഭയങ്കരമായി ക്രൂശിക്കുന്നുവെങ്കിൽ എനിക്ക് സങ്കടം വന്നേക്കും. പക്ഷേ ഇപ്പോഴെനിക്ക് എന്റെ ചിന്തകളാണ് വലുത്. ചിന്തകളൽ വിത്തുണ്ട്. ആശയങ്ങളുടെയും, സംശയങ്ങളുടെയും, സംശയനിവാരണങ്ങളുടെയും വിത്ത് ! അത് പൊട്ടിമുളക്കട്ടെ, മുളച്ചുയരട്ടെ, ആകാശം മുട്ടെ വളരട്ടെ.

വിത്തുകളിൽ പതിരുമുണ്ടായേക്കാം. അതിനാൽ നിങ്ങൾ ക്ഷമിക്കണം. ഞാൻ വെറും ഞാനാണല്ലോ ?

സമയമെന്തായിരിക്കണം. ?

ഇലക്ട്രോണിക് വാച്ചെടുത്തില്ല.

സമയം ഒരു മൂന്നു മണി? നാല് ? അഞ്ച് ......? ചിന്തകളല്ലേ. ചിന്തകളെത്ര സമയം പാറിനടന്നെന്ന് പറയാനൊക്കുമോ ?

ഏതായാലും എഴുത്തിപ്പോൾ ഭംഗിയായി പുരോഗമിക്കുന്നുണ്ട് സൂര്യൻ ഉദിച്ചുവരുമ്പോഴേക്കും ഈ അരണ്ട പ്രകാശത്തിൽ ഞാൻ എഴുതിത്തീർക്കും.

വെള്ളിനിലാവിൽ കടലിന്റെ തുടുത്തമുഖം എന്നെ വല്ലാതെ ചിന്തിപ്പിച്ചുകളഞ്ഞു. ഇളംകാറ്റിൽ ഓളങ്ങളാണെങ്കിൽ കുലുങ്ങിചിരിക്കുകയാണ്. ഒരു ശോകഗീതംപോലെ കരയിലേക്ക് അനുസ്യൂതം പാഞ്ഞുവരുന്ന തിരമാലകൾ എന്നെ ഈറനണിയിക്കുന്നു.

കിഴക്കുസീമയിൽസൂര്യൻ മെല്ലെതല പൊക്കുന്നുണ്ട്.ഞാൻ ധൃതിയിൽഎഴുതി തീർക്കട്ടെ.

എഴുത്ത് ചുരുക്കട്ടെ

പക്ഷികളുടെ കരച്ചിൽ കേട്ടുതുടങ്ങി വെളിച്ചം വിണാൽ എന്റെ ഏകാന്തതയ്ക്ക് തിരശ്ശീലവീഴും.

വെളിച്ചം ഏകാന്തതയുടെ ശത്രുവാണ്.

കവി പാടിയതുപോലെ ' വെളിച്ചം ദു:ഖമാണുണ്ണീ..........................'

പക്ഷേ കാര്യങ്ങൾ തമ്മിൽ പൊരുത്തമില്ലല്ലോ. ഒരേസമയം ഇരുട്ട് ശത്രുവും മിത്രവുമാവുന്നു.

ഞാൻ മംഗളം എന്നെഴുതി വരയിട്ടു. എന്നിട്ട് എഴുന്നേറ്റു.

പക്ഷേ അതിനുമുമ്പ് സൂര്യൻ എഴുന്നേറ്റിരുന്നു. വാടിക്കരിയുമെന്നറിയാതെ രാവിലെ വിരിഞ്ഞ പൂക്കളെ പോലെ

**മംഗളം**


*Best compliments from*

The Real Agents Fashion Maker's

City-men

Malabar Complex, Iritty

# സമരം



പ്രമോദ് കുമാർ . പി.
മൂന്നാം വർഷ ബി.കോം.

സ്വർഗ്ഗത്തിൻ കിളിവാതിൽ മലർക്കെ തുറന്നിട്ടു
താഴേക്കു നോക്കി ദൈവം സ്തബ്ധനായിരുന്നുപോയ്
യുവ സംഘങ്ങൾ കൊടിയേന്തിയരണ്ടോ ചൊല്ലി
കോളേജങ്കണത്തിന് ചുറ്റുമായി നടക്കുന്നു
അങ്ങിങ്ങു കാഴ്ചക്കാരായ് വേറെയും വിദ്യാർത്ഥിക-
ളേറെയുണ്ടെന്തിതെന്നമ്പരന്നു പോയ് ദൈവം
കക്ഷി കലാലയമുറ്റത്തി വിദ്യാർത്ഥികൾ
ക്ലാസിലും കയറാതെ ' ചെത്തി' നടന്നീടുന്നു
ദുഖിച്ചു നിൽക്കും ദൈവം നോക്കിനിൽക്കയാമുറ്റ -
ത്തയ്യയ്യോ ബഹളമായ് അടിയും കുത്തുമേറും
സൈക്കിൾചെയിൻ കൊണ്ടുള്ളടിയും കഠാരതൻ
കുത്തുമേറ്റൊരു കുട്ടി മരിച്ചുവീണു മണ്ണിൽ
പെട്ടെന്നൊരു കോണിലായ് 'മീറ്റിങ്ങും' തുടങ്ങിയ-
ക്കുട്ടിതൻ മരണത്തിന്നു
പഠിക്കാനായ് വിട്ട മകന്റെ ദുരന്തം കേ-
ട്ടാർത്തനാദത്തോടെയാ മാതാപിതാക്കളെത്തി.
പൊട്ടിക്കരഞ്ഞു കൊണ്ടമ്മയാ പൊൻ മകന്റെ
നിശ്ചല ജഡത്തിൻമേൽ നിശ്ശേഷ്ടയായ് വീണു.
മന്ത്രിമാരെത്തി വീട്ടിൽ കുട്ടിതൻ മരണത്തിൽ
അനുശോചിച്ചിട്ടയ്യോ മടങ്ങി കഷ്ടം !!
വാതിലും ചേർത്തടച്ചു ദുഃഖിതനായി ദൈവം
ചോദിച്ചതെൻ കുട്ടികൾക്കെന്തു പറ്റിയെന്നേവം
ഇതുകേട്ടൊരു ഭൃത്യൻ ചൊല്ലിനാൻ വിനീതനായ്
ഇതുതാൻ ഭഗവാനേയിന്നത്തെ "പുരോഗതി."



മനസ്സിനുള്ളിൽ
ഒളിച്ചു വെച്ച
ഒരായിരം
മോഹങ്ങൾ
അറിയാൻ
അവളുടെ
ചിലഭാവങ്ങൾ
മാത്രം മതിയായിരുന്നു.
അവളെ മാത്രം
വിലപ്പെട്ടതാണെന്ന്
പറയാൻ വെമ്പുന്ന
നിമിഷങ്ങൾ നിറങ്ങളുടെ
ചിറകുകൾ നൽകി
അവയെ എന്നെന്നും
സ്വന്തമാക്കാൻ ഇല്ല.
സ്വർണ്ണത്തിന്റെ
പൊലിമക്കല്ലാതെ
മറ്റൊന്നിനും
അതിനാവില്ല.
തീർച്ച

*Masters never argue. The choice is*

# Alukkas

**Fort Road, KANNUR**
**Ph: 501893 / 560836**

ഗുണമേന്മയിൽ എന്നും മുൻനിരയിൽ



സെബാസ്റ്റ്യൻജോസ്. പി.
II BSc. Physics

# ഒരു മഞ്ഞുകാലത്തിന്റെ ഓർമ്മയ്ക്ക്...

വീടിന്റെ തെക്കുവശത്ത് ചിതയെരിഞ്ഞു തീർന്നിട്ടില്ല വേണുവൊഴിച്ച് ബാക്കിയെല്ലാവരും സാധാരണപോലെ ഓരോ പ്രവൃത്തിയിലേർപ്പെട്ടിരിക്കുന്നു. അനുജന്റെ മുറിയിൽ നിന്നു തകർപ്പൻ ഹിന്ദി ഗാനം കേൾക്കാം. അടുക്കളയിൽ നിന്നു പാത്രങ്ങളുടെ ശബ്ദം ഉമ്മറത്തെ ടെലിവിഷനിൽ നിന്നും പാശ്ചാത്യ സംഗീതം ഉയരുന്നു. ആകെ ഒരു കോലാഹലം തന്നെ. പക്ഷേ വേണുമാത്രം ജനാലയിലൂടെ ചിതയിലേക്ക് നോക്കിയിരിക്കുന്നു. ആ ചിതയിലെരിയുന്നത് വേണുവിന്റെ ഭാര്യയും കുഞ്ഞുമാണ്. !

അനാഥയെ വിവാഹം ചെയ്തത് അവളോടുള്ള സഹതാപം കൊണ്ടായിരുന്നില്ല. വേണുവിന്റെ സുഹൃത്തായ ജോസിന്റെ കല്യാണത്തിന് പള്ളിയിൽ വച്ചാണ് ആദ്യമായി അവളെ കാണുന്നത്. ഭക്തിനിർഭരമായ അന്തരീക്ഷത്തിൽ പ്രാർത്ഥനാപുസ്തകം മാറോടുചേർത്ത്പിടിച്ച് സ്തുതിഗീതമാലപിക്കുന്ന ഒരുപെൺകുട്ടി. അവളിലെ നിഷ്കളങ്കത അവനെ വല്ലാതെയാകർഷിച്ചു. ഒരു പെൺകുട്ടി മനോഹരമായ ഒരു പുഷ്പം കാണുമ്പോൾ സ്വന്തമാക്കാനാഗ്രഹിക്കുന്നതുപോലെ വേണുവും ആഗ്രഹിച്ചു.

'അവളെ സ്വന്തമാക്കണം'. വരാനുള്ളതൊന്നും അയാൾ കാര്യമാക്കിയെടുത്തില്ല. വേണു ജോസിനോട് അവളെപ്പറ്റി ചോദിച്ചു. അപ്പോഴാണ് അവനറിയുന്നത് റീന അനാഥയാണ്. മഠത്തിൽ ചെറിയ സഹായങ്ങളൊക്കെ ചെയ്ത് കഴിഞ്ഞു കൂടുന്നു. തന്റെ ആഗ്രഹം അവൻ ജോസിനോട് പറഞ്ഞു. വിവാഹത്തിനുവേണ്ട ഏർപ്പാടുകൾ ജോസ് ചെയ്തു കൊടുത്തു. ടാക്സിഡ്രൈവറായ വേണുവിനെ ഭർത്താവായി സ്വീകരിക്കാൻ അവൾക്ക് സമ്മതമായിരുന്നു. വീട്ടിലെല്ലാവരും എതിർത്തെങ്കിലും വേണുവിനതൊരു വാശിയായിരുന്നു. കുറച്ച് സുഹൃത്തുക്കളുടെ സാന്നിദ്ധ്യത്തിൽ റജിസ്റ്റർ വിവാഹം ചെയ്തശേഷം ഒരു വാടക വീട്ടിലേക്ക് അവർ നടന്നു നീങ്ങി.

അത് ഡിസംബർ മാസമായിരുന്നു. നല്ല മഞ്ഞുള്ള സമയം. സുഹൃത്തുക്കളെല്ലാം പിരിഞ്ഞു പോയി. അവർ രണ്ടു പേർ മാത്രമായി.

" നമുക്ക് പുറത്തേക്കിറങ്ങിയിരിക്കാം" അവൾ പറഞ്ഞു.

" പുറത്തു മഞ്ഞുണ്ട്, ഇവിടെയിരുന്നാൽ പോരെ"?

"സാരമില്ല,മഞ്ഞുകാലംഎനിക്കേറ്റിഷ്ടമാണെന്നോ! എന്നും മഞ്ഞുണ്ടായിരുന്നെങ്കിൽ "

" നിന്റെയിഷ്ടം പോലെയാവട്ടെ". അവർ പുറത്തിറങ്ങിയിരുന്നു.

ഏതോ ഒരു ജീപ്പ് വീട്ടുപടിക്കൽ വന്നു നിന്നു. വേണു അത്ഭുതം കൊണ്ട് സ്തബ്ധനായി നിന്നു.

അച്ഛനുമമ്മയും, അനുജനും വന്നിരിക്കുന്നു. ഇനിയെന്തൊക്കെയാണാവോ നടക്കാൻ പോകുന്നത്. "കയറി വരൂ, അകത്തേക്കിരിക്കാം". വേണു അവരെ സ്വാഗതം ചെയ്തു.

" നിന്റെ ആതിഥ്യം സ്വീകരിക്കാനല്ല വന്നത്. എവിടെ ആ പിഴച്ച പെണ്ണ്, ഒന്നുകാണട്ടെ. എടീകൊച്ചേ, നിന്റെ തന്തയാര്? തള്ളയാര് ? ജാതിയേത് ? മതമേത് ? ഓ, ആരും ചോദിക്കാനും പറയാനുമില്ലല്ലോ? എന്നാലേ വേണു അതുപോലെയല്ല. അവനെ കൊണ്ടുപോകാനാ ഞങ്ങള് വന്നത്. ഇറങ്ങി വന്ന് ജീപ്പിൽ കയറെടാ " —— അച്ഛൻ അലറി.

" ഞാൻ വരുന്നില്ല, അഥവാ വരുന്നെങ്കിൽ റീന കൂടെയുണ്ടാകും".

" ഓ, ഒരു റീന, എന്നു കിട്ടിയെടാ നിനക്കവളെ? കുടുംബത്തിൽ പിറന്നവളാണോടാ അവള്? നൊന്തുപെറ്റ അമ്മയേക്കാൾവലുതാ നിനക്കവള് ? വേണ്ടെടാ, നീ വരണ്ട. നീയവളുടെ കൂടെയങ്ങ് പൊറുത്തോ. എന്നെങ്കിലും നീ തെണ്ടിതിരിഞ്ഞ് വീട്ടിൽവരും. പച്ചവെള്ളം ഞാൻ തരുകേല ഹും". അമ്മയുടെ ഊഴവും കഴിഞ്ഞു. "ഇനി നിനക്കുവല്ലതും പറയാനുണ്ടോ ? വേണു അനുജനോട് ചോദിച്ചു.

"ഓ, ഇനിയെന്തുപറയാനാ ? കൂട്ടുകാരുടെ മുഖത്ത് നോക്കാൻ മേലാ. ഇനി ഞാനെങ്ങിനെ കോളേജിൽ പോകും ? ചേട്ടന് ചേട്ടന്റെ വിചാരം മാത്രമായിപ്പോയത് അൽപം കഷ്ടംതന്നെ. ഒരു പെണ്ണിനെ കണ്ടപ്പോൾ ചേട്ടനെല്ലാം മറന്നു."

"വാടാ പോകാം, അവനായി, അവന്റെ പാടായി "

അവർ അവിടെനിന്നും പോയി.

" സാരമില്ല, ഇതൊന്നും കാര്യമാക്കേണ്ട ഇനി നമുക്ക് നമ്മുടെ കാര്യം വരും". വേണു അവളെ വിളിച്ചു, ആശ്വസിപ്പിച്ചു.

വർഷം ഒന്നുകഴിഞ്ഞു ടാക്സിപ്പണി കൊണ്ട് കിട്ടുന്ന പണം കൊണ്ട് അവർ വലിയ ബുദ്ധിമുട്ടൊന്നുമില്ലാതെ കഴിഞ്ഞുവന്നു. റീന പ്രസവിച്ചു എന്ന വാർത്തയറിഞ്ഞ് ആശുപത്രിയിലേക്ക് കുതിച്ച വേണുവിന്റെ ജീപ്പ് ലോറിയുമായി തട്ടി വേണുവിന്റെ കാലൊടിഞ്ഞ് ആശുപത്രിയിലായി. ആരോ കുഞ്ഞിനെയെടുത്ത് വേണുവിന് കാണിച്ചുകൊടുത്തു. റീനയെപ്പോലെതന്നെ സുന്ദരിയായ ഒരു പെൺകുഞ്ഞ്. റീനയെപ്പോലെ ഇവളും അനാഥയായി ജീവിക്കരുത് പക്ഷേ തന്റെ ഇപ്പോഴത്തെ ഗതി വേണുവിനെ വല്ലാതെ ഉലച്ചു. ജോസിന്റെ സഹായം കൊണ്ട് ആശുപത്രിച്ചെലവൊക്കെ കുഴപ്പമില്ലാതെനടന്നു.

വീട്ടിൽമടങ്ങിയെത്തിയെങ്കിലും പരിപൂർണ്ണ സുഖമാകാതെ ജോലിയ്ക്ക്പോകാൻ കഴിയുകയില്ലാല്ലോ എന്നോർത്തപ്പോൾ വേണുവിന് വല്ലാത്ത വിഷമം തോന്നി. കുഞ്ഞിനു മരുന്നു വാങ്ങണം. വീട്ടുടമയാണെങ്കിൽ വാടകയ്ക്ക് വേണ്ടി അലമുറയിടുന്നു. സ്വന്തം വീട്ടുകാരാണെങ്കിൽ തിരിഞ്ഞുനോക്കുന്നതുപോലുമില്ല.

എന്നാൽ ഒരുദിവസം ദൈവദൂതരെപോലെ അവരെത്തി. അച്ഛനെയും അമ്മയെയും കണ്ടപ്പോൾ വേണുവിന് വിശ്വസിയ്ക്കാനായില്ല. അമ്മയുടെ കൈയിലതാ തന്റെ കുഞ്ഞ്.

" നിങ്ങളെന്തിനാ മക്കളെ ഇവിടെയിങ്ങനെ കഴിയുന്നത് ? നാട്ടുകാരെന്തുവേണമെങ്കിലും പറഞ്ഞോട്ടെ, എന്റെ മക്കള് വീട്ടിലേക്കുവാ. ഇപ്പോത്തന്നെ പോകാം". അച്ഛന്റെ വാക്കുകൾ വേണുവിനു വിശ്വസിക്കുവാനായില്ല. എല്ലാം ശുഭമായി വേണുവിന്റെ മനസു മന്ത്രിച്ചു.

പക്ഷേ വീട്ടിൽവന്നു രണ്ടുദിവസം കഴിയുന്നതിനു മുൻപ് തന്നെ വേണുവിന് മനസിലായി, അമ്മയ്ക്കു ആവശ്യം മകനെയും മരുമകളേയുമായിരുന്നില്ല. മറിച്ച്, ഒരു വേലക്കാരിയെയായിരുന്നു. തൊട്ടതിനും പിടിച്ചതിനുമെല്ലാം അവർ റീനയെ വഴക്കുപറഞ്ഞു. ഒരിക്കൽ അമ്മ അവളെതല്ലുന്നതും വേണുകണ്ടു.

"അമ്മയെന്താണീചെയ്യുന്നത് ?

ഇതിനായിരുന്നെങ്കിൽ പിന്നെന്തിനാണ് ഞങ്ങളെയിവിടെ വിളിച്ചുകൊണ്ടുവന്നത്". ?

"പോക്കില്ലാത്ത നീയെന്തിനാടാ ചോദിക്കാൻ വരുന്നത്? വീട്ടിന്റെ വാടകയിനത്തിൽ രൂപാ രണ്ടായിരം നീയല്ലല്ലോ എണ്ണിക്കൊടുത്തത്? പിന്നെ ഞാനിവളെ ഇവിടുത്തെറാണിയായി വാഴിയ്ക്കാം. അമ്മയുടെ ചോദ്യത്തിന് വേണുവിനുത്തരമില്ലായിരുന്നു. "ഒന്നും സാരമില്ല ഞാനിതെല്ലാം സഹിച്ചോളാം. നമ്മുടെ കുഞ്ഞിനുവേണ്ടി........".

റീനയുടെ സ്വരമിടറി. വേണു സ്വന്തം മനസ്സിനെ പഴിച്ചു. പാവം റീനയെ...... ഒന്നും വേണ്ടിയിരുന്നില്ല.

പക്ഷെ എന്തുചെയ്യും. എല്ലാം സംഭവിച്ചു വരാനുള്ളതു വഴിയിൽ തങ്ങില്ലല്ലോ. ? അവൻ ആശ്വസിച്ചു.

'എല്ലാം സഹിച്ചോളാം; നമ്മുടെ കുഞ്ഞിനുവേണ്ടി എന്നുപറഞ്ഞ അവൾ പിന്നെന്തിനിങ്ങനെയൊരു കടുംകൈ ചെയ്തു?.

"എന്നെപ്പോലെ എന്റെ കുഞ്ഞും ആരുമില്ലാത്തവളായി വളരാൻ ഞാനാഗ്രഹിക്കുന്നില്ല. കുഞ്ഞിനെ ഞാൻ കൊണ്ടുപോകുന്നു".

അവൾ എഴുതിവച്ചിരുന്ന കത്ത് വേണു പലയാവർത്തി വായിച്ചു. 'സുഖമില്ലാത്ത ഈ കാലുകൊണ്ട് ഒരനാഥനെപ്പോലെ എന്തിനു കഴിയണം.

അവൻ ചിതയിലേയ്ക്കു നോക്കി.

ചുവന്ന കനലുകൾക്കിടയിൽ റീനയുടേയും കുഞ്ഞിന്റെയും പുഞ്ചിരിയുയരുന്നതുപോലെ അവനു തോന്നി.

'മഞ്ഞുകാലം മോഹിച്ച അവൾ ഇതാ കടുത്ത ചൂടിൽ ഉരുകിത്തീർന്നിരിക്കുന്നു.

ഇരുട്ടിന്റെ ഏകാന്തതയിൽ കത്തിയമരുന്ന ചിതയും വേണുവും മാത്രം. മനസ്സിൽ മഞ്ഞുകാലത്തിന്റെ ഓർമ്മകൾ മാത്രം........

വെറും ഓർമ്മകൾ മാത്രം.

***"There is a great man who makes everyman feel small. But the real great man is the man who makes every man feel great"***

***Charles Dicken***

ആശംസകൾ.....................

Phone : Resi : 491738

വസ്ത്രങ്ങൾക്ക് !

ശാന്തി

റെഡിമെയ്ഡ്സ്& ടെക്സ്റ്റയിൽസ്

ജംഷീർ കോംപ്ലക്സ്. ഇരിട്ടി

ആശംസകളോടെ......

# അമല ഹോസ്പിറ്റൽ

# ഇരിട്ടി

**ഗൈനക്കോളജിവിഭാഗം**

**ഡോ: അന്നമ്മ മാത്യു**
**M.B.B.S. D.G.O.**
(ചീഫ് മെഡിക്കൽ ഓഫീസർ)

**ഡോ :ഗീത.കെ.**
M.B.B.S. A.D.

**പീഡിയാട്രിക്സ് വിഭാഗം**

**ഡോ: പ്രകാശ് കമ്മത്ത്**
**M.B.B.S. M.D.**
(ശിശുരോഗ വിദഗ്ദൻ)

**അനസ്തിസിയോളജി വിഭാഗം**

**ഡോ : ഓംകാരമൂർത്തി.**
(M.B.B.S. A.D.A)

**(അത്യാഹിത വിഭാഗം 24 മണിക്കൂറും പ്രവർത്തിക്കുന്നു.)**

ആശംസകളോടെ..........................


# ഇരിട്ടി സഹകരണ


# റൂറൽ ബാങ്ക് ലിമിറ്റഡ്,

നമ്പർ എഫ് 1227

ഹെഡ്ഡാഫീസ് ഇരിട്ടി.

ശാഖകൾ : അങ്ങാടിക്കടവ്, എടൂർ, പേരാവൂർ





**JOBI ABRAHAM**
III D.C. Commerce

## *SHE*

Pulling me towards her and....
Rising my heart beats twice.
Attracting my nerves beyond limits ;
Thirst of love flows out and....
Hopes,wishes,dreams,passions of an
innocent boy become true
Battles fought between us;
Hide outs are explored and destroyed
At last into the deep heaven of
Virtue and luck, and we in the
Valley of love flow away.

*With Best Compliments From..........*

# DIVINE ELECTRONICS

Main Road, IRITTY.

**Ph: 491141**

Dealers in : BPL, PHILIPS, LG, KELVINATER

*With Best Compliments From..........*

# ഷൈനി

## സ്റ്റുഡിയോ, ഇരിട്ടി.

Phone : 491661

*Best compliments from.................*

# FOCUS STUDIO


Near Christian Church, IRITTY.

PH: 491778

*With Best Compliments From..........*

# MILAN MARBLES

PAYANCHERIMUKKU, IRITTY



JIBI MON. JOSEPH
*II Bsc. Physics.*

## TEARS



Break a leg-
And tears come,
Break a heart-
And tears come
You love with them,
You hate with them,
You come with them,
And you go with them.
Tears! who feigns
"They are not powerful?"

*One doesn't discover new lands without consenting to lose right of the shone for the very long time*
***-Andre Gide***

*Grief drives men to serious reflection, sharpens the understanding and softens the heart.*
***-John Adams.***

*Invenors and men of genious have almost always been regrded as fools at the beinning ( and very often at the end) of their careers.*
***-Dostoevsky***

Ph : 481281,
491752(R)

D

ദർശന

ടെക്സ്റ്റയിൽസ് & റെഡിമെയ്ഡ്സ്

ഇരിട്ടി

വസ്ത്രവ്യാപാര രംഗത്ത് 25 വർഷത്തെ സേവന പാരമ്പര്യമുള്ള
ഇരിട്ടിയിലെ ഏക സ്ഥാപനം.

സ്വയം നൽകുന്ന മാതൃകയാണ് ഏറ്റവും നല്ല ഉപദേശം.


- സിസറോ

ഒരു ശത്രുവും ഇല്ലാതിരിക്കുകയും എല്ലാവരും പുകഴ്ത്തിപ്പറയുകയും ചെയ്യുന്നതിനേക്കാൾ മോശമായ ഏതു കുറ്റപത്രമാണ് ഒരുവന് ലഭിക്കാവുന്നത്.

- ആന്റണി ഡി മെല്ലോ എസ്.ജെ.

മനുഷ്യരാശിയെ ഒന്നടങ്കം പഠിക്കേണ്ടതില്ല ; ഒരു മനുഷ്യനെ പഠിച്ചാൽ മതി

- അലക്സാണ്ടർ പോപ്പ്



ഫക്കീർ അരയാക്കൽ
II[nd] B.Com

# എല്ലാവരും ഈ വഴിയെ.........

പലരും പറയുന്നു, സ്നേഹിക്കാൻ വിഷമമാണ് മറക്കാൻ എളുപ്പവും. ചിലർ നേരെ മറിച്ചും. എന്തുതന്നെയായാലും കോളേജ് കാമ്പസിൽ ശാപം വിതറിക്കൊണ്ടാണ് ഏപ്രിൽ മാസത്തിന്റെ വരവ്. വിരഹത്തിന്റെ, ദുഃഖത്തിന്റെ മാസം. മൗനത്തെ ഭേദിച്ച് യാന്ത്രികമായിവരുന്ന വാക്കുകളുടെ അകമ്പടിയോടെ പിരിയുന്നവരെ യാത്രയാക്കുമ്പോൾ രണ്ടോ മൂന്നോ വർഷം പഴക്കമുള്ള ആത്മബന്ധങ്ങളാണ് പൊലിഞ്ഞ് പോകുന്നത്. മരത്തിന്റെ ഇലപൊഴിഞ്ഞ ചില്ലകളിൽ നിന്ന് ഓർമ്മ പൂക്കൾ കൊഴിഞ്ഞ് വീഴുകയാണ് ഇവിടെ. കാലത്തിന്റെ ഹൃദയത്തിൽ ഇവിടെ കയ്പുനീർ കുത്തിനിറയ്ക്കുകയാണ്.

ഒരുപാട് വ്യക്തിബന്ധങ്ങളുടെയും പ്രണയബന്ധത്തിന്റെയും, സ്നേഹബന്ധത്തിന്റെയും വേർപിരിയൽ ആർക്കാണ് എളുപ്പത്തിൽ അതിന് സാധിക്കുക? ചിലപ്പോൾ സ്നേഹത്തിന്റെ ഇലകൾ കൊഴിഞ്ഞ് വീഴുകയാണ്. അവിടെ പുഷ്പിക്കാത്ത, ഹരിതാഭമല്ലാത്ത ഒരു പടുകൂറ്റൻ വൃക്ഷം മാത്രം. സ്വപ്നങ്ങൾ, പ്രതീക്ഷകൾ എല്ലാം ഇവിടെ നശിക്കുന്നു. എല്ലാം ഇവിടെ അർത്ഥശൂന്യമാവുന്നു.

കോളജ് ജീവിതത്തിന്റെ അവസാനഭാഗം പലർക്കും പലതരത്തിലാണ്. ദുഃഖങ്ങൾ സമ്മാനിക്കുന്നത്. "ഞങ്ങൾ ജ്യേഷ്ഠാനുജന്മാരാണ്. ഒരുമിച്ച് പഠിക്കുന്നു. ഒരുമിച്ച് ക്ലാസ് കട്ട് ചെയ്ത് സിനിമ കാണാൻ പോകുന്നു. ഞങ്ങൾ എങ്ങനെയാണ് വേർപിരിയുക. ആർക്കാണ് ഞങ്ങളെ വേർതിരിക്കാൻ സാധിക്കുക."

സ്നേഹം ഇവിടെ ആകാശം മുട്ടെ വളർന്നിരിക്കുന്നു. "അവൾ എന്റെ എല്ലാമെല്ലാമാണ്, ഒരു ദിവസംപോലും അവളെ പിരിഞ്ഞിരിക്കാൻ ആവില്ല, ഞങ്ങൾ എങ്ങനെയാണ് വേർപിരിയുക"?. അതെ, ഒരിക്കലും വേർപിരിയാത്ത ഇണക്കുരുവികൾ. ആകാശം നിറയെ വർണ്ണരാജി വിതറികൊണ്ട് കോളജ് കാമ്പസ് നല്കിയ സ്വപ്നങ്ങളുമായി അവർ പാറുകയാണ്. പുതിയൊരു സ്വപ്നലോകത്തിലേക്ക്. ഇവിടെ പ്രണയവും കവിതയും വീണ്ടും പൂത്തുലയുന്നു.

സൗഹൃദത്തിന്റെയും പ്രണയത്തിന്റെയും പരവശതകൾ വർത്തമാന കേമ്പസുകളിൽ നിന്ന് അകന്നു കൊണ്ടിരിക്കുന്നു. ഇവിടെ കാരുണ്യം വറ്റിയ ഹൃദയങ്ങൾ മാത്രം. ദുഃഖസാന്ദ്രമാവാത്ത അവ കണ്ണുനീർപാടങ്ങൾ സൃഷ്ടിക്കുന്നില്ല. വിപണന തന്ത്രം കൊണ്ട് വരിഞ്ഞുകെട്ടപ്പെട്ട സംസ്കാര വൈകൃതം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നസ്നേഹം ഇവയെല്ലാം ഹൃദയങ്ങളെ അരിപ്പകളാക്കിമാറ്റിയിരിക്കുന്നു. അല്ലായിരുന്നുവെങ്കിൽ യാത്രയയപ്പുകളൊക്കെ ധന്യമാവുമായിരുന്നില്ലേ? വിസ്മൃതിയുടെ മധുരം ആർത്തിയോടെ കുടിക്കുകയാണ് അവർ.

ഓർമകളെ അനശ്വരമാക്കുന്ന, സ്നേഹത്തെ വിളിച്ചറിയിക്കുന്ന യാത്രയപ്പുകളുടെ കാലമൊക്കെ കഴിഞ്ഞു പോയിരിക്കുന്നു. ഇന്നത്തെ സമൂഹം കീറിമുറിക്കപ്പെട്ടിരിക്കുന്നു. ആകുലതകളും ഉത്കണ്ഠയുമില്ലാത്ത, സ്നേഹത്തിന്റെ വീണ്ടെടുപ്പില്ലാത്ത ഒരുതരം നിർവ്വികാര ജീവിതം. കാല്പനിക ഭാവനകളിലും, സന്ദേശങ്ങളിലും ആശംസകളിലും ഒതുങ്ങിയിരിക്കുന്നു. ഇന്നത്തെ യാത്രയപ്പുകൾ. പക്ഷേ യാത്രയപ്പുകൾ ജീവിതത്തിൽ അനിവാര്യമാണ്. കാലപ്രയാണത്തിൽ മറ്റുള്ളവർക്കും ഒരവസരം. അതെ, നമുക്ക് പാറിയകലാം, ഓർമ്മ പൂക്കൾ മാത്രം വിരിയുന്ന ആ വലിയ വൃക്ഷത്തിന്റെ ചില്ലകളിലേക്ക്..........!

□

ആശംസകൾ..........

# ഹൈലാന്റ് സ്റ്റീൽസ്

(ക്രിസ്ത്യൻ പള്ളിക്ക് മുൻവശം)

## ഇരിട്ടി

Dealers in: കമ്പി, സിമന്റ്, ബിൽഡിങ്ങ് മെറ്റീരിയൽസ് etc.

## Manathana Service Co-operative Bank Ltd.

No. L.L. 14

P.O. MANATHANA - 670 677
Br. PERAVOOR
Kannur Dt. Kerala

എല്ലാവിധ ബേങ്കിങ്ങ് ഇടപാടുകളും നടത്തുന്നു.

❁

ആകർഷണീയമായ വിവിധതരം നിക്ഷേപപദ്ധതികൾ

❁


കാർഷിക വ്യവസായിക വായ്പകളും വിവിധ കാർഷികേതര വായ്പകളും നൽകുന്നു

❁

സെയിഫ് ഡെപ്പോസിറ്റ് ലോക്കർ സൗകര്യം ലഭ്യമാണ്

സെക്രട്ടറി
എ. കമലം

പ്രസിഡണ്ട്
കെ.വി. ബാലൻ നമ്പ്യാർ



VINOD M.K.
II D.C Commerce

# വിവേകാനന്ദസൂക്തങ്ങൾ

## ഒരു വിശകലനം

സ്വാതന്ത്ര്യത്തിന്റെ അൻപത് വർഷങ്ങൾ പിന്നിട്ട നമുക്ക് സ്വാതന്ത്ര്യം ഓരോ പൗരന്റെയും ജീവിതയാഥാർത്ഥ്യമാക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ് നിർഭാഗ്യകരമായ വസ്തുത. 1897-ൽ തന്റെ വിദേശപര്യടനം പൂർത്തിയാക്കി ഭാരതത്തിൽ മടങ്ങിയെത്തിയ സ്വാമി വിവേകാനന്ദൻ 50 വർഷങ്ങൾക്കുള്ളിൽ രാജ്യം സ്വാതന്ത്ര്യം പ്രാപിക്കും എന്ന് പ്രവചിച്ചിരുന്നു. അതോടൊപ്പം അദ്ദേഹം ഇന്ത്യയിലെ യുവജനങ്ങളോട് ചോദിച്ചു സ്വാതന്ത്ര്യത്തെ കാത്ത് പരിരക്ഷിക്കാൻ കഴിവുള്ള പുണ്യപുത്രന്മാർ എവിടെ എന്ന്. 100 വർഷങ്ങൾക്കു ശേഷം ഇന്നത്തെ രാഷ്ട്രീയ ഗതിവിഗതികൾ കാണുമ്പോൾ സ്വാമിജിയുടെ ചോദ്യത്തിന്റെ പ്രസക്തി ഏറുകയാണ്.

സ്വാഭിമാനബോധം നഷ്ടപ്പെട്ട് ആത്മവിസ്മൃതിയിലകപ്പെട്ട സമൂഹത്തിൽ ഭാരതീയ മൂല്യബോധത്തിന്റെ കർമ്മശാസ്ത്രം അഭ്യസിപ്പിച്ച് സ്വത്വബോധത്തിൽ ഉറപ്പിച്ചു നിർത്തിയ വിവേകാനന്ദ സ്വാമികൾ ഇന്നത്തെ തലമുറയ്ക്ക് ഏറെയൊന്നും പരിചിതനല്ല. ലക്ഷ്യബോധം നഷ്ടപ്പെട്ട് നിരാശയിലേയ്ക്ക് നിപതിക്കുന്ന യുവാക്കൾക്കു മുൻപിൽ ജ്വലിക്കുന്ന ദീപസ്തംഭമായി സ്വാമിജി നിലകൊള്ളുന്നു. നമുക്ക് സ്വാമിജിയുടെ പ്രബോധനങ്ങൾ ഒന്നു ശ്രവിക്കാം.

**യുവാക്കളും ശക്തരും ഊർജ്ജസ്വലരുമായവരെ!**

ആണുങ്ങൾ. ആണുങ്ങൾ! അതുതന്നെയാണ് വേണ്ടത് മറ്റെല്ലാം ശരിയായിക്കൊള്ളും. പക്ഷെ നമുക്കിന്നാവശ്യം കരുത്തും ചുറുചുറുക്കും ശ്രദ്ധയുമുള്ള ചെറുപ്പക്കാരെയാണ്. അത്തരം നൂറുപേരുണ്ടെങ്കിൽ നമുക്ക് ഈ ലോകത്തെ മാറ്റിമറിക്കാനാവും.

പരിപൂർണ്ണമായ ആത്മാർത്ഥതയും പരിശുദ്ധിയും മഹത്തായ ബുദ്ധിശക്തിയും സകലതിനെയും കീഴടക്കാനുള്ള ഇച്ഛാശക്തിയും-ഇത്തരം ഗുണങ്ങളുള്ള വിരലിലെണ്ണാവുന്ന ആളുകൾ പ്രവർത്തിക്കട്ടെ. അപ്പോൾ ഈ ലോകമാകെ മാറിമറിയും.

വരിക ആണുങ്ങളാവുക! നിങ്ങളുടെ ഇടുങ്ങിയ മാളങ്ങളിൽ നിന്നും പുറത്തുവന്ന് വെളിയിലേയ്ക്കൊന്നു നോക്കുക. നിങ്ങൾ മനുഷ്യനെ സ്നേഹിക്കുന്നുവോ? നിങ്ങൾ നിങ്ങളുടെ രാജ്യത്തെ സ്നേഹിക്കുന്നുവോ? ഉണ്ടെങ്കിൽ വരു കൂടുതൽ ഉന്നതവും മഹനീയവുമായ കാര്യങ്ങൾക്കുവേണ്ടി പൊരുതാം. പിന്നോട്ട് നോക്കരുത്. ഏറ്റവും പ്രിയപ്പെട്ടവരുടെ കരച്ചിൽ കേട്ടാലും നോക്കരുത് പിന്നോട്ടല്ല നോക്കേണ്ടത് മറിച്ച് മുന്നോട്ടാണ്. ചുരുങ്ങിയത് തന്റെ ആയിരം വിരസന്താനങ്ങളുടെയെങ്കിലും ത്യാഗം, സേവനം, ഭാരതാംബയ്ക്കാവശ്യമാണ്.

എനിക്ക് വേണ്ടത് യുവാക്കളെയാണ്. ' യൗവനവും ശക്തിയും കൂർമ്മബുദ്ധിയുമുള്ളവർക്കാണ് ഈശ്വരനെ ലഭ്യമാവുന്നതെന്ന്' വേദങ്ങൾ പറയുന്നു. നിങ്ങളുടെ ഭാവി തീരുമാനിക്കാനുള്ള സമയം ഇതാണ്. യുവത്വത്തിന്റെ ശക്തി നിങ്ങളിലുള്ളപ്പോഴാണ്, അല്ലാതെ വാർദ്ധക്യം വന്ന് തളരുമ്പോഴല്ല, പ്രവർത്തിക്കുക ഇതാണ് സമയം.

ഭാരതത്തിന്റെ ഭാവി യുവതലമുറയുടെ കൈകളിലാണെന്ന് കൃത്യമായി തിരിച്ചറിഞ്ഞ സ്വാമിജി അവരിൽ പൗരുഷവും ധൈര്യവും തെളിഞ്ഞ ബുദ്ധിയും ഉള്ള വാക്കുവാനായി വിദ്യുത്പ്രവാഹം പോലുള്ള തന്റെ വാക്കുകൾ കൊണ്ട് ശ്രമിക്കുന്നു. സർവ്വ കഴിവുകളുടേയും ഉറവിടമാണ് ഓരോ യുവാവുമെന്ന് സ്വാമിജി വിശ്വസിച്ചു. അവരിൽ ഉറങ്ങിക്കിടക്കുന്ന അനന്തമായ കഴിവുകളെ പതിൻമടങ്ങാക്കി കർമ്മ രംഗത്തേക്ക് തിരിച്ചുവിടുകയും ചെയ്തു.

**ശക്തിയെ ആരാധിക്കുക**

നിങ്ങളോട് പറയുന്നതും പഠിക്കുന്നതുമെല്ലാം നിങ്ങൾക്കൊന്നും ചെയ്യാനാവില്ലെന്നാണ്. ദിനം പ്രതി

ത്തോറും നിങ്ങൾ അസ്തിത്വമില്ലാത്തവരായി മാറിക്കൊണ്ടിരിക്കുന്നു. നമുക്ക് വേണ്ടത് ശക്തിയാണ്. അതുകൊണ്ട് നിങ്ങളിൽ തന്നെ വിശ്വസിക്കുക. നാം ദുർബലരായിത്തീർന്നിരിക്കുന്നു അതുകൊണ്ട് തന്നെ ഗുപ്തവിദ്യയും നിഗൂഢവാദവുമെല്ലാം നമ്മെ പിടികൂടിയിരിക്കുന്നു. അവ നമ്മെ ഏതാണ്ട് നശിപ്പിച്ചുകഴിഞ്ഞിരിക്കുന്നു. നിങ്ങളുടെ ഞരമ്പുകളെ ശക്തിമത്താക്കുക. നമുക്ക് വേണ്ടത് ഇരുമ്പുകൊണ്ടുള്ള മാംസപേശികളും ഉരുക്കുകൊണ്ടുള്ള സിരാതന്തുക്കളുമാണ്. നാം വേണ്ടത്ര കരഞ്ഞു കഴിഞ്ഞു. ഇനി കരയരുത്. സ്വന്തം കാലിൽ നിന്ന് മനുഷ്യരാവുക. മനുഷ്യനെ നിർമ്മിക്കുന്ന മതമാണ് ഇന്നാവശ്യം. മനുഷ്യനെ നിർമ്മിക്കുന്ന തത്വങ്ങളാണാവശ്യം. മനുഷ്യരെ നിർമ്മിക്കുന്ന വിദ്യാഭ്യാസവും നമുക്കാവശ്യമാണ്.

ഏത് പ്രവർത്തിയിൽ വിജയം വരിക്കാൻ വേണ്ടത് സംശയത്തിന്റെ ഒരു കണികപോലുമില്ലാത്ത ഉറച്ച, തികഞ്ഞ, നിറഞ്ഞ ആത്മവിശ്വാസമാണെന്ന് സ്വാമിജി ഇവിടെ കാട്ടിത്തരുന്നു. ഇത് ആധുനിക മനശ്ശാസ്ത്രം വ്യക്തമാക്കുന്ന ഒരു കാര്യമാണ്.

**ഉണരുക എഴുന്നേൽക്കുക ലക്ഷ്യത്തിലെത്തുന്നതുവരെ തളരാതെ മുന്നേറുക**

ഒന്നിലും ഭയപ്പെടാതിരിക്കൂ. അതിശയകരമായ കാര്യങ്ങൾ ചെയ്യാൻ നിങ്ങൾക്കാവും. എന്നാൽ ഭയപ്പെടാൻ തുടങ്ങുമ്പോൾ നിങ്ങൾ ഒന്നുമല്ലാതാകും. അന്ധവിശ്വാസങ്ങളിൽ ഏറ്റവും പ്രധാനം ഭയമാണ്. അതുകൊണ്ട് ഉണരുക. എഴുന്നേൽക്കുക. ലക്ഷ്യത്തിലെത്തുംവരെ പതറാതെ മുന്നേറുക.

ഒരു പ്രവൃത്തിയിൽ വിജയിക്കാനായി നിരന്തരമായ അധ്വാനവും, പരാജയങ്ങളിൽ മടുക്കാതെ ലക്ഷ്യം കാണുന്നതുവരെ തുടർച്ചയായുള്ള ശ്രമവും ആവശ്യമാണെന്നാണ് സ്വാമിജി ഇവിടെ സൂചിപ്പിക്കുന്നത്.

<u>ഉത്തിഷ്ഠത ജാഗ്രത പ്രാപ്യവരാൻ നിബോധത</u>

യുവാക്കളേ, ഉണരുക, എഴുന്നേൽക്കുക. സമയം അനുകൂലമാണ് നമുക്കു മുന്നിൽ എല്ലാം തുറക്കപ്പെട്ടിരിക്കുകയാണ്. ഭയരുത്. നമുക്ക് ധീരനാകണം. അപ്പോൾ നമ്മുടെ യത്നം സഫലമാവും. ഉണരുക. എഴുന്നേൽക്കുക. നിങ്ങളുടെ രാഷ്ട്രത്തിന് ഈ മഹത്തായ ത്യാഗം ആവശ്യമാണ്. ഊർജ്ജസ്വലരും ശക്തന്മാരും ബുദ്ധിയുള്ളവരുമായ യുവാക്കളാണ് അത് ചെയ്യേണ്ടത്.

യുവാക്കളിൽ ധൈര്യവും ഓജസ്സും നിറച്ച് അവരെ രാഷ്ട്രപുനർനിർമ്മാണ പ്രക്രിയയിൽ സമർത്ഥരാക്കുകയെന്നത് വിവേകാനന്ദസ്വാമികളുടെ വളരെ പ്രധാനപ്പെട്ട ഒരു ലക്ഷ്യമായിരുന്നു.

<u>ലോകം ഭീരുക്കൾക്കുള്ളതല്ല</u>

ഈ ലോകം ഭീരുക്കൾക്കുള്ളതല്ല. പറന്നുപോകാൻ ശ്രമിക്കരുത്. വിജയപരാജയങ്ങൾ നോക്കരുത്. നിസ്വാർത്ഥമായ ഇച്ഛയോടെ പ്രവർത്തിക്കുക. വിജയിക്കാൻ പിറന്ന മനസ്സ് സ്വയം ദൃഢനിശ്ചയത്തോടെ പണിയെടുക്കുന്നു. കർമ്മം ചെയ്യാൻ നിങ്ങൾക്ക് അധികാരമുണ്ട്. എന്നാൽ ഫലം പ്രതീക്ഷിക്കാൻ മാത്രം നികൃഷ്ടനാവരുത്. നിരന്തരം കർമ്മം ചെയ്യുക. നിങ്ങൾ കർമ്മം ചെയ്യൂ. അപ്പോൾ കാണാം, മഹത്തായ ശക്തി നിങ്ങളിലേയ്ക്ക് വരുന്നത്. മറ്റുള്ളവർക്കു വേണ്ടി ചെയ്യുന്ന ചെറിയ കർമ്മം പോലും നിങ്ങൾക്കുള്ളിലെ ശക്തിയെ ഉണർത്തും. മറ്റുള്ളവർക്ക് അല്പം നന്മയ്ക്കായി ചിന്തിക്കുന്നതുപോലും ക്രമേണ ഹൃദയത്തിലേക്ക് ഒരു സിംഹത്തിന്റെ കരുത്തിനെ സന്നിവേശിപ്പിക്കും.

വിജയം നേടുവാനായി ധൈര്യത്തിന്റെ അത്ഭുതാവഹമായ പ്രാധാന്യത്തെപ്പറ്റിയും, കർമ്മം ചെയ്യുമ്പോൾ വളർത്തിയെടുക്കേണ്ട ശരിയായ മനോഭാവത്തെപ്പറ്റിയും സ്വാമിജിയുടെ പ്രബോധനം ഉജ്ജ്വലവും അതേസമയം സൂക്ഷ്മവുമാണ്.

<u>ശ്രദ്ധയില്ലെങ്കിൽ മരണം തന്നെ</u>

അവനവനിൽ വിശ്വാസമുണ്ടായിരുന്ന കുറേ ആളുകളുടെ ചരിത്രം തന്നെയാണ് ഈ ലോകത്തിന്റെ ചരിത്രവും. ഈ ആത്മവിശ്വാസം നിങ്ങളിലെ ദിവ്യതയെ വിളിച്ചുണർത്തുന്നു. നിങ്ങൾക്കെല്ലാം ചെയ്യാനാകും. ആ അനന്തശക്തിയെ വേണ്ടത്ര പ്രകടിപ്പിക്കാനാകാതെ വരുമ്പോഴാണ് നിങ്ങൾ പരാജയപ്പെടുക. എപ്പോഴാണോ ഒരു വ്യക്തിക്കോ രാഷ്ട്രത്തിനോ വിശ്വാസം നഷ്ടപ്പെടുന്നത് അപ്പോൾ മരണവും സംഭവിക്കുന്നു. അതുകൊണ്ട് ഈ ശ്രദ്ധയാണ് ഇവിടെ നമുക്കെല്ലാവർക്കും വേണ്ടത്. നമ്മിൽത്തന്നെയുള്ള വിശ്വാസം. നമ്മുടെ രക്തത്തിൽ അലിഞ്ഞുചേർന്നിട്ടുള്ള ദൗർബല്യങ്ങളെയെല്ലാം വലിച്ചെറിയൂ. എന്തിനെയും അവഹേളിക്കുന്ന ശ്രദ്ധയില്ലായ്മയുടെ രോഗങ്ങളെ വലിച്ചെറിയൂ, ശക്തരാവൂ. ഈ ശ്രദ്ധയെ ഉണ്ടാക്കൂ. അതിന്റെ പിന്നാലെ മറ്റെല്ലാം തനിയേ വന്നുകൊള്ളും.

ദൗർഭാഗ്യവശാൽ ഈ ശ്രദ്ധ ഭാരതത്തിൽ നിന്നേതാണ്ട് പോയി. അതുതന്നെയാണ് ഇന്നത്തെ ഈ അവസ്ഥയ്ക്കുള്ള കാരണവും. ഒരു വ്യക്തിയും മറ്റൊരു വ്യക്തിയും തമ്മിലുള്ള വ്യത്യാസത്തിനു കാരണം ഈ ശ്രദ്ധയല്ലാതെ മറ്റൊന്നല്ല. ഒരു വ്യക്തിയെ മഹാനും മറ്റൊരു വ്യക്തിയെ ദുർബലനും താഴ്ന്നവനുമാക്കാനുള്ള കാരണവും ഈ ശ്രദ്ധ തന്നെയാണ്. നാം ആത്മാവാണ്! അനശ്വരവും സ്വതന്ത്രവും ശുദ്ധവുമായ ആത്മാവ്. നമുക്കെപ്പോഴെങ്കിലും പാപം ചെയ്യാനാകുമോ? അസാദ്ധ്യം! ഇത്തരം വിശ്വാസമാണ് വേണ്ടത്. ഈ വിശ്വാസം നമ്മെ മനുഷ്യരാക്കും, ദേവന്മാരാക്കും. ഈ വിശ്വാസം നഷ്ടപ്പെട്ടതാണ് നമ്മുടെ അധഃപതനത്തിനുള്ള കാരണം.

പ്രവൃത്തിയെ വിജയകരമായി പൂർത്തിയാക്കണമെങ്കിൽ ഉണ്ടാവേണ്ട സമർപ്പണമനോഭാവവും സൂക്ഷ്മമായ ശ്രദ്ധയുമെല്ലാം എത്ര ആവർത്തിച്ചാലും അധികമാവില്ലായെന്ന് ഭാരതത്തിന്റെ നവോത്ഥാനത്തിൽ സമർപ്പിത തേജസായ സ്വാമിജി കരുതിയിരുന്നു. ശ്രദ്ധയോടെയുള്ള ശരിയായ പ്രവൃത്തി മനുഷ്യനെ ദൈവികമായ തലങ്ങളിലേക്ക് ഉയർത്തുന്നുവെന്ന്

അദ്ദേഹം കൃത്യമായി തിരിച്ചറിഞ്ഞിരുന്നു. ഭാരതത്തിന്റെ അധഃപതനത്തിന് കാരണം പ്രവൃത്തിയിലുള്ള ശ്രദ്ധയില്ലായ്മയാണെന്ന് സ്വാമിജി മനസിലാക്കി. മനുഷ്യരിലുള്ള ദൈവികതയെപ്പറ്റി സംസാരിച്ച സ്വാമിജി ആ തലങ്ങളിലേക്ക് മനുഷ്യനെ ഉയർത്തുന്നതിനുള്ള വഴിയിലേക്ക് വിരൽ ചൂണ്ടി. ശ്രദ്ധയും വിശ്വാസവും പ്രവൃത്തിയുമാണ് വേണ്ടതെന്ന് അദ്ദേഹം യുവജനങ്ങളെ ആഹ്വാനം ചെയ്തു.

<u>പ്രസംഗമല്ല വ്യക്തിത്വമാണ് വേണ്ടത്.</u>

പ്രസംഗംകൊണ്ട് ഇവിടെ ഒരു നയയുമുണ്ടാവില്ല. കൂടിയാൽ, നമ്മുടെ പ്രബുദ്ധരായ ജനങ്ങൾ പ്രസംഗം കേട്ട്, കൈ പിടിച്ചൊന്ന് കുലുക്കി, പ്രസംഗം നന്നായി എന്നൊരഭിപ്രായം പറയും. പിന്നീട് വീട്ടിൽ ചെന്ന് ആഹാരത്തോടൊപ്പം ദഹിപ്പിച്ചുകളയും. തുരുമ്പ് പിടിച്ച് ദ്രവിച്ച ഇരുമ്പുകഷണത്തിൽ ചുറ്റിക കൊണ്ടടിച്ചാൽ എന്താണുണ്ടാവുക? അതു കഷണങ്ങളായി ചിതറിച്ചിതറും. എന്നാൽ ആദ്യം അത് ചൂടാക്കി പഴുപ്പിച്ച് അതിൻമേൽ ചുറ്റിക കൊണ്ടടിച്ചാൽ അത് ഏതു രൂപത്തിൽ വേണമെങ്കിലും ആക്കാം. ജനങ്ങൾക്കുമുന്നിൽ സചേതനമായ ഒരു മാതൃകവയ്ക്കാതെ ഇവിടെ ഒന്നും പ്രയോജനമാകുകയില്ല. നമുക്കുവേണ്ടത് രാജ്യത്തിനുവേണ്ടി സർവ്വസ്വവും ബലിയർപ്പിക്കാൻ തയ്യാറുള്ള കുറേ ചെറുപ്പക്കാരേയാണ്. അത്തരം വ്യക്തികളെ ആദ്യം രൂപപ്പെടുത്തുക. അപ്പോൾ ഫലപ്രദമായ ചില പ്രവൃത്തികളും നമുക്ക് പ്രതീക്ഷിക്കാം.

എന്തു പറയുന്നുവെന്നതല്ല അല്ലെങ്കിൽ ഏതു ഭാഷയിൽ പറയുന്നു എന്നതല്ല മറിച്ച് പറയുന്നയാളുടെ വ്യക്തിത്വമാണ് ഓരോ വാക്കിന്റെയും പിന്നിലും ശക്തിയായി വർത്തിക്കുന്നത്. നമുക്കെല്ലാവർക്കും ചിലപ്പോഴൊക്കെ ഇതനുഭവപ്പെടും. ഉജ്ജ്വലവും അതിശയകരവുമായ യുക്തിബോധം പ്രകടിപ്പിക്കുന്നതുമായ പ്രസംഗങ്ങൾ നാമൾ കേൾക്കുന്നു. പിന്നീട് വീട്ടിൽചെന്ന് കഴിഞ്ഞ് അത് മറക്കുകയും ചെയ്യുന്നു. എന്നാൽ മറ്റൊരവസരത്തിൽ ലളിതമായ ഭാഷയിലുള്ള ചുരുക്കം ചില വാക്കുകൾ കേൾക്കുന്നു. അത് നമ്മുടെ ജീവിതത്തിലേയ്ക്ക് കടന്നുവരുന്നു. നമ്മുടെ തന്നെ ഭാഗമായി മാറുന്നു. തന്റെ വ്യക്തിത്വത്തെ വാക്കുകളിലേയ്ക്ക് സന്നിവേശിപ്പിക്കുന്ന വ്യക്തി മറ്റുള്ളവരെ സ്വാധീനിക്കുന്നു. എന്നാൽ അയാൾക്ക് ഉജ്ജ്വലമായ വ്യക്തിത്വമുണ്ടായിരിക്കുകയും വേണം.

ശരിയായ കാര്യങ്ങളെപ്പറ്റി സംസാരിക്കുന്നവർ കുറവല്ല. എന്നാൽ ആ വാക്കുകളിൽ നിറയുന്ന ആർജ്ജവം എല്ലാവരിലും അനുഭവവേദ്യമല്ല. സ്വാമിജിയിൽ നാം കാണുന്നത് ഓരോ വാക്കിലും നിറഞ്ഞു കവിയുന്ന ആർജ്ജവവും, ആത്മാർത്ഥതയും, ആത്മാർപ്പണവുമാണ്. വാക്കിന് ജീവൻ കൊടുക്കുന്നത്; അതിനെ ശക്തമാക്കുന്നത്; അത് പ്രയോഗിക്കുന്നവന്റെ വ്യക്തിത്വമാണെന്ന് സ്വാമിജി പറഞ്ഞു. വ്യക്തിയുടെയും: സമൂഹത്തിന്റെയും, രാഷ്ട്രത്തിന്റെയും സർവതോൻമുഖമായ വികസനം ലക്ഷ്യം വെച്ച സ്വാമിജിയുടെ വാക്കുകൾക്ക് തുല്യമായി ആധുനിക ഭാരതത്തിൽ മറ്റൊന്നില്ല.

വിവേകാനന്ദസ്വാമികൾ പ്രധാനപ്പെട്ട ഒരു ചരിത്രസന്ധിയിൽ ഭാരതത്തിന്റെ നഷ്ടപ്രായമായ ചേതന വീണ്ടെടുത്ത് കൊടുക്കുകയും അങ്ങിനെ ആധുനിക ഭാരതത്തിന്റെ സൃഷ്ടാക്കളിൽ പ്രമുഖനാവുകയും ചെയ്തു. ക്ഷീണിച്ച് വശംകെട്ട സൈന്യത്തെ പ്രഗത്ഭനായ ഒരു സൈന്യാധിപൻ ആവേശം കൊള്ളിച്ച് കർമ്മോത്സുകരാക്കുന്നതുപോലെയാണ് സ്വാമികൾ തന്റെ ജീവിതം ഭാരതീയർക്കു വേണ്ടി സമർപ്പിച്ചത്. സ്വതന്ത്ര ഭാരതം അനുഭവിക്കുന്ന മേൻമകൾക്ക് അടിസ്ഥാനമിട്ടത് വിവേകാനന്ദനായിരുന്നു. സ്വതന്ത്ര ഭാരതത്തെ വിഭാവനം ചെയ്ത ദീർഘദർശിയായ ഒരു യുഗപ്രഭാവനാണ് വിവേകാനന്ദൻ. ആത്മസാക്ഷാത്കാരം നേടിയ ഒരു യോഗിവര്യനും കൂടിയായിരുന്നു അദ്ദേഹം. രണ്ടുരീതിയിലും സാർത്ഥകമായ ജീവിതം നയിച്ച മറ്റൊരാളെ ഭാരതത്തിൽ കാണാനില്ല എന്നതാണ് സത്യം.

*With Best Compliments From.........................*

*Ph : 444484*
*Resi : 444684.*

**Sujatha Studio**

Colour, Black & White. Photos
Photo Lamination, Colour Film. Album.
**Peravoor .**

ആശംസകൾ.................

**ഷൈമ**

ഹെയർകട്ടിംഗ് സലൂൺ

പുന്നാട്

ആശംസകൾ....

രുചികരമായ ഭക്ഷണസാധനങ്ങൾക്ക്

**ഹോട്ടൽ അരഞ്ജു**

പുന്നാട്

സൗന്ദര്യ

ഹെയർ കട്ടിങ്ങ് സലൂൺ

ക്രിസ്ത്യൻ പള്ളിക്ക് സമീപം

**ഇരിട്ടി**


ആശംസകൾ....

Ph :491732

**ശ്രീശക്തി**

**ഓയിൽ & ഫ്ളോർമിൽ**

പുന്നാട്.



ഗോപാൽ കുമാർ.എസ്.
ബി.കോം.രണ്ടാം വർഷം

# ടൂറിസം വികസനം കേരളത്തിൽ

**ലോ**കത്ത് ഏറ്റവും വളർച്ച പ്രാപിച്ചു കൊണ്ടിരിക്കുന്ന ഒരു മേഖലയാണ് ടൂറിസം (Tourism) [illegible] നിലയിൽ ടൂറിസം [illegible] അതുപോലെതന്നെ സാംസ്കാരിക [illegible] ടൂറിസത്തിന്റെ പ്രാധാന്യം വളരെ വലുതാണ്. രാഷ്ട്രങ്ങൾക്കിടയിലും ജനസമൂഹങ്ങൾക്കിടയിലും ഉയർന്നുവരുന്ന വർഗ-വർണ്ണ വിവേചനങ്ങളെ [illegible] സാംസ്കാരിക മുന്നേറ്റങ്ങളാണ്. അത്തരം മുന്നേറ്റങ്ങളിൽ ടൂറിസം ചെറുതല്ലാത്ത ഒരു പങ്ക് വഹിച്ചുപോരുന്നുണ്ട്.

ആകർഷകങ്ങളായ പ്രകൃതിദൃശ്യങ്ങളാൽ സമ്പന്നമായ സംസ്ഥാനമാണ് കേരളം. കേരളത്തിന്റെ ഹരിതാഭയാർന്ന ഭൂപ്രദേശങ്ങളും [illegible] കേരളീയരുടെ തനിമയാർന്ന [illegible] ഏറ്റവും [illegible] സഞ്ചാരികളെ ഏറ്റവും ഇവിടേക്കാകർഷിക്കുന്ന ഘടകങ്ങളാണ്. ഇന്ത്യയിൽ മറ്റേതൊരു സംസ്ഥാനത്തെക്കാളും [illegible] പ്രധാനമായ [illegible] ഇവിടെ നിലനിൽക്കുന്നുണ്ട്. ഈ അനുകൂല ഘടകങ്ങളെ ടൂറിസം മേഖലയുടെ വളർച്ചയ്ക്കനുകൂലമായ വിധത്തിൽ പ്രയോജനപ്പെടുത്താൻ നമുക്ക് കഴിയുന്നുണ്ടോ എന്നത് സംശയമാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ടൂറിസം വികസനം ഇന്നും [illegible] ടൂറിസത്തിന്റെ [illegible] എന്നുള്ള [illegible] ഈ മേഖലയുടെ വികസനം എത്രമാത്രം [illegible] ടൂറിസം [illegible] കേരളത്തിന്റെ [illegible]

നമ്മുടെ ടൂറിസം മേഖല നേരിടുന്ന പ്രശ്നങ്ങൾ നിരവധിയാണ്. സാമൂഹികവും സാമ്പത്തികവുമായ മറ്റനവധി പ്രശ്നങ്ങൾ അതിൽ ഉൾപ്പെടും. ഏതൊരു വിദേശിയെയും [illegible] സന്ദർശിച്ചാൽ ഉടനെ ഉടലെടുക്കുന്ന പല്ലക് [illegible] നമ്മുടെ സംസ്കാരത്തെ [illegible] നമ്മിൽ പലരുടെയും [illegible] മാനം [illegible] നമ്മുടെ സംസ്കാരം. ഇന്ത്യയിലുള്ള നമ്മുടെ [illegible] ഉപേക്ഷിച്ചില്ലെങ്കിൽ അത് [illegible] അതുപോലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ആതിഥേയരുടെ [illegible] പ്രവർത്തനവും വ്യക്തമായ നിയമങ്ങൾ കൊണ്ട് [illegible] ടൂറിസം ഉറപ്പുവരുത്താൻ 'മാർക്കറ്റുകൾ' ലക്ഷ്യമാക്കിയുള്ള [illegible] എന്നീ മേഖലകളിൽ സർക്കാർ [illegible] ശ്രദ്ധിക്കേണ്ടതുണ്ട്. അതുപോലെതന്നെ സ്വകാര്യമേഖലയുടെ പങ്കാളിത്തം വളരെയധികം ആവശ്യമായ മേഖലയാണ് ടൂറിസമേഖലയും. വ്യക്തമായ [illegible] നിയമങ്ങളും കെട്ടിടനിർമ്മാണ ചട്ടങ്ങളും കർശനമായി നടപ്പിലാക്കിയാൽ [illegible] ടൂറിസം ഉറപ്പുവരുത്താൻ സാധ്യമല്ല. നല്ല പരിശീലനം കിട്ടിയ ടൂറിസ്റ്റ് ഗൈഡുകളുടെ അഭാവം [illegible] നമ്മുടെ നാട്ടിലുണ്ട്. [illegible] കേരള സംസ്കാരം, ചരിത്രം ഇവയിൽ പ്രത്യേക പരിശീലനം നല്കിയാൽ അവരുടെ ഈ രംഗത്തുള്ള തൊഴിൽ സാധ്യത വർദ്ധിക്കും.

ആഭ്യന്തര ടൂറിസത്തിന് (Domestic Tourism) ഇന്ന് വേണ്ടത്ര പ്രാധാന്യം നല്കുന്നില്ല. ഇന്ന് നമ്മുടെ ടൂറിസം 'വിദേശി'കളെ മാത്രം ലക്ഷ്യമാക്കിയുള്ളതാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. വിദേശ [illegible] എന്നതൊഴിച്ചാൽ ആഭ്യന്തര ടൂറിസവും അന്താരാഷ്ട്ര ടൂറിസവും (International Tounsm) തമ്മിൽ [illegible] വലിയ വ്യത്യാസമില്ല. മറ്റുള്ള അന്താരാഷ്ട്ര ടൂറിസം ഉണർത്തിവിടുന്ന സാംസ്കാരിക സംഘർഷങ്ങളുടെ

പരിഗണനവും ആഭ്യന്തര ടൂറിസത്തിനില്ല. പിൽഗ്രിം ടൂറിസം (Pilgrim Tourism) എന്ന മേഖല ഇപ്പോൾതന്നെ നമ്മുടെ കണക്കിൽപെടാതെയുള്ളതാണ്. സംസ്ഥാനത്തുള്ള പുണ്യസ്ഥലങ്ങൾ സന്ദർശിക്കാനുള്ള സൗകര്യങ്ങൾ ഇനിയും വർദ്ധിപ്പിക്കണം.

മദ്യവും മദിരാക്ഷിയും വിളമ്പാതെ നമ്മുടെ സാംസ്കാരത്തനിമയ്ക്ക് ഭംഗമുണ്ടാക്കാത്ത രീതിയിൽ ഇവിടുത്തെ ചേതോഹരമായ പ്രകൃതി സൗന്ദര്യവും ആചാരാനുഷ്ഠാനങ്ങളും പരമ്പരാഗതമായ കലകളും ഉത്സവാഘോഷങ്ങളുമൊക്കെ ഉപയോഗിച്ചുതന്നെ ഇന്ത്യയ്ക്കകത്തും പുറത്തും നിന്ന് വിദേശസഞ്ചാരികളെ ഇങ്ങോട്ടാകർഷിക്കാൻ പറ്റും. പ്രകൃതിരമണീയത മുറ്റിനിൽക്കുന്നതും അല്പം ശ്രദ്ധിച്ചാൽ ഏറെ വികസിപ്പിക്കപ്പെടാവുന്നതുമായ വിനോദസഞ്ചാര സാധ്യതകളുള്ള നിരവധികേന്ദ്രങ്ങൾ വടക്കൻ ജില്ലകളിലുണ്ട്. കണ്ണൂർ, വലിയപറമ്പ്, പെരുവത്തൂർ ദ്വീപുകൾ, വയനാട് മുതലായ ഏറെ വികസിപ്പിക്കുന്നതിലൂടെ ആഭ്യന്തര ടൂറിസവും അന്തർദേശീയ ടൂറിസവും വളരാനിടയാകും.

കേരളത്തിലെ ടൂറിസം വികസനം പുഷ്ടിപ്പെടണമെങ്കിൽ ടൂറിസത്തോടുള്ള നമ്മുടെ ഇന്നത്തെ ഇന്നത്തെ മനോഭാവം മാറ്റേണ്ടത് അത്യാവശ്യമാണ്. 'മുറ്റത്തെ മുല്ലയ്ക്ക് മണമില്ലെന്ന്' ചൊല്ല് എത്രവട്ടം പറഞ്ഞാലും പഴഞ്ചനാവാത്ത ഒന്നാണെന്ന് നമ്മുടെ വിനോദസഞ്ചാരസംസ്കാരവും നമ്മെ നിരന്തരം ഓർമ്മിപ്പിക്കുന്നു. കേരളത്തിലേക്ക് വരുന്ന വിദേശികളോട് മാന്യമായി പെരുമാറാൻ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. അനാർദ്രശുഷ്കമായ ജീവിതത്തിൽ ക്ലിഷ്ടതകളുടെ നൈരന്തര്യത്തിൽ നിന്നും താൽകാലിക മുക്തി തേടി വല്ലപ്പോഴും വീണുകിട്ടുന്ന സ്വകാര്യ നിമിഷങ്ങൾ ആസ്വാദ്യകരമായി ചെലവിടാനാണ് സഞ്ചാരികൾ തങ്ങളുടെ സമ്പാദ്യം മുടക്കി കോവളത്തോ, പത്മനാഭത്തോ, കൊച്ചിയിലോ വരുന്നത്. അവരുടെ സ്വകാര്യതയ്ക്ക് ഭംഗം വന്നാൽ ഇനി അവർ ഇങ്ങോട്ട് എത്തിനോക്കില്ലെന്നത് നിശ്ചയം. കോവളത്ത് താമസിച്ച്, അല്പവസ്ത്രധാരികളായി കടപ്പുറത്ത് സൂര്യസ്നാനം നടത്താനാശയിക്കുന്ന സായിപ്പിന്റെയും മദാമ്മയുടെയും മേനിയഴക് ചുറ്റും കൂടിനിന്ന് ജാള്യതലവലേശമില്ലാതെ കണ്ടാസ്വദിക്കുകയും കമന്റുകൾ പാസാക്കുകയും ചെയ്യുന്ന ചെറുപ്പക്കാരുടെ നാട്ടിൽ ടൂറിസം വളരുകയില്ല, തളരുകയേയുള്ളൂ.

□


# ഹോട്ടൽ റാസ

കൽപകാ ബിൽഡിംഗിൽ,
പോസ്റ്റോഫീസിന് മുൻവശം, ഇരിട്ടി.

ആശംസകൾ...............

**ഹോട്ടൽ റാസ, മട്ടന്നൂർ**



# ഋതുഭേദങ്ങൾ

കനകാംബരൻ
Ist B.Com

മൊട്ടും ചൂടുക്ഷണം വിയർത്തൊലിച്ചു വലയുന്നു
കനൽ വർഷത്താൽ സൂര്യമുഖമുജ്ജ്വലിക്കുന്നു
നശിച്ചൊരുക്ഷണം തെല്ലു കുറഞ്ഞെങ്കിൽ. ശാന്തമായ്.
നനുത്ത തലോടലായി മഴവന്നെങ്കിൽ വേഗം
ഇരിക്കാ വയ്യാ വീട്ടിൽ. തൊടിയിൽ. വരാന്തയിൽ
സഹിക്കവയ്യാ കാറ്റിൽ പടരുന്നുഷ്ണ ഗന്ധം
നശിച്ചവേനൽക്കാലമൊന്നൊഴിഞ്ഞെങ്കിൽ പൊട്ടി-
ച്ചിരിച്ചു മഴവന്നെങ്കിൽ വേഗം
ഇരുണ്ടു ജൂണിൻമുഖം പിന്നെ പിൻവാങ്ങുന്നു.
കവിളിൽ വേനൽമഴമാഞ്ഞിൻ നനവുമായ്.
ചിരിച്ചു മൂളിപാടി മഴയെത്തുന്നു പൊട്ടി-
ച്ചിരിക്കുന്നെന്നും പുതുനാമ്പുകൾ പുളകത്താൽ

❁ ❁

മഴയായ് തോരാമഴ. രൗദ്രത ഇടിവാളിൻ -
മുനയിലാവാഹിച്ചിട്ടുന്മത്ത നൃത്തം ചെയ്‌വൂ
തൊടിയിൽ ഇടവഴിവരമ്പിൽ പടിമുറ്റിൽ
ചുവട്ടൊന്നിടറിയാൽ വീണുപോം ചെളിക്കുണ്ടിൽ
നശിച്ച മഴയൊന്നു തോർന്നെങ്കിൽ വേനൽക്കാല-
ദിനത്തിൽ തെളിയും പൊൻവെയിൽ വന്നെങ്കിൽ വേഗം
പതിപാവാടത്തുമ്പൊത്തുമി മുഖം കുനി-
ച്ചിടറി ഇടവഴിയോരത്തിലൊതുങ്ങുന്നു
മഴ.വേനൽക്കാലമാശിക്കുന്നു വീണ്ടും
മണിയായ് ഓണപ്പൂവും പുലരിപൊൻവെട്ടവും

❁ ❁

മഴയെത്തുമ്പോൾ നാശം. വെയിലെത്തുമ്പോളുഷ്ണം.
ഋതുഭേദങ്ങൾ ശാപചക്രത്തിലുരുളുന്നു
ഇടറുന്നെന്നോ താളം പ്രകൃതീലാസ്യവേദിയിൽ
ഋതുകന്യകൾ ചെയ്യും വിശ്വനൃത്തവേളയിൽ

ആശംസകൾ.....

# ആനപ്പന്തി സർവ്വീസ് സഹകരണ ബേങ്ക്

No F 1516

ബ്രാഞ്ചുകൾ : കച്ചേരിക്കടവ്
കരിക്കോട്ടക്കരി

സെക്രട്ടറി
കെ.സി. ജോൺ.

പ്രസിഡണ്ട്
അഡ്വ : ജെയ്സൺ തോമസ്

# TO A GIRL IN MALABAR

Charles Baudelaire (1821 - 67)

Your feet are slender like your hands, your hips
would those of any body white eclipse;
The pensive artist finds you benison;
your velvet eyes are blacker than your skin.
In blue and sultry lands where you saw day,
You have to light your masters pipe alway,
The flasks with waters fresh and scents provide,
And chose waming mosquitoes from the bed,
And when the plain trees sing, matutinal,
Buy pineapples, bananas from the stall,
All day you take your bare feet where you will,
hum old forgotten tunes, scarce audible;
and, when the sun's red colck falls in the west,
Upon a rush mat, quietly, you nest,
where floating dreams are all of humming birds,
And all, like you, graceful and decked with flowers.
Why, happly child, do you need to see France,
This crowded land laid low by sufferance,
Entrust your life to strong - armed and mariners,
Bid farewell to your tamarinds so deer?
You, half -clad in your gauze and muslin frail,
Would shiver here beneath the snow and hail,
And how you'd mourn your sweet and honest ease,
If, kept by brutal corsets in duress,

(Courtesy : Selected poems Charles Baudelaire, Penguin Classics)

[ One of the greatest poets in 19th Century, Baudelaire (1821-67) is famous for his volumes in French like "The floweres of evil and 'Intimate Journals'. Leading a bohemian life, the Poet visted Kerala in the middle of the last century and wrote a poem based on that experience. Like Shelley's entries in his journeal with its interesting observations on the matriarchal social systems in Malabar and 'The Lusiads', the 16th century Portuguese epic by Luis Camoens in which Vasco da Gama and Zamorin appear as Charaters with Calicut as locate, this poem is also of especial interest to the people of Kerala. ' To a Girl in Malabar' is a poetic meditation by a master -artist of truly classical stature. The background is Malabar and the sentiments in the poem may be relevent in the days of neo-colonialism appearing in the deceptive garb of liberalisation and Globalisation.]

# കാഫ്കയുടെ രണ്ടുരൂപക കഥകൾ

ഫ്രാൻസ് കാഫ്ക *(1883–1924)*

## പ്രൊമിത്യൂസ്

പ്രൊമിത്യൂസിനെപ്പറ്റി നാല് ഐതിഹ്യങ്ങളുണ്ട്. ദേവൻമാരുടെ രഹസ്യം മനുഷ്യർക്ക് ചോർത്തിക്കൊടുത്തതിനാൽ കൊക്കേഷ്യൻ മലനിരകളിലെ ഒരു പാറയോട് അയാൾ വരിഞ്ഞുകെട്ടപ്പെടുകയും, ദേവൻമാർ അയാളുടെ കരൾ കൊത്തിപ്പറിക്കാൻ കഴുകൻമാരെ അയയ്ക്കുകയും, കഴുകൻമാർ കൊത്തിപ്പറിക്കുന്തോറും ആ കരൾ പഴയ അവസ്ഥ പ്രാപിച്ചുകൊണ്ടേയിരിക്കുകയും ചെയ്തു വന്നതാണ് ഒന്നാമത്തേത്.

കരൾ പറിക്കുന്ന കൂർത്ത മുനകളാൽ തോണ്ടപ്പെട്ട്, പാറയോടൊത്തൊന്നായിത്തീരും വരെ അയാൾ ആഴത്തിലാഴത്തിൽ അമർത്തപ്പെട്ടു വെന്നതാണ് രണ്ടാമത്തെ ഐതിഹ്യം.

സഹസ്രാബ്ദങ്ങളുടെ കൊഴിഞ്ഞു വീഴലിനിടയിൽ അയാൾ നടത്തിയ വഞ്ചന വിസ്മൃതിയിലേയ്ക്ക് തള്ളപ്പെട്ടു. ദേവൻമാരും കഴുകൻമാരും മാത്രമല്ല, പ്രൊമിത്യൂസ്പോലും വിസ്മരിക്കപ്പെട്ടുപോയി എന്നതാണ് മൂന്നാമത്തേത്.

നാലാമത്തെ ഐതിഹ്യമനുസരിച്ച് ഈ നിരർത്ഥകമായ കൊച്ചുസമരത്തിൽ പങ്കെടുത്തവരെല്ലാം പരിക്ഷീണിതരായിത്തീർന്നു. ദേവൻമാർ തളർന്നു. കഴുകൻമാർ തളർന്നു. പ്രൊമിത്യൂസിന്റെ മുറിവും പരിക്ഷീണമായി കൂടിച്ചേർന്നു.

കുരുക്കഴിക്കാനാവാത്ത ശിലാപിണ്ഡങ്ങൾ മാത്രം അവിടെ അവശേഷിച്ചു. ഐതിഹ്യങ്ങൾ പിന്നെ ശിലാപിണ്ഡങ്ങളെ വ്യാഖ്യാനിക്കുവാനുള്ള ശ്രമമായി. സത്യത്തിന്റെ കീഴ്പാളിയിൽനിന്നു വളർന്നു വന്നുവെന്നനിലയ്ക്ക് ആ ഐതിഹ്യങ്ങൾക്ക് തിരിച്ച് അവ്യാഖ്യേയതയിൽത്തന്നെ അവസാനിക്കേണ്ടതു ണ്ടായിരുന്നു.

## കഴുകൻ

കഴുകൻ എന്റെ കാലുകൾ കൊത്തിപ്പറിക്കുകയായിരുന്നു. അത് കാലുറയും തോൽചെരിപ്പും കീറി തുണ്ടം തുണ്ടമാക്കിയിട്ടു. പിന്നെ കാലു തന്നെ കൊത്തിപ്പറിക്കുവാൻ തുടങ്ങി. ഇടയ്ക്കിടെ കാലിൽ ഇടിച്ചു. വിശ്രമമില്ല. പല തവണ അത് എനിക്കുചുറ്റും കറങ്ങി. വീണ്ടും അത് അതിന്റെ ജോലിയിലേക്കു മടങ്ങി.വഴിപോക്കനായ ഒരു മനുഷ്യൻ കുറച്ചുനേരമായി ഈ കാഴ്ച നോക്കി നിൽക്കുകയായിരുന്നു. ഞാൻ എന്തിനാണ് ഈ കഴുകനെ ഇങ്ങനെ സഹിക്കുന്നതെന്ന് അയാൾ ആരാഞ്ഞു." നിസ്സഹായനാണ് ഞാൻ," ഞാൻ പറഞ്ഞു. ഈ കഴുകൻ വന്ന് എന്നെ ആക്രമിക്കാൻതുടങ്ങിയപ്പോൾതന്നെ ഞാൻ ഇതിനെ അടിച്ചു പറപ്പിക്കാൻ തീവ്ര ശ്രമം നടത്തി നോക്കി. ഇതിന്റെ കഴുത്തു പിടിച്ചു ഞെരുക്കാൻ പോലും ശ്രമിച്ചു ; പക്ഷെ, ഈ മൃഗങ്ങൾക്ക് വല്ലാത്ത ശക്തിയാണ്. എന്റെ മുഖത്തേക്ക് കുതിക്കാനായിരുന്നു ഇതിന്റെ പുറപ്പാട്. അങ്ങിനെ ഞാൻ എന്റെ കാലുകൾ ഉപേക്ഷിക്കാൻ തന്നെ തീരുമാനിച്ചു. ഇപ്പോൾ എന്റെ കാലുകൾ പല കഷണങ്ങളായികീറി ഭാഗിക്കപ്പെട്ടിരിക്കുന്നു."

" ഇങ്ങനെ പീഢനത്തിനിരയായി കൊടുക്കുക വിചിത്രം തന്നെ," വഴിപോക്കൻ പറഞ്ഞു. " ഒരു വെടി മതി ഈ കഴുകന്റെ അന്ത്യം കാണാൻ.

" ശരിയാണ്," ഞാൻ ചോദിച്ചു : " താങ്കൾക്ക് സാധിക്കുമോ"?

" സന്തോഷപൂർവ്വം", അയാൾ പറഞ്ഞു. : "എന്റെ വീടെത്തി തോക്കെടുത്തുകൊണ്ടു വരേണ്ട നേരമേ വേണ്ടൂ. ഇനിയൊരു അരമണിക്കൂർ നേരം കൂടി കാത്തിരിക്കാൻ നിങ്ങൾക്കാവുമോ?"

"എനിക്കത് തീർച്ചയില്ല", നീറുന്ന വേദനയുടെ കാഠിന്യം കൊണ്ടു പിടയുന്ന ആ നിമിഷത്തിൽ ഞാൻ പറഞ്ഞു. " എന്തു വിധേനയെങ്കിലും ദയവായൊന്നു ശ്രമിക്കൂ.".

"അതെ, എത്രയും വേഗം ഞാൻ ഓടിയെത്താം ", അയാൾ പറഞ്ഞു.

ഞങ്ങളുടെ സംഭാഷണം മുഴുവനും എന്നെയും വഴിപോക്കനേയും മാറിമാറിനോക്കിക്കൊണ്ട് കഴുകൻ ശാന്തനായി, ശ്രദ്ധാപൂർവ്വം കേട്ടുകൊണ്ടിരിക്കുകയായിരുന്നു. അതിനെല്ലാം പിടികിട്ടിയിട്ടുണ്ടെന്ന് എനിക്ക് മനസിലായി. കഴുകൻ ചിറകുകൾ വീശി ആയം കൊള്ളാനായി കുറച്ചു പിന്നോട്ടു ചാഞ്ഞു. പിന്നെ കുന്തമെറുകാരനെപ്പോലെ അതിന്റെ കൊക്ക് എന്റെ വായിലേക്ക്, എന്നിലെ കരുത്തിനെയും ആഴത്തിൽ തുളച്ചു കയറ്റി. ആഴങ്ങളിലെല്ലാം ഒലിച്ചെത്തുന്ന, കരകളെയെല്ലാം മുക്കുന്ന എന്റെ ചോരയിൽ അത് മുങ്ങുന്നുവെന്ന് അതിന് അനുഭവപ്പെടാൻ വേണ്ടി, രക്ഷയില്ലാതെ പിന്നോക്കം മറിഞ്ഞു വീണ് ഞാൻ വിമോചിതനായി.



Prathibha.V.V.
III[rd] B.Sc . Maths

# മതവും സാമൂഹിക ജീവിതവും

മനുഷ്യൻ ഒരു സാമൂഹികജീവിയാണ്. ഭൂമുഖത്ത് മനുഷ്യവംശം ഉത്ഭവിച്ചതു മുതൽ സമൂഹമായാണ് മനുഷ്യന്റെ വളർച്ചയും നിലനിൽപ്പും. മനുഷ്യസമൂഹത്തിന്റെ ഈ നിലനിൽപ്പും പുരോഗതിയും വള [illegible] ഘടകങ്ങളെ ആശ്രയിച്ചുള്ളതാണ്. [illegible] പ്രകൃതി, ശക്തി, [illegible] കാലഘട്ടങ്ങളിൽ അവരുടെ [illegible] ജീവിത വിശ്വാസങ്ങൾക്കും [illegible] എന്നാൽ പ്രാചീനകാലം മുതൽതന്നെ ഈ ജീവി [illegible] ഒരു "ശക്തി"യിൽ അവർ വിശ്വസിച്ചിരുന്നു.

ശാസ്ത്രം വളരെയേറെ പുരോഗമിച്ചുകൊണ്ടി [illegible] കാലഘട്ടങ്ങളിൽ പോലും, മാനുഷികമായ എല്ലാ [illegible] നമുക്ക് ചെന്നെത്താൻ കഴി [illegible] നോക്കുമ്പോൾ അതി [illegible] പറയും "ഇതിനുമപ്പുറത്ത് ഒരു ശക്തിയുണ്ട്".

[illegible] ആദ്യകാല [illegible] "എല്ലാറ്റിനുമുപരിയായി എല്ലാം കാണുന്ന, [illegible] സർവ്വശക്തൻ" ഉണ്ട്.

പിന്നീട് മനുഷ്യവംശത്തിന്റെ പുരോഗതിയോടു [illegible] അവർ കൂടുതലായി [illegible] തുടങ്ങിയതോടുകൂടി [illegible] അവ മാറി. ഇല്ലാ [illegible] ഈ [illegible] മനുഷ്യനെയും [illegible] പിന്നീട് അവരിൽ നിന്നും [illegible] ഉത്ഭവിച്ചു എന്നുമുള്ള മതാധിഷ്ഠിതമായ വിശ്വാസങ്ങൾ നിലനിൽക്കുമ്പോൾ തന്നെ, മാനുഷിക [illegible] പ്രാചീനകാലത്ത് [illegible] ഉണ്ടായെന്നും, പരിണാമസിദ്ധാന്തമനുസരിച്ച് [illegible] പരിണമിച്ച് മനുഷ്യവംശം ഉണ്ടാ [illegible] എങ്കിൽ കുരങ്ങുകളിലൂടെ സംഭ [illegible] ഈ [illegible] മനുഷ്യരിൽ നിന്നുപോ [illegible] മനുഷ്യർ [illegible] ജീവികളായി മാറുന്നില്ല?

ഇത്രയേറെ ശാസ്ത്രം പുരോഗമിച്ചു നിൽക്കുന്ന ഈ കാലഘട്ടത്തിലും ഉത്തരം കിട്ടാത്ത പല ചോദ്യങ്ങളും മനുഷ്യർ നേരിടേണ്ടി വരാറുണ്ട്. അതിനാൽ ഏറ്റവും ഉന്നതമായ വിജ്ഞാനത്തിനുമപ്പുറത്തും ഒരു അദൃശ്യശക്തി ഉണ്ടെന്ന് എല്ലാവരും കരുതുന്നു. എന്നാൽ ദൈവം ഇല്ല എന്നു പറയുന്ന നിരീശ്വരവാദികൾ ഇല്ല എന്നു പറയുന്നതെന്തുകൊണ്ട്? ഉള്ള ഒന്നിനെ നിഷേധിക്കാനുള്ള, ഇല്ലായ്മ ചെയ്യാനുള്ള ആഗ്രഹമാണ് ഇല്ല എന്നു പറയുന്നതിലൂടെ പ്രകടമാവുന്നത്.

എന്നാൽ അഡിസന്റെ അഭിപ്രായത്തിൽ "നിരീശ്വരവാദിയായിരിക്കുവാൻ, ഈശ്വരവിശ്വാസി ആയിരിക്കുന്നതിനേക്കാൾ കൂടുതൽ വിശ്വാസം ആവശ്യമാണ്"

ആദ്യകാലങ്ങളിൽ സൂര്യനും, ചന്ദ്രനും, കാറ്റും, മഴയും ദൈവങ്ങളായിരുന്നുവെങ്കിൽ, പിൽക്കാലത്ത്, പുരാണങ്ങളിലും, പ്രാചീനകഥകളിലും കണ്ടുമുട്ടാറുള്ള ദേവൻ, ദേവി സങ്കൽപങ്ങൾ നിലവിൽ വന്നു. പിന്നീട് പുരോഗതി പ്രാപിച്ച മനുഷ്യർ വ്യക്തമായ ഒരു തത്വശാസ്ത്രത്തിനും, അതിനോടനുബന്ധിച്ചുള്ള ഒരു ജീവിതരീതിക്കും രൂപം നൽകുക വഴി വിവിധതരം മത സമൂഹങ്ങളും ഇവിടെ ഉടലെടുത്തു.

പ്രാചീനഭാരതത്തിൽതന്നെ രൂപീകൃതമായി എന്നു പറയപ്പെടുന്ന ഹൈന്ദവമത വിശ്വാസമനുസരിച്ച് "മുപ്പത്തിമുക്കോടി" ദേവകളുണ്ടെന്ന് പറയപ്പെടുന്നു. അതായത്..................

"............ പരിത്രാണായ സാധൂനാം
വിനാശായ ച ദുഷ്കൃതാം
ധർമ്മസംസ്ഥാപനാർത്ഥായ-
സംഭവാമി യുഗേയുഗേ.................."

എന്നാണല്ലോ [illegible]. ഈ ദേവൻമാരിലും ദേവിമാരിലും ഒക്കെ വിശ്വസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നവർ എന്താണ് അതിൽ നിന്നും നേടുന്നത്? തങ്ങൾ പ്രാർത്ഥിക്കുന്നവ തരുന്ന ദേവൻ/ദേവി ശക്തി രൂപിണിയായി അവർ കരുതുന്നു. ഇത് വെറും മാനുഷികമായ വിശ്വാസത്തിന്റെ പ്രശ്നമാണ്! എന്താണ് വിശ്വാസം? "വിശ്വാസം എന്നത് പ്രത്യാശിക്കുന്നവ ലഭിക്കും എന്നുള്ള ഉറപ്പും, കാണപ്പെടാത്തവ ഉണ്ട്

"എന്നുള്ള ബോധ്യമാണ്." ഓരോ വ്യക്തിയിലും സാഹചര്യങ്ങളുടെ കാഴ്ചപ്പാടനുസരിച്ച് ഈ ഉറപ്പും ബോദ്ധ്യവും ഉണ്ടായിരിക്കും. ഒരു മനുഷ്യനെ നയിക്കുന്നത് അവന്റെ ചിന്തകളാണ്. തങ്ങളുടെ ബോധ്യത്തിനനുസരിച്ചാണ് അവർ ചിന്തിക്കുക. ഒരുവൻ എങ്ങിനെ ചിന്തിക്കുന്നുവോ അതനുസരിച്ചായിരിക്കും അവന്റെ ജീവിതവും.

അതിനാൽ ഒരു പ്രത്യേക മതവിഭാഗത്തിപ്പെടുന്നവർക്ക് അവരുടേതായ ജീവിതവീക്ഷണങ്ങൾ, ജീവിതരീതി, സംസാരശൈലി എന്നിവ ഉടലെടുത്തു. എല്ലാ മതങ്ങളും മനുഷ്യന്റെ വളർച്ചയിലും നന്മയിലും പരസ്പരഐക്യത്തിലും ഊന്നൽ നൽകുന്നതിനാൽ സാരാംശപരമായി എല്ലാ മതങ്ങളും ഏകമാണെന്നു നമുക്കു കരുതാം. ഈ വിശ്വാസാചാരങ്ങളും അവയോടനുബന്ധിച്ചുള്ള സാമൂഹികമായ കെട്ടുപാടുകളുമില്ലായിരുന്നുവെങ്കിൽ, സാമൂഹികജീവിതം ഏറ്റവും ദുസ്സഹമായേനെ.

എന്നാൽ ഇന്നത്തെ ഇവയുടെ അവസ്ഥ എന്താണ്? മതസമൂഹങ്ങൾ രൂപീകൃതമായപ്പോൾ അവയെ നയിക്കാനും, നിയന്ത്രിക്കാനും മതാധികാരികൾ നിലവിൽ വന്നു. അധികാര സ്ഥാനങ്ങൾ കൈയേറിയപ്പോൾ പലരും ലക്ഷ്യം മറന്നു. തൽഫലമായി സ്വാർത്ഥതയും, അഹങ്കാരവും, മാത്സര്യങ്ങളും, വ്യക്തിവിദ്വേഷങ്ങളും അവിടെ ഉടലെടുത്തു. മതാധികാരികൾ മറ്റെല്ലാ രാഷ്ട്രീയാധികാരികളെപ്പോലെയാകരുത്. എന്തെന്നാൽ മതം ദൈവികമായ, ആദ്ധ്യാത്മികമായ ഒരു മേഖലയാണ്. ഒരു വ്യക്തിയുടെ മാനസികമായ, ബൗദ്ധികമായ വിശ്വാസത്തെയും ചിന്തകളെയും, അതുവഴി അവന്റെ പ്രവർത്തനങ്ങളെയും നിയന്ത്രിക്കുന്ന, ചുരുക്കത്തിൽ ഒരുവനെ മനുഷ്യനാക്കിത്തീർക്കുന്ന ഒട്ടനവധി ഘടകങ്ങൾ അതിന്റെ പിന്നിലുണ്ട്. ഒരു മതവും മനുഷ്യന്റെ തിന്മ ആഗ്രഹിക്കുന്നില്ല.

എന്നാൽ ഓരോ മതത്തിന്റെയും സാരാംശമായ അർത്ഥമുൾക്കൊള്ളാതെ, ആദ്ധ്യാത്മികമായ രീതിയിൽ അവയെ മനസിലാക്കാതെ, മതത്തിന്റെ പേരിൽ, വെറും ആചാരങ്ങളുടെ പേരിൽ വ്യക്തി വിദ്വേഷം വളർത്തുന്നതും മനുഷ്യർ തമ്മിൽ തല്ലി നശിക്കുന്നതും ഏറ്റവും അപലപനീയമാണ്. ഇവിടെ ഓരോരുത്തരും സ്വന്തം തീരുമാനമനുസരിച്ച് വേണം പ്രവർത്തിക്കുവാൻ.

അതിനാൽ തന്നെ ഒരു പുതിയ വിശ്വാസസംഹിതയോടുകൂടി ധാർമ്മികമൂല്യങ്ങളിലധിഷ്ഠിതമായ, മനുഷ്യനെ മനുഷ്യനായി കാണാൻ കഴിയുന്ന ഒരു പുതിയ സമൂഹത്തിനായി നമുക്കു പരിശ്രമിക്കാം.

□

Ph : 491736

പ്രിയ ഹോട്ടൽ

മെയിൻ റോഡ്, ഇരിട്ടി.

*Propritor* ഇ.വാസു

Ph : (Resi) 471187

*With Best Compliments from:*

**For Your Favourite Songs on CD's Cassettes**

INDIAN

ELECTRONICS

OLD BUS STAND,IRITTY.



...തോമസ്
B.Sc. Maths

# ആണവസ്ഫോടനം - ഒരു പുനർവിചിന്തനം

1945-ൽ ജപ്പാനിലെ ഹിരോഷിമയിലും നാഗസാക്കിയിലും ലോകത്തിൽ ആദ്യമായി അണുബോംബ് പരീക്ഷിക്കപ്പെട്ടു; മനുഷ്യമനസാക്ഷിയെപ്പോലും ഞെട്ടിച്ചുകൊണ്ട് കിലോമീറ്ററുകളോളം ചുറ്റളവിൽ ഒരു ശവപ്പറമ്പ് സൃഷ്ടിക്കപ്പെട്ടു; ഇത്തരത്തിലുള്ള ഒരു ബോംബിന് ഇത്രയും ശക്തിയുണ്ടെന്ന് സൃഷ്ടികർത്താവുപോലും മനസ്സിലാക്കുന്നത് അപ്പോഴായിരിക്കും. ഒരു പക്ഷെ, ജീവച്ഛവങ്ങളായി കുറെ ജീവിക്കുന്ന രക്തസാക്ഷികൾ മാത്രം ബാക്കിയായി.

തുടർന്ന് അങ്ങോട്ടൊരു മത്സരമായി. ആരാണ് മുമ്പൻ? 1949-ൽ റഷ്യയും, 52-ൽ ബ്രിട്ടനും, 60-ൽ ഫ്രാൻസും, 64-ൽ ചൈനയും പരീക്ഷണം നടത്തിയതോടെ ഇവയുടെ നിർമ്മാണം ഒരു വലിയ രഹസ്യമല്ലാതായി. പിന്നീട് ഈ രാജ്യങ്ങൾ ആയിരക്കണക്കിന് പരീക്ഷണങ്ങൾ നടത്തി. പതിനായിരത്തിനുമേൽ അണുബോംബുകൾ ഈ രാജ്യങ്ങളുടെ കൈയിൽ മൊത്തം ഉണ്ട് എന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ഈ ലോകത്തെ പതിനഞ്ചോളം തവണ നശിപ്പിക്കാൻ മാത്രമുള്ള ബോംബുകൾ ഇന്നുണ്ട്. ഒരു ലോകത്തെ ഒരു തവണയല്ലാതെ പതിനഞ്ചുതവണ എന്തിന് നശിപ്പിക്കണം എന്ന ചോദ്യം ഇന്നും ചോദ്യം തന്നെയായി മാനവസമൂഹത്തിന്റെ മുന്നിൽ നിൽക്കുന്നു. 21-ാം നൂറ്റാണ്ടിലേയ്ക്ക് കാലെടുത്തുവെയ്ക്കാൻ ഒരുങ്ങുന്ന സാംസ്കാരസമ്പന്നരായ നമ്മൾക്കുള്ള ചോദ്യം.

ഇങ്ങനെയൊക്കെ ഇരിക്കെ ഇന്ത്യ 1974-മെയ് മാസം തന്റെ ആദ്യപരീക്ഷണം നടത്തി. ലോകത്തിനു മുന്നിൽ തന്റെ കഴിവുതെളിയിച്ചു. ഇതിന്റെ മുന്നോടിയായി എന്നുവേണം കരുതാൻ 1966-ൽ പൊഖ്റാൻ എന്ന മരുപ്രദേശത്ത് രണ്ട് ലക്ഷത്തോളം ജനങ്ങളെ കുടിയൊഴിപ്പിച്ചുകൊണ്ടാണ് സൈന്യം കാവൽ നിൽക്കാൻ തുടങ്ങിയത്. അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ശ്രീമതി ഇന്ദിരാഗാന്ധി ഇതിനെ സമാധാനപരമായ ആവശ്യത്തിനുള്ള സ്ഫോടനം എന്നാണ് വിശേഷിപ്പിച്ചത്. എന്നാൽ 1987-ൽ അധികാരത്തിൽ വന്ന രാജീവ്ഗാന്ധി മന്ത്രിസഭയിൽ പ്രതിരോധമന്ത്രിയായിരുന്ന കെ.സി. പന്ത് ലോകസഭയിൽ ഞങ്ങളുടെ ആണവ നയം പുനഃപരിശോധിക്കേണ്ട കാലമായി എന്നു പറഞ്ഞതു മുതൽ നമ്മുടെ ആണവ നയങ്ങൾ മാറിത്തുടങ്ങി.

നമ്മുടെ ചുറ്റുമുള്ള ശത്രുരാജ്യങ്ങൾ ശക്തിപ്പെട്ടു തുടങ്ങി. ചൈനയ്ക്ക് ശക്തമായ ആണവായുധങ്ങൾ ഉണ്ട്; പാക്കിസ്ഥാനും സംഘടിപ്പിച്ചുകഴിഞ്ഞു. ഇത്തരമൊരു പശ്ചാത്തലത്തിൽ 1998-ലെ സ്ഫോടനം അനിവാര്യമായിരുന്നു എന്ന് നമുക്ക് ഒരു പരിധിവരെ പറയാൻ കഴിയും. ഇന്ത്യ-ചീന ഭായി-ഭായി എന്ന് പറഞ്ഞിരുന്ന കാലത്ത് ഇന്ത്യയുടെ വിദേശകാര്യ മന്ത്രി അവിടെ സന്ദർശിച്ചുകൊണ്ടിരുന്ന കാലത്ത് നമ്മെ ആക്രമിച്ച രാജ്യത്തെ നമുക്ക് എത്ര കണ്ട് വിശ്വസിക്കുവാൻ കഴിയും? C.T.B.T. എന്ന വിവേചനപരമായ കരാറിൽ ഒപ്പിട്ടശേഷവും ചൈന പരീക്ഷണം നടത്തി എന്നിരിക്കെ നമ്മുടെയും പാക്കിസ്ഥാന്റെയും പരീക്ഷണത്തെ മാത്രം ലോകരാഷ്ട്രങ്ങൾ വേവലാതിപ്പെടുന്നുവെങ്കിൽ അതിന്റെ കാരണങ്ങൾ അവരുടെ ഒപ്പം മറ്റു രാജ്യങ്ങൾ വളർന്നുവരുമെന്നുള്ള ഭയം മാത്രമാണ് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ഒരു കാലത്ത് ലോകത്തെ മുഴുവൻ ഭീതിയുടെ നിഴലിൽ ആഴ്ത്തിയ വമ്പൻമാർ ഇന്ന് നമ്മോട് സമാധാനത്തെപ്പറ്റി സംസാരിക്കുന്നത് കേൾക്കുമ്പോൾ "കടുവ അഹിംസയെപറ്റി പ്രസംഗിക്കുന്നതുപോലെ" തോന്നിപ്പോകും. ആണവായുധങ്ങൾ ചിലരുടെ മാത്രം കുത്തകയാണല്ലോ ഇപ്പോൾ. പ്രത്യേകിച്ചും യൂറോപ്പിന്റെ ഈ സ്ഥിതി മൂലമുള്ള അസന്തുലിതാവസ്ഥയ്ക്ക് പരിഹാരമായി ദക്ഷിണേഷ്യയും ഒരു ശക്തിയായി വളർന്നുവരേണ്ടത് അനിവാര്യമാണ്. ഈ വസ്തുത ഉപയോഗിച്ച് ചിലർ മുതലെടുക്കാൻ ശ്രമിക്കുന്നു എന്നുള്ളതാണ്. ഹൈന്ദവ ബോംബെന്നും, ഇസ്ലാമിക ബോംബെന്നും പറഞ്ഞ് ഈ കൂട്ടായ്മയ്ക്ക് നേരെ കൊടുവാൾ ഉയർത്തുകയാണ്.

ഇവയെ പരിഗണിച്ച് മറ്റുള്ള നഗ്നസത്യങ്ങളെ നമുക്ക് കണ്ടില്ല എന്ന് നടിക്കാൻ ആവില്ല. ഇതിന്റെ ശാപമാണല്ലോ ദാരിദ്ര്യം. ഒരു നേരത്തെ ഭക്ഷണം ഇന്നും പലർക്കും ഒരു സ്വപ്നം മാത്രമാണ്. പട്ടിണി കൊണ്ട് ഒരു വശത്ത് മരണം നടക്കുമ്പോൾ അതിന് ആക്കം കൂട്ടുവാൻ എന്നവണ്ണം മറുഭാഗത്ത് ആയുധങ്ങൾ കുന്നുകൂട്ടുകയാണ് മനുഷ്യർ. ആണവറിയാക്ടറിൽ നിന്നുള്ള പ്രസരണങ്ങൾ നമുക്ക് നിസ്സാരമായി കണ്ടുകൂടാ. പലതരത്തിലുള്ള ആരോഗ്യപ്രശ്ന

ങ്ങൾ അവ സൃഷ്ടിക്കുന്നു. കുന്നുകൂട്ടിയ ഈ ആണവായുധങ്ങൾ പോലും സുരക്ഷിതമല്ല എന്നുള്ളതിന് തെളിവാണ് റഷ്യയിലെ ആണവ ബങ്കറിൽ ഉണ്ടായ ഒരു പൊട്ടിത്തെറി. ആണവരാഷ്ട്രങ്ങളുടെ പട്ടികയിൽ കയറിപ്പറ്റുക എന്നതിനേക്കാൾ പതിനഞ്ചാംഗ വികസ്വര രാഷ്ട്രങ്ങളുടെ പട്ടികയിൽ നിന്ന് പുറത്തു കടക്കാൻ നാം യത്നിക്കണം.

ഭക്ഷ്യ സ്വയംപര്യാപ്തത നേടി എന്നാണല്ലോ നാം കൊട്ടിഘോഷിക്കുന്നത്. നെല്ലും, ഗോതമ്പും നാം കയറ്റുമതി ചെയ്യുന്നു എന്നിട്ടും നമ്മുടെ നാട്ടിൽ പട്ടിണിമരണങ്ങൾ. വിരോധാഭാസം എന്നല്ലാതെ എന്തുപറയാൻ. ദിവസങ്ങളോളം ഭക്ഷണവും ജലവും കിട്ടാത്ത പ്രദേശങ്ങൾ ഇന്ത്യയിൽ ഉണ്ട്. ശരിയായ വിധത്തിൽ ഭക്ഷ്യവിതരണം നടക്കുന്നില്ല എന്നതാണ് കാരണം. സംഹാരത്തിനായി നാം വർഷംതോറും പതിനായിരക്കണക്കിന് കോടി രൂപ ചിലവഴിക്കുന്നു. പാവപ്പെട്ടവന്റെ ജീവിത നിലവാരം ഉയർത്തുവാൻ ഉപയോഗിക്കേണ്ട പണം ഈ [illegible] ദുരുപയോഗം ചെയ്യുന്നു. ഈ സ്ഥിതി മാറാൻ നാം മാത്രം ചിന്തിച്ചാൽ പോരാ. നമ്മുടെ അയൽരാജ്യങ്ങളും തയ്യാറാകണം. സമയബന്ധിതമായി എല്ലാ മാരകായുധങ്ങളും നശിപ്പിക്കണം. എങ്കിൽ മാത്രമേ ലോകത്ത് സമാധാനവും ഐശ്വര്യവും ഉണ്ടാകൂ. ഇല്ലെങ്കിൽ സമാധാനം ഒരു കിട്ടാക്കനിയായി തീരും. പരസ്പര കുറ്റപ്പെടുത്തലുകൾ അവസാനിപ്പിച്ച് ഒരു സാർവദേശീയ ഐക്യത്തിനുള്ള സമയം അതിക്രമിച്ചിരിക്കുന്നു.

വരും തലമുറയുടെ ശാപം ഏറ്റുവാങ്ങേണ്ടെങ്കിൽ, അംഗവൈകല്യങ്ങളോടെ ജനിക്കുന്ന കുഞ്ഞുങ്ങളുടെ വിലാപം കേൾക്കാതിരിക്കണമെങ്കിൽ ബുദ്ധിമാന്ദ്യത്തോടെ ഭൂമിയിലേക്ക് പിറന്ന കുഞ്ഞുങ്ങളുടെ ചേഷ്ടകൾ കാണാതിരിക്കണമെങ്കിൽ, ഹിരോഷിമ വീണ്ടും ആവർത്തിക്കാതിരിക്കണമെങ്കിൽ ഒരു പുനർവിചിന്തനം നടത്തേണ്ടിയിരിക്കുന്നു.

പലരും പലവുരു ഇച്ഛിച്ച ഈ സിദ്ധാന്തങ്ങൾ കുടത്തിന് പുറത്ത് വെള്ളം ഒഴിക്കും പോലെ ആകുകയാണെങ്കിൽ ഒരു ചാൺ വയർ എന്നത് ഓരോ ഇന്ത്യാക്കാരന്റെയും സ്വപ്നം മാത്രമായി അവശേഷിക്കുകയില്ലേ?

◆


# മലബാർ

## ആർട്സ് കോളേജ്

## കണ്ണൂർ - 1

**ഫോൺ : 566631, 560212**

M.A. ഇംഗ്ലീഷ്, ഹിന്ദി, മലയാളം, ഇക്കണോമിക്സ് & ഹിസ്റ്ററി.

M.Com, M.Sc മാത്സ്

പ്രിൻസിപ്പാൾ
പി. കൃഷ്ണൻ നായർ M.A. B.T
(റിട്ട.വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ)

ഡയറക്ടർ
വത്സൻ മഠത്തിൽ M.A



ശ്രീരേഖ. എം
I.D.C. Maths

# ഒരു കിനാവ്

**പൊ**ന്നിളം ചിരിയുമായ് ആ പുഴയൊഴുകുന്നു
വെണ്ണിലാവൊളിപിന്നും രാത്രിയിലേകാകിയായ്
സ്വച്ഛമായൊഴുകുമാ കാട്ടാറിൻ മർമ്മരധ്വനി
കേട്ടുറങ്ങുകയായി വസന്തവുമീ ഞാനും
കണ്ടു ഞാൻ കിനാവിങ്കൽ പറന്നുവരുന്നൊരു
പാട്ടുകാരനാം കുയിലീണത്തിൽ പാടിക്കൊണ്ട്
രാഗമാധുരിയൂറും ഗാനമാണതെങ്കിലും
നേർത്തൊരു വിഷാദമായീണത്തിൽ ഞാൻ കേൾക്കയായ്
ആ ശോകഗാനത്തിന്റെ വീചികളലകളായ്
നേർത്തലിഞ്ഞില്ലാതായി സീമകൾ കടന്നുപോയ്
പൊന്നിളം ചിരിമാഞ്ഞാപ്പുഴയുമൊഴുകുന്നു.
കണ്ണുനീർപാടം പോലെ ചുടു നീരുമായ് വീണ്ടും
ആ ദിവ്യഗാനം കേട്ടറിയാതലിഞ്ഞുപോയ്
ഒരു മഞ്ഞു തുള്ളിപോൽ വസന്തവുമീ ഞാനും
പുലരും വരെമാത്രമീണത്തിൽ ഗാനംമൂളി-
യാത്തീരം വിട്ടാക്കിളിയെങ്ങോട്ടോ പറന്നുപോയ് !
കാത്തിരിക്കുന്നുവീണ്ടും ആ കിനാവു കാണുവാൻ
പാട്ടുകാരനാം പക്ഷീ നീ വരുന്നതും കാത്ത് !

# Kanchimahal

JEWELLERY

*A V. K Nair Road, Narangapuram, Thallasery - 670 101*

*Ph : (0490) 231901,231261*

ആശംസകൾ.............................

ആധുനിക രീതിയിലുള്ള യന്ത്രസാമഗ്രികൾ ഉപയോഗിച്ചുകൊണ്ട് കരുത്തുറ്റതും ഈടുറ്റതുമായ മരത്തിൽ നിർമ്മിച്ചുകൊടുക്കുന്ന ഫർണിച്ചർകൾക്ക് സമീപിക്കുക.

# ഡിസൈൻ ഫർണീച്ചർ വർക്സ്

സ്റ്റേറ്റ് ബാങ്കിന് സമീപം

പുന്നാട്.

കട്ടില, ജനൽ, വാതിലുകൾ, മണിയറ ഫർണിച്ചറുകൾ തുടങ്ങി എല്ലാവിധ മോഡൽ ഫർണീച്ചറുകളും നിർമിച്ച് കൊടുക്കുന്നു.



SREEJITH. P.V.
III B.Sc Physics

# The challenges of dealing with money

The power of money is treamendous. Infact money is required for producing a lot of good things in our lives. Besides its ability to buy the essentials, comforts and luxurious of life, the spending of money itself becomes a pleasure. But however, the most irresistible attraction with money is that money itself is power, which in turn buys practical power over people and to a limitted degree even on circumstances. And further, in the given socio-economic and moral system such as we have today, with most activities of life operating outside the realm of ethics, money tends to have greater ability making it apparently all the more powerful. "The love of money is the root of evils".

The great danger with money lies in one's attitude to it, and in the manner one get it or spend it. For Hindus, Christians and Muslims. God is against every dishonest gain and wasteful spending.

As regards our attitude every action will workout rightly it we treat money as a good tool for achieving certain higher goals such as happiness, contentment,service to god and man and so on. One question arises here without these goals achieved, will money or riches alone be reward enough for all the hardships involved in the process of getting money or for the life itself?

Money does good so long as one deals with it with moderation and self control. Anything beyond this, it becomes destructive. Most of us are perhaps not mature enough to handle money or for that matter big money, because we find to mis use it by way of grafting our pride and selfish ambitions alone. We have a cherished notion that we will have more satisfaction if we grab more or keep them with us. But relating proves otherwise . That is in giving or sharing we actually receive greater satisfaction. By giving out we receive more in the form of inner enrichment and mental growth. Ironically it seems to occur that most affluent people often lose sight of this secret of true inner satisfaction, which otherwise would have always made their richer and purposeful.

ആശംസകളോടെ........



S.N. Park Road, **Kannur**

**Ph : 566934**



*Phone : 201*

ആശംസകളോടെ.......

**തലശ്ശേരി താലൂക്ക്**

**റബർ & അഗ്രിക്കൾച്ചറൽ മർക്കറ്റിംഗ് കോ-ഓപ്പ്. സൊസൈറ്റി Ltd**

**നമ്പർ സി 927 ഇരിട്ടി**

ബ്രാഞ്ചുകൾ :

എടൂർ, പേരാവൂർ, കേളകം, കൊട്ടിയൂർ കോളയാട്, മട്ടന്നൂർ,
അങ്ങാടിക്കടവ് കരിക്കോട്ടക്കരി.

കെ. സി. ജേക്കബ്ബ്
പ്രസിഡണ്ട്

എൻ. റ്റി. ഫിലിപ്പ്
സെക്രട്ടറി



Sasikala.P.A.
III B.Sc. Maths

# പ്രസിഡൻഷ്യൽ ഭരണരീതി ഇന്ത്യയ്ക്ക് അനുയോജ്യമോ?

ഇന്ത്യൻ ഭരണഘടന ലോകത്തിലെ ഏറ്റവും വലിയ ഭരണഘടനകളിൽ ഒന്നാണ്. ഭരണഘടനാ ശില്പികൾ രണ്ടു വർഷവും 11 മാസവും 18 ദിവസവും കൊണ്ടാണ് ഈ ഭരണഘടന രൂപീകരിച്ചത്. ഇന്ത്യൻ ഭരണഘടനയിൽ ബ്രിട്ടീഷ് രാഷ്ട്രീയം ചെലുത്തിയ സ്വാധീനം വലുതാണ്. പാർലമെന്ററി സമ്പ്രദായം തന്നെ ബ്രിട്ടീഷ് സംഭാവനയാണ്.

സ്വതന്ത്ര ഇന്ത്യയിൽ ഏറ്റവും അധികം ഭരണം നടത്തിയത് കോൺഗ്രസ് പാർട്ടിയാണ്. ആദ്യകാല കോൺഗ്രസ് ഭരണാധികാരികൾക്ക് അവരുടെ വ്യക്തി പ്രഭാവത്തിന് മേലെയുള്ള മേല്ക്കോയ്മ എതിർക്കപ്പെടാനാവില്ല. സ്ഥിരതയുള്ള ഗവൺമെന്റ് പ്രദാനം ചെയ്യാൻ അവർക്ക് കഴിഞ്ഞിരുന്നു. പക്ഷെ അതിനു ശേഷം ഭരണ പരാജയ പരമ്പരയുടെ പശ്ചാത്തലത്തിൽ 1965 ൽ കൂടിയ എ.ഐ.സി.സി. യിൽ പ്രസിഡൻഷ്യൽ ഭരണത്തെപ്പറ്റിയുള്ള ചർച്ചകൾ നടന്നിരുന്നു. ആർ. വെങ്കിട്ടരാമനായിരുന്നു അതിന്റെ വക്താവ്. 1967 ൽ ചില സംസ്ഥാനങ്ങളിലും സംയുക്ത വിധായക് ദൾ ഗവൺമെന്റുകൾ അധികാരത്തിൽ വന്ന സാഹചര്യത്തിൽ കോൺഗ്രസ് നേതൃത്വം നിയമ പണ്ഡിതന്മാരെ ഉപയോഗിച്ച് പ്രസിഡൻഷ്യൽ ഭരണം സംബന്ധിച്ച് ഒരു ബദൽ ഭരണരീതികളെപ്പറ്റി ചർച്ച നടത്തിയിരുന്നു. 70-കളുടെ മധ്യത്തിലും 80-കളുടെ തുടക്കത്തിലും ഇതിനുവേണ്ടി ശക്തമായി വാദിച്ച നേതാക്കളായിരുന്നു എ.ആർ. ആന്തുലെയും, വസന്ത് സാഠെയും. ഏറ്റവും ഒടുവിൽ ബാൽതാക്കറെ, ശിവരാജ് പാട്ടീൽ എന്നിവരും ഇതിനുള്ള സംവിധാനം മാറ്റണം എന്ന നിർദ്ദേശവുമായി മുന്നോട്ട് വന്നു.

പാർലമെന്ററി സമ്പ്രദായവും പ്രസിഡൻഷ്യൽ സമ്പ്രദായവും തമ്മിലുള്ള ഒരു താരതമ്യപഠനം നമ്മെ ചില നിഗമനങ്ങളിലും എത്തിക്കുന്നു. പ്രസിഡൻഷ്യൽ രീതി ഭരണ സ്ഥിരത പ്രദാനം ചെയ്യുന്നു എങ്കിലും ജനങ്ങളോടുള്ള ഉത്തരവാദിത്വം കുറവായിരിക്കും. മറ്റൊരു തരത്തിൽ പറഞ്ഞാൽ പാർലമെന്ററി സമ്പ്രദായം കൂടുതൽ ഉത്തരവാദിത്വം ഉള്ളതാണ്. പക്ഷെ സ്ഥിരത കുറവും. ഭരണഘടനയുടെ ആർട്ടിക്കിൾ 75(3) ഇത് വ്യക്തമാക്കുന്നു. 'The council of ministers shall be collectively responsible to the house of the people'.

ഭരണഘടനയുടെ പിതാക്കന്മാരും ഇതു പോലെ ഒരു വൈരുദ്ധ്യം നേരിട്ടിരുന്നു എന്നത് വാസ്തവമാണ്. വിശാലമായ വിശകലനങ്ങൾക്കും ആഴത്തിലുള്ള ചർച്ചകൾക്കും ശേഷമാണ് ഇന്ത്യയുടെ ഭരണഘടനാ നിർമ്മാതാക്കൾ പാർലമെന്ററി സമ്പ്രദായം തെരഞ്ഞെടുത്തത്. അവർക്ക് ആവശ്യമായ ഒന്നായിരുന്നില്ല പ്രസിഡൻഷ്യൽ ഭരണ സമ്പ്രദായം. കൂടുതൽ ജനാധിപത്യപരവും ഇന്ത്യക്ക് അനുയോജ്യവും- എന്നീ കാരണങ്ങളാൽ ഇപ്രകാരത്തെ സമ്പ്രദായം സ്വീകരിക്കപ്പെട്ടു; ഈ പാർലമെന്ററി ജനാധിപത്യത്തിനു തന്നെ ബ്രിട്ടനിൽ സ്ഥിരത ഉറപ്പാക്കാൻ കഴിയുന്നു. എന്തുകൊണ്ട്? അമേരിക്കയിൽ പ്രസിഡൻഷ്യൽ ഭരണരീതിക്ക് സുസ്ഥിരമായ ഭരണം കാഴ്ചവെക്കാൻ കഴിയുന്നു? അത് അവിടുത്തെ bi-party system കൊണ്ടല്ലേ? എന്തുകൊണ്ടാണ് ശ്രീലങ്കൻ പ്രസിഡൻഷ്യൽ ഭരണരീതി ഉപേക്ഷിച്ച് പാർലമെന്ററി ജനാധിപത്യത്തിനുവേണ്ടി ആഗ്രഹിക്കുന്നു?

**തിരഞ്ഞെടുപ്പ് പരിഷ്ക്കരണങ്ങൾ**

നാം ഒരു പുനർപരിശോധന നടത്തുമ്പോൾ നമുക്ക് മനസ്സിലാക്കാൻ സാധിക്കും ഈ പാർലമെന്ററി ജനാധിപത്യത്തിലുണ്ടാകുന്ന അസ്ഥിരത ആ രീതിയുടെ തകരാറല്ല മറിച്ച് നമ്മുടെ തിരഞ്ഞെടുപ്പ് രീതിയുടെ പോരായ്മയാണ്. ഇത് ശരിയായ തെരഞ്ഞെടുപ്പ് പരിഷ്ക്കരണങ്ങളിലൂടെ നമുക്ക് ശരിയാക്കുവാൻ സാധിക്കും. അസ്ഥിരതയ്ക്ക് പ്രധാന കാരണം ഇന്ത്യയിലെ പാർട്ടികളുടെ ആധിക്യം തന്നെയാണ്. ഒന്നാം ദേശീയ തിരഞ്ഞെടുപ്പിൽ 45% വോട്ട് നേടിയ കോൺഗ്രസ്സ് 75% സീറ്റു നേടിയാണ് അധികാരത്തിൽ വന്നത്. ഈ വോട്ടും സീറ്റും തമ്മിലുള്ള അന്തരം ഓരോ ഇലക്ഷനിലും കൂടി കൂടി വരികയാണ് ചെയ്തത്. സ്ഥിരതയില്ലാത്ത ഗവൺമെന്റുകൾക്കുള്ള മറ്റൊരു കാരണം കൂറുമാറ്റം എന്ന പ്രതിഭാസമാണ്. ഇത് തടയാൻ കൊണ്ടുവന്ന നിയമം വേണ്ടത്ര ഫലപ്രദമായില്ല. ഓരോ

# ഇരിട്ടി ഭവന നിർമ്മാണ സഹകരണ സംഘം ലിമിറ്റഡ്

**No.C. 891,**

**P.O. ഇരിട്ടി**

ഉദാരമായ വ്യവസ്ഥയിൽ 3 ലക്ഷം രൂപവരെ വീട് നിർമ്മിക്കുന്നതിന് വായ്പ അനുവദിക്കുന്നു.

പ്രസിഡണ്ട്
എം.ജെ. ചാക്കോ

സെക്രട്ടറി
വി. വിനോദ്കുമാർ

ആശംസകൾ..............

*Ph:* 471460

## പഴശ്ശി സർവ്വീസ് സഹകരണബാങ്ക് ലിമിറ്റഡ്

**No F** 1532

മട്ടന്നൂർ, കണ്ണൂർ ജില്ല

---

മട്ടന്നൂർ നഗരത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന സ്ഥാപനം

☆

എല്ലാത്തരം നിക്ഷേപങ്ങളും സ്വീകരിക്കുന്നു.

☆

നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ നിരക്ക്

☆

സ്വർണ്ണ പണയ വായ്പ അനുവദിക്കുന്നു.

പ്രസിഡണ്ട്
ടി.വി. രവീന്ദ്രൻ

സെക്രട്ടറി
കെ.സി. രാധാകൃഷ്ണൻ

തത്തിനാവശ്യം സുസ്ഥിരമായ ഉത്തരവാദിത്വമുള്ള ഒരു ഭരണ സംവിധാനമാണ്. ഇന്ത്യയിലെ പാർലമെന്ററി ജനാധിപത്യത്തിന്റെ ചട്ടക്കൂടുകളിൽ നിന്നുകൊണ്ട് ഇത് സാധ്യമാണോ എന്നാണ് നാം ചിന്തിക്കേണ്ടത്. ഒരു പാർട്ടിയെ തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങളിലൂടെ നമുക്കിത് നേടുവാൻ സാധിക്കും. ഇതിനുവേണ്ടി ദേശീയ അംഗീകാരമുള്ള പാർട്ടികൾ മാത്രമേ തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ പാടുള്ളൂ. ഒരു മിനിമം ശതമാനം വോട്ടു നേടിയ പാർട്ടികൾക്ക് ധനസഹായം നൽകണം. ചെറിയ പാർട്ടികൾക്ക് ഈ വ്യവസ്ഥകൾ പാലിക്കാൻ കഴിയുകയില്ല. അവ സമാനമായ ആശയങ്ങൾ വച്ചു പുലർത്തുന്ന മറ്റു പാർട്ടികളുമായി ഒത്തുപോവാൻ നിർബന്ധിതരാവും. ഇത് വോട്ടും സീറ്റും തമ്മിലുള്ള അന്തരം കുറയ്ക്കാൻ സഹായിക്കും.

ഇന്ത്യയിലെ പാർലമെന്ററി സമ്പ്രദായം കുറ്റമറ്റതാണെന്ന് നമുക്ക് അഭിപ്രായപ്പെടാൻ കഴിയില്ല.

രാഷ്ട്രീയ സ്ഥിരത സാമ്പത്തിക വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്. പരിഹരിക്കാനാവാത്ത പല പ്രശ്നങ്ങൾക്കും പലരും കുറ്റം ചുമത്തുന്നത് ഭരണസമ്പ്രദായത്തിലാണ്. കാശ്മീർ പ്രശ്നം പരിഹരിക്കാൻ ഒരു പക്ഷെ ഇന്ത്യ കരുത്തനായ ഒരു പ്രസിഡന്റിന്റെ കീഴിലായിരുന്നു എങ്കിൽ സാധിച്ചേനെ എന്നു കരുതുന്നവരുണ്ടാകാം. പക്ഷെ ഒന്നു മനസ്സിലാക്കണം. നെഹ്റു, മൊറാർജി, ഇന്ദിര എന്നിവരുടെ ഗവൺമെന്റുകൾ ഏതു തീരുമാനങ്ങളും നടപ്പിലാക്കാൻ സാധിക്കും വിധം ശക്തമായിരുന്നു. ഇവിടെ ഭരണസമ്പ്രദായമല്ല പരാജയപ്പെട്ടത് പകരം ഭരണകർത്താക്കളാണ്.

ഇന്ത്യൻ പ്രസിഡന്റ് ഭരണഘടനയുടെ തലവനാണ്. എങ്കിലും പരിമിതമായ അധികാരങ്ങളെയുള്ളൂ. പക്ഷെ ഭരണഘടന പ്രസിഡന്റ് വെറും റബ്ബർ സ്റ്റാമ്പാണ് എന്ന കാര്യം എതിർക്കുന്നു. അദ്ദേഹത്തിന് പാർലമെന്റിനെ ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയർത്താൻ ആവശ്യമായ അധികാരങ്ങൾ ഉണ്ട്. അടുത്തകാലം വരെ ഇലക്ഷൻ കമ്മീഷന്റെ വിപുലമായ അധികാരങ്ങളെപ്പറ്റി അജ്ഞരായിരുന്ന നമ്മളെ ടി.എൻ. ശേഷൻ എന്ന കരുത്തനായ ഇലക്ഷൻ കമ്മീഷണർ ആ അധികാരങ്ങളെപ്പറ്റി ബോധവാൻമാരാക്കി.

പ്രസിഡൻഷ്യൽ ഭരണരീതിയിൽ സ്ഥിരതയ്ക്ക് മുൻതൂക്കം നൽകികൊണ്ട് ഉത്തരവാദിത്വത്തെ മറക്കാൻ ശ്രമിക്കുന്നു. ഈ സമ്പ്രദായത്തിൽ ഭരണപരമായ കാര്യങ്ങളിൽ നിന്നും പാർലമെന്റിനെ ഒഴിവാക്കുന്നു. പ്രസിഡൻഷ്യൽ സമ്പ്രദായത്തിൽ മന്ത്രിസഭാംഗങ്ങൾ പാർലമെന്റിലെ അംഗങ്ങളാകണമെന്നില്ല. അവർക്ക് പാർലമെന്റിനോടല്ല ഉത്തരവാദിത്വം മറിച്ച് അവരെ നിയമിക്കുന്ന പ്രസിഡന്റിനോടായിരിക്കും. പ്രസിഡന്റിന് ആഗ്രഹിക്കുന്നത് നടപ്പിലാക്കാൻ ഈ മന്ത്രിസഭയെ ഉപയോഗിച്ച് സാധിക്കും. പക്ഷെ എന്തിനും ഏതിനും ഇടങ്കോലിടുന്ന ഒരു പാർലമെന്റ് പ്രസിഡന്റിന് എന്നും തലവേദനയായിരിക്കും. ഈ സമ്പ്രദായത്തിൽ ജനാധിപത്യത്തിന്റെ ആത്മാവെന്ന് വിശേഷിപ്പിക്കപ്പെടുന്ന നിയമനിർമ്മാണ സഭയോടുള്ള ഉത്തരവാദിത്വം വെറും ഒരു പ്രഹസനം മാത്രമായി ചുരുങ്ങുന്നു.

അമേരിക്കൻ മാതൃകയിലുള്ള ഒരു പ്രസിഡൻഷ്യൽ സമ്പ്രദായം അനായാസേന ഇവിടെയും ആവർത്തിക്കാമെന്ന് കരുതുന്നത് അബദ്ധമാണ്. 210 വർഷം പ്രായമുള്ള അമേരിക്കൻ ഭരണഘടന കാലത്തെ അതിജീവിച്ചതിന് പല കാരണങ്ങളുണ്ട്. ശക്തമായ ഫെഡറൽ സംസ്കാരം, സാമൂഹിക-സാമ്പത്തിക-പുരോഗതി, വ്യവസായിക വളർച്ച എന്നിവ ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ്. ആധുനിക മുതലാളിത്ത രാജ്യമായി വളർന്നതുകൊണ്ട് ചൂഷണം കുറയുന്നതും, ക്ഷേമപദ്ധതികൾ അർഹിക്കുന്നവർക്കുമാത്രം നൽകുന്നതും അവിടത്തെ പ്രത്യേകതയാണ്. ഇതൊന്നും മനസ്സിലാക്കാതെ അമേരിക്കൻ മാതൃക നമുക്ക് അനുയോജ്യമാണെന്ന് പറയുന്നത് ശരിയല്ല. പാർലമെന്ററി ജനാധിപത്യം തകരുമ്പോൾ അവിടെ അരാജകത്വവും ഏകാധിപത്യവും ഉടലെടുക്കുവാൻ സാധ്യതയുണ്ട്. പാർലമെന്ററി സമ്പ്രദായത്തിൽ ഒഴിവാക്കാൻ പറ്റാത്ത മറ്റൊന്നും കൂടി ഉണ്ട്. ശക്തമായ ഒരു നേതൃത്വനിര. ഇന്ത്യയ്ക്കില്ലാത്തതും അതു തന്നെയാണ്.

പാർലമെന്ററി രീതി പെട്ടെന്ന് ഉപേക്ഷിക്കാനുള്ള ഏതു നീക്കവും ജനാധിപത്യത്തെ ദോഷകരമായി ബാധിക്കും. പാർലമെന്ററി ജനാധിപത്യത്തെ കൂടുതൽ കാര്യക്ഷമമാക്കാൻ വേണ്ടി കൂട്ടായ ചർച്ചയിലൂടെ ജനാധിപത്യപരമായ പരിഷ്കാരങ്ങൾ കൊണ്ടുവരേണ്ടത് ആവശ്യമാണ്. അധികാരവികേന്ദ്രീകരണം, സംസ്ഥാനങ്ങളുടെ ജനാധിപത്യവകാശങ്ങൾ വെട്ടിക്കുറയ്ക്കുന്ന 356ാം അനുച്ഛേദം ഭേദപ്പെടുത്തികൊണ്ട് സംസ്ഥാനങ്ങളിലെ പ്രസിഡൻഷ്യൽ ഭരണം പരിമിതപ്പെടുത്തൽ, കൂറുമാറ്റനിരോധനനിയമം എന്നിവയിലൂടെ പാർലമെന്ററി ജനാധിപത്യം നമുക്ക് ശക്തിപ്പെടുത്താം.

വികസിത രാജ്യങ്ങളിലെ പ്രസിഡൻഷ്യൽ രീതിയുടെ ഫലങ്ങൾ എങ്ങനെയൊക്കെ ആയാലും ഏഷ്യയിലെയും ആഫ്രിക്കയിലെയും പല വികസ്വരരാജ്യങ്ങളിലും ഈ രീതി നിയമേന വ്യത്യാസമില്ലാത്ത സ്വേച്ഛാധിപത്യത്തിലേക്ക് അധഃപതിച്ചിട്ടുണ്ട് എന്ന സത്യം നാം മനസ്സിലാക്കണം. അസ്ഥിരത ഒഴിവാക്കാനായി പ്രസിഡൻഷ്യൽ ഭരണരീതി വേണമെന്ന് വാദിക്കുന്നത് കുളിത്തൊട്ടിയിലെ വെള്ളത്തോടൊപ്പം കുട്ടിയേയും കളയുന്നതുപോലെ ആയിരിക്കും.

◆





We Deal

LOUIS PHILIPPE
VAN HEUSEN
ZODIAC
WRITER
PETER-ENGLAND
ROZARI
PREMIER
CANNON
JOCKEY
STATE EXPRESS
KILLER
SUNNEX
SHOTGUN
WRANGLER
BEST WAIST
TRIGGER
HARD-CURRENCY
WOOD LAND
LIBERTY
LOTUS BAWA

Royal Robes

New Paris Complex
Tellicherry
Ph: 232666, 231666



*സിനു ജേക്കബ്*
*II B.Com*

# മാതൃവിലാപം

തിരികൊളുത്തുവിൻ യുവജനങ്ങളെ
പുതിയ യുഗത്തിൻ തിരികൊളുത്തുവിൻ
ഇവിടെ ഒരായിരം നക്ഷത്രശോഭയാൽ
തിളങ്ങിനിന്നൊരീ ഭാരതഭൂമിയിൽ
അന്ധകാരത്തിന്റെ തികവാം പാളികൾ
ഭാരതാംബയിൽ പടർന്നിറങ്ങുന്നുവോ
കാലചക്രത്തിന്റെ ഗതിമുറുകിടുമ്പോൾ
അമ്മതൻ കണ്ണിലും കണ്ണീർപൊടിയുന്നുവോ
അമ്മിഞ്ഞപ്പാൽ പുരണ്ടൊരാമാറിടം
ഏതോ ചുടുനിണം ചൊരിഞ്ഞിടുന്നു
അകലെയെവിടെയോ ഞാൻ
ഒരായിരം രോദനം കേൾപ്പൂ
അമ്മതൻ രോദനം ഒരായിരം മാതൃരോദനം
ഭാരതാംബതൻ ഹൃദയങ്ങളിൽ
തെറിച്ചുവീണതാം കബന്ധങ്ങൾ
അതിൽ നോക്കി അലമുറയിടും
ഒരായിരം അമ്മമാർ
ഇല്ല ഞാൻ കണ്ടില്ല ഒരു കബന്ധത്തിലും
ഹിന്ദു മുസ്ലീം ക്രിസ്ത്യൻ നാമധേയങ്ങൾ
അല്ലയോ യുവജനങ്ങളേ ഓർക്കൂ നമ്മൾ
ഭാരതാംബതൻ നെഞ്ചു നനച്ച
ഈയമ്മതൻ ചുടുകണ്ണീരിനു മതഭേദമില്ല.
ഭാരതാംബതൻ നെഞ്ചുനനച്ചൊരീ
യുവചുടുനിണത്തിന് നിറഭേദമില്ല
പിന്നെ നാം എന്തിന് ആർക്കുവേണ്ടി
പരസ്പരം പോരടിക്കുന്നു.
മതമേലാളികളുടെ സ്വാർത്ഥമോഹത്തിനോ
അതോ...............
മറഞ്ഞിരിക്കുന്നൊരു ദൈവത്തിനുവേണ്ടിയോ
സമയമായ് ഉണരുവിൻ യുവജനങ്ങളേ
പുതിയ വിപ്ലവഗാനം രചിക്കുവാൻ
കനവുകൾ എരിയുന്ന യുവഹൃദയങ്ങളേ
പടരുക നിങ്ങൾ തീജ്വാലയായ്


*With best compliments from.......*

**REENA NURSING HOME & RENJITH CLINICAL LABORATORY**

**IRITTY.**

ആശംസകൾ........





**നയന ബേക്കറി & കൂൾബാർ**

പഴയ ബസ്റ്റാന്റിന് മുൻവശം,
ഇരിട്ടി

MANOJ. M.D.
III B.Com.

# Good Bye

The day has come to depart;
And I say good bye to you.
Oh! Dear, please don't cry!
that makes me also cry.
We depart from you, college;
And the walls say good bye:
The sweet days that I spent;
Have gone away with dreams.
Campus we have cherished;
Say good bye and pass
Its flowers in the gentle breeze.

All,come alone to the campus;
days made us friends
Time has come to depart;
Does friendship live long?
These years taught me much;
Sprouting seeds were sown in heart
but now I am in a dilemma
Where to turn and live.
When I say good bye to you;
Remains a handful sweet memories;
And I cherish this past;
As I live in this world.

*With best compliments from......*

# ACCADAMY OF MATHEMATICS

H.O. KANNOTHUMCHAL
Ph: 507964

Branch: THANA
Ph: 508556

PARELLEL CLASSES

B Sc MATHEMATICS

M Sc MATHEMATICS

TUITION CLASSES

PDC - MATHEMATICS, PHYSICS, CHEMISTRY, STATISTICS (MAIN & SUB) ENGLISH, HINDI

C.B.S.E. - MATHEMATICS & SCIENCE (IX & XII)
IIPDC & (CBSE) CLASSES

DEGREE - MATHEMATICS, PHYSICS,CHEMISTRY,STATISTICS(MAIN & SUB) ENGLISH, HINDI

B.E/ B.TECH - MATHEMATICS
MED/ ENGG - ENTRANCE CLASSES (SHORT AND LONG TERM)

*Principa*

ആശംസകൾ...........

# തലശ്ശേരി സഹകരണ
# കാർഷികവികസന ബേങ്ക് ലിമിറ്റഡ്

No. F. 1030,

H.O. തലശ്ശേരി : Branch : ഇരിട്ടി

പ്രസിഡണ്ട്
അദ്ധ്യ : സണ്ണി ജോസഫ്.



Anoop K.
Ist B.Com,

# പരിവർത്തനം

പഞ്ചശിരസിലെ,
സംഹാരനൃത്തപർവ്വത്തിനുശേഷ-
മശിരസിൽ
അന്ത്യവഴിപാടുകൾക്കർത്ഥം പിന്നു
പാദ പതനമേറ്റ് മൃത്യു-
വരിച്ചോരാ-
സർവ്വജീവന ശിഥില ഹേതുവാകയ-
തറിഞ്ഞോ—? ഇല്ലയോ—?
മാലം നുകർന്ന മുലപ്പാൽ ഘൃതത്താൽ
ഇഹലോകമൊക്കെയും സ്വന്തമാക്കി ഞാൻ
സൂര്യനെ ഭൂമിയും ഭൂമിയെ ചന്ദ്രനും പോൽ
സ്നേഹ പ്രദക്ഷിണം വച്ചു വളർന്നു ഞാൻ
ഇരു [illegible] കൈകളിൽ
അന്നുമേറി സ്വർഗ്ഗവും
സ്വപ്നവും നിറങ്ങളും വേർതിരിച്ചു
ഇന്ന് കിളി മധുരനാദം മറന്നുപോയി
ശബ്ദ ഗാംഭീര്യം മുഴക്കിനിന്നോരി
കാളിമ മൃത്യുവിരാമമിട്ടു
എന്റെ മനസിൽ വിഷാദരാഗം -
മൊഴിഞ്ഞവൻ കേറി. "ശവമഞ്ചങ്ങൾ"
'എത്ര നിറങ്ങളുണ്ടെന്നു ഓർക്ക
ശവനത്തിനായ് നെയ്തെടുത്ത വസ്ത്രങ്ങൾ
മന്ത്രമിടുവിക്കണം. പുതിയത് നേടണം
ശുഭ്രമാമഴിക്കെടിയെന്ത്യമാകണം
മന്ത്രം സിരകളിൽ ഏകി പ്രചോദനം
ഞാനന്ന് ഞാനായ് മാറി
അക്ഷൗഹിണി പടക്കൂട്ടത്തിൽ
വില്ലാളി വീരനായ് നിന്നു കൃതാർത്ഥനായ്
നിറങ്ങളിൽ തീർത്ത പതാകയേന്തി
ശംഖനാദത്തിന്റെ മാറ്റൊലിയോടെ !
നമ്മെ അലറിവരുന്ന ശോകാഗ്നിപ്രളയംപോലെ
ഞാൻപോലും കാലത്തിന്റെ ഗദകളേൽത്തു—
താണ്ഡവമാടുന്ന വസ്ത്രങ്ങൾ ചുറ്റിലും
നിമിഷം കണക്കിനു മാറിയ വസ്ത്രങ്ങൾ
പരപക്ഷമരണവക്കുകളിൽ
പൂർണ്ണ നഗ്നനെന്നു ഞാൻ.
ഏകനായി ഞാനി ശിരസ് നമിക്കുന്നു
പതിക്കട്ടെ ! പാദപതനങ്ങൾ ഹൃദയങ്ങളിൽ
ഉണരുന്നു ഞാൻ -
"നഗ്നമുദ്രയായ് ചുറ്റിലും-
കുരുന്നുകൾ കോമാളിവേഷമാണെന്റെ വേഷം"
മന്ത്രങ്ങളോതുവാൻ കഴിയില്ല
ഇതുകണ്ട എന്നിലെ കവി പാടി:
"പൊഴിയുന്ന നിന്നിലെ എന്നോർമ്മ ബിംബങ്ങൾ
വന്യമായ എത്രനീരുറവ തേടിയലയുമ്പോൾ
അന്ധമിഴികളോടെ നീ നഗ്നനാകുക
- നിന്റെ സാരഥി നീയായിരിക്കുക
കഴിഞ്ഞതൊന്നിനെയും കൈവിടരുത്"
"ശുഭ്രമാണിയുക. നിത്യശോഭനചൂടുക
ഈ ജനതക്കായി ജ്വലിക്കണം നാം—"

ആശംസകളോടെ............

# പട്ടാനൂർ സർവ്വീസ് സഹകരണ ബേങ്ക് ലിമിറ്റഡ്

## നമ്പർ എൽ.എൽ 7

പി.ഒ. പട്ടാനുർ ഫോൺ : 292049

ബ്രാഞ്ചുകൾ :


1. കൊളോളം – ഫോൺ : 484437
2. ആയിപ്പുഴ ഫോൺ : 292257

പ്രസിഡണ്ട്
കെ.ബിന്ദു

സെക്രട്ടറി
സി.കെ. രാമചന്ദ്രൻ

# ഇരിട്ടി മഹാത്മാഗാന്ധി കോളേജ്

## യൂണിയൻ പ്രവർത്തന റിപ്പോർട്ട് - 1997 - '98



സ്നേഹമുള്ളവരെ,

ഇരിട്ടി മഹാത്മാഗാന്ധി കോളേജ് യൂണിയൻ 1997-1998 വർഷത്തിൽ ഏറ്റെടുത്ത് നടത്തിയ പ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്ത രൂപം നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നു.

**കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ്**

1997 - നവമ്പർ 6-ാം തീയതി വ്യാഴാഴ്ച നടന്ന വാശിയേറിയതും, സമാധാനപൂർണ്ണവുമായ തിരഞ്ഞെടുപ്പിൽ താഴെപറയുന്നവർ കോളേജ് യൂണിയന്റെ സാരഥികളായി തിരഞ്ഞെടുക്കപ്പെട്ടു.

**യൂണിയൻ സാരഥികൾ**

| | | |
|---|---|---|
| ചെയർമാൻ | - | ജയിൻസ്.റ്റി.മാത്യു |
| വൈസ് ചെയർമാൻ | - | ശാലിനി എ.കെ. |
| ജന.സെക്രട്ടറി | - | സിജു.കെ.പി |
| ജോയിന്റ് സെക്രട്ടറി | - | ശശികല.പി.എ. |
| യു.യു.സി | - | മനോജ്.പി.ടി. |
| ചീഫ് സ്റ്റുഡന്റ് എഡിറ്റർ | - | വിനോദ് എം.കെ. |
| ഫൈൻആർട്ട്സ് സെക്രട്ടറി | - | റോബി മാനുവൽ |
| ജനറൽ ക്യാപ്റ്റൻ | - | ഷൈൻ പി.ഡി. |

**ക്ലാസ് റെപ്രസെന്റീവ്**

| | | |
|---|---|---|
| I DC | - | സുരേഷ് കുമാർ.ടി.എൻ. |
| II DC | - | റെനി സെബാസ്റ്റ്യൻ |
| III DC | - | ബിജു കെ.എൻ. |

**അസോസിയേഷൻ സെക്രട്ടറിമാർ**

| | | |
|---|---|---|
| കൊമേഴ്സ് | - | ബിജു ജോൺ.ടി. |
| മാത്സ് | - | ജോമോൻ.വി.ജെ |
| ഫിസിക്സ് | - | ജിബിമോൻ ജോസഫ് |

997 - ഡിസംബർ 2-ന് കോളേജ് യൂണിയന്റെ ആദ്യ ജനറൽകൗൺസിൽ യോഗം നടന്നു. പ്രസ്തുതയോഗത്തിൽ വെച്ച് റെനി സെബാസ്റ്റ്യൻ, ജോമോൻ.വി.ജെ, സുരേഷ് കുമാർ.ടി.എൻ. എന്നിവരെ യൂണിയൻ എക്സിക്യൂട്ടിവിലേയ്ക്ക് ഐകകണ്ഠേന തിരഞ്ഞെടുത്തു. യൂണിയൻ അഡ്വൈസറായി ശ്രീ.എം.ജെ.മാത്യുവിനെയും, കോളേജ് മാഗസിന്റെ സ്റ്റാഫ് എഡിറ്ററായി ശ്രീ.റെജി പായിക്കാട്ടിനെയും പ്രിൻസിപ്പാൾ നോമിനേറ്റു ചെയ്തു.

**സത്യപ്രതിജ്ഞ**

05-12-97 - വെള്ളിയാഴ്ച തിരഞ്ഞെടുക്കപ്പെട്ട യൂണിയൻ ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റെടുത്തു. പ്രൻസിപ്പാൾ പ്രൊഫ: എം.പി.ലക്ഷ്മണൻ സത്യവാചകം ചൊല്ലി കൊടുത്തു.

**യൂണിയൻ ഉദ്ഘാടനം**

05-12-97-ാം തീയതി കോളേജ് യൂണിയന്റെ ഔപചാരികമായ ഉദ്ഘാടനം കണ്ണൂർ യൂണിവേഴ്സിറ്റി രജിസ്ട്രാർ ഡോ.പി.സി.രവീന്ദ്രൻ നിർവഹിച്ചു. ചെയർമാൻ ജയിൻസ്.ടി. മാത്യു അധ്യക്ഷത

നടത്തി. [illegible] ആർട്സ് [illegible] ഉദ്ഘാടനം പ്രശസ്ത ചലച്ചിത്രതാരം ശ്രീ. [illegible] നിർവ്വഹിച്ചു. [illegible] യൂണിയൻ [illegible] ആഘോഷങ്ങൾ [illegible] പ്രവർത്തനങ്ങൾക്ക് [illegible] യൂണിയൻ അഡ്വൈസർ ശ്രീ. എം. [illegible] വിദ്യാർത്ഥികളിൽ [illegible] ഉച്ചയ്ക്കുശേഷം കണ്ണൂർ [illegible] യൂണിയൻ [illegible] ജനറൽസെക്രട്ടറി ബിജു.കെ.പി. [illegible] ഒരു നല്ല [illegible] കഴിഞ്ഞതിൽ ഞങ്ങൾ സന്തോഷിക്കുന്നു.

പാഠ്യ പാഠ്യേതര വിഷയങ്ങൾ

ഡിസംബർ 7,8 തീയതികളിൽ തലശ്ശേരി [illegible] നടന്ന ഇന്റർ യൂണിവേഴ്സിറ്റി [illegible] മത്സരത്തിനുള്ള കണ്ണൂർ യൂണിവേഴ്സിറ്റി ടീമിൽ നമ്മുടെ കോളേജിൽനിന്നും വിദ്യാർത്ഥികളെ തിരഞ്ഞെടുത്ത് അയയ്ക്കുകയും അവർക്കുവേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുവാനും യൂണിയൻ മുൻകൈയെടുത്ത് പ്രവർത്തിച്ചു എന്ന കാര്യം [illegible] എം.ജി.കോളേജ് മുൻകൈ [illegible] കണ്ണൂർ [illegible] വിജയകരമായി നടത്തുന്നതിന് യൂണിയന്റെ പൂർണ്ണസഹകരണം ഉറപ്പുവരുത്തുവാൻ കഴിഞ്ഞു എന്നത് ഇവിടെ പ്രത്യേകം സ്മരിക്കട്ടെ. ഇതിനായി മുൻകൈ എടുത്തു പ്രവർത്തിച്ച ശ്രീ. എം.ജെ. മാത്യു സാറിനെയും, ശ്രീ. കെ.വി. ദേവദാസൻ മാസ്റ്ററെയും പ്രത്യേകം അനുസ്മരിക്കുന്നു.

നമ്മുടെ കോളേജിൽ പഠനത്തിൽ മുന്നിട്ടു നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം എന്നും യൂണിയന്റെ ഭാഗത്തുനിന്നുണ്ടായിരുന്നു. അതിന്റെ ഭാഗമായി വാർഷികപരീക്ഷകളിൽ കൂടുതൽ മാർക്ക് വാങ്ങിയ വിദ്യാർത്ഥികൾക്ക് സമ്മാനങ്ങൾ നൽകുവാൻ യൂണിയന് കഴിഞ്ഞിട്ടുണ്ട്.

21-10-98-ന് നടന്ന [illegible] ആദ്യ [illegible] കോളേജ് മാഗസിൻ പുറത്തിറക്കുന്നതിനുവേണ്ട പ്രാരംഭ നടപടികൾ ആരംഭിക്കാനും, വിദ്യാർത്ഥികളിൽനിന്നും സൃഷ്ടികൾ സ്വീകരിച്ചു തുടങ്ങുവാനും തീരുമാനമായി.

നമ്മുടെ കോളേജിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി മാനേജ്മെന്റിനോട് ചേർന്ന് നിന്ന് പ്രവർത്തിക്കുവാനും ആവശ്യമുള്ള ഇടങ്ങളിൽ ശക്തമായ സമ്മർദ്ദം ചെലുത്തി വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ നേടിയെടുക്കുവാനും യൂണിയന് സാധിച്ചതിൽ ഞങ്ങൾ കൃതാർത്ഥരാണ്. വിദ്യാർത്ഥികളുടെ കായിക വികസനത്തിന്റെ ഭാഗമായി ഒരു വിശാലമായ മൈതാനം നിർമ്മിക്കുവാനും, കോളേജിൽ ശുദ്ധജലവിതരണ സൗകര്യമൊരുക്കുന്നതിനും മാനേജ്മെന്റിൽ യൂണിയൻ ശക്തമായ സമ്മർദ്ദം ചെലുത്തുകയും അത് പ്രാവർത്തികമാവുകയും ചെയ്തു. നമ്മുടെ കോളേജ് കെട്ടിടത്തിൽ വിദ്യാർത്ഥി സ്റ്റോർ തുടങ്ങാൻ സ്റ്റോർ അനുവദിക്കുന്നതിന് വേണ്ടി മാനേജ്മെന്റിനുമേൽ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി ഇവിടെ സ്റ്റോർ അനുവദിച്ചുകിട്ടിയ കാര്യം ഞങ്ങൾ സന്തോഷപൂർവ്വം സ്മരിക്കട്ടെ.

സ്പോർട്സ് ഡേ

21-01-98-ന് നടന്ന യൂണിയൻ ജനറൽബോഡി യോഗം സ്പോർട്സ് ഡേ നടത്തുവാൻ തീരുമാനിച്ചു. അതിനായി വിദ്യാർത്ഥികളെ മൂന്ന് ഗ്രൂപ്പായി തിരിക്കുകയും ഓരോ ഗ്രൂപ്പിനും അഡ്വൈസർമാരായി ഓരോ അദ്ധ്യാപകരെ നിയമിക്കുകയും ചെയ്തു. 10-02-98-ന് നടന്ന കോളേജ് സ്പോർട്സ് ഡേ വിജയകരമായി നടത്തുവാൻ യൂണിയന് സാധിച്ചു എന്നത് അഭിമാനപൂർവ്വം അറിയിക്കട്ടെ.

കോളേജ് ഡേ

യൂണിയന്റെ അവസാന പരിപാടിയായ കോളേജ് ഡേ 06-03-98ന് ആഘോഷിക്കുകയുണ്ടായി. കോളേജ് ഡേയുടെ ഔപചാരികമായ ഉദ്ഘാടനം നിർവ്വഹിച്ചത് കോളേജ് പ്രിൻസിപ്പാൾ ഫാ: ജിയോ പുളിക്കൻ നിർവഹിച്ചു. ചെയർമാൻ ജയിംസ് ടി.മാത്യു അദ്ധ്യക്ഷത വഹിച്ചു. യൂണിയൻ അഡ്വൈസർ ശ്രീ.എം.ജെ.മാത്യു സ്വാഗതം പറഞ്ഞു. കോളേജിന്റെ പ്രവർത്തനറിപ്പോർട്ട് പ്രിൻസിപ്പാൾ പ്രൊഫസർ.എം.പി. ലക്ഷ്മണനും, യൂണിയൻ റിപ്പോർട്ട് ജനറൽസെക്രട്ടറി ബിജു.കെ.പിയും അവതരിപ്പിച്ചു. കോളേജ് ദിനാഘോഷ പരിപാടികൾക്ക് ആശംസകൾ അർപ്പിച്ചുകൊണ്ട് പി.റ്റി.എ.പ്രസിഡന്റ് ശ്രീ.കൃഷ്ണൻ മാസ്റ്റർ, ശ്രീ.രാജീവ്.പി.എ, യു.യു.സി. മനോജ് പി.ടി.എന്നിവർ സംസാരിച്ചു. ഉച്ചയ്ക്കുശേഷം കോളേജ് വിദ്യാർത്ഥികളുടെ

കലാപ്രകടനങ്ങൾ നടന്നു. അതിനുശേഷം കണ്ണൂർ എസ്.എൻ. ഓർക്കസ്ട്ര നടത്തിയ ഗാനമേള ഹൃദ്യമായിരുന്നു. ഫൈൻ ആർട്ട്സ് സെക്രട്ടറി റോബിമാനുവൽ നന്ദി രേഖപ്പെടുത്തി.

വിദ്യാർത്ഥികളുടെ പൊതുവായവേദി എന്ന നിലയിൽ വൈവിധ്യമാർന്ന പരിപാടികൾ സംഘടിപ്പിക്കുവാനും മുഴുവൻ വിദ്യാർത്ഥികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുവാനും യൂണിയന് കഴിഞ്ഞിട്ടുണ്ട് എന്നതിൽ ഞങ്ങൾക്ക് ചാരിതാർത്ഥ്യമുണ്ട്. യൂണിയൻ നടത്തിയിട്ടുള്ള എല്ലാ പരിപാടികളിലും വിവേചനമില്ലാതെ എല്ലാവരേയും വിദ്യാർത്ഥി എന്ന ഒരേ കണ്ണിലൂടെ കാണുവാനും അവരുടെ സർഗാത്മകമായ കഴിവുകളെ പരിപോഷിപ്പിക്കുവാനും ആത്മാർത്ഥമായി പരിശ്രമിച്ചിട്ടുണ്ട്. സമാധാനപരമായ ഒരു കാമ്പസ് എന്ന വിദ്യാർത്ഥികളുടെ സ്വപ്നം സാക്ഷാത്ക്കരിക്കാൻ കഴിഞ്ഞു എന്ന് യൂണിയൻ ഉറക്കെ പ്രഖ്യാപിക്കുവാൻ ആഗ്രഹിക്കുന്നു. സാമ്പത്തിക തടസ്സങ്ങളെ അതിജീവിച്ച് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിൽ നമ്മുടെ ബഹുമാനപ്പെട്ട പ്രിൻസിപ്പൽ, പി.റ്റി.എ. അദ്ധ്യാപക-അനദ്ധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരുടെ നിസ്സീമമായ സഹകരണം ഞങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. അവരോടുള്ള ഞങ്ങളുടെ നന്ദിയും കടപ്പാടും വാക്കുകൾക്ക് അതീതമാണ്.

ഈ റിപ്പോർട്ട് നിങ്ങളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

സ്നേഹപൂർവം
സിജു.കെ.പി.
ജന:സെക്രട്ടറി

◆

ആശംസകളോടെ.......
ടോപ്കോ ടൈലേഴ്സ്
ഫാത്തിമ ഷോപ്പിംഗ് കോംപ്ലക്സ്
മേലെ ബസ്സ്റ്റാൻഡ്, ഇരിട്ടി.

Ph: 0490- 472073
Best compliments from.................
വീടിന്റെ ഭംഗിക്ക് മാറ്റു കൂട്ടുവാൻ
MARBLE PLAZA
Marble • Granite • Cuddapah
Floor & Wall Tiles, Glazed Tiles, Sanitary Wares
Tellichery Road, MATTANUR
SUPPLIERS & CONTRACTORS OF MARBLE, GRANITE & CUDDAPAH

ആശംസകളോടെ.......

KJ

# കേരളത്നാട്

ജ്വല്ലേഴ്സ്

പുതിയബസ്സ്റ്റാന്റ് തലശ്ശേരി

ഫോൺ 220383



रया. आर. मोहन
बि.एस.सी. गणित-प्रथम वर्ष

# विज्ञान - वरदान या अभिशाप

विज्ञान का अर्थ है, विशेष या विश्लेषित ज्ञान । अज जिस युग में हम निवास करते हैं, वह वैज्ञानिक युग है । हमारा वासस्थल वैज्ञानिक उपलब्धियों से ओतप्रोत है । व्यक्ति- व्यक्ति, व्यक्ति-समाज, और समाज - समाज को जोडनेवाली रेखाओं में एक है, विज्ञान । विज्ञान का चमत्कार हर एक भेत्र में महसूस किया जा सकता है । लेकिन वर्तमान युग में यह समस्या उत्पन्न हुई कि, विज्ञान एक वरदान के अतिरिक्त एक अभिशाप का रुप धारण किया है । क्या इस समस्या का समाधान होगा?

यात्रा, मनोरंजन, चिकित्सा आदि के क्षेत्र में विज्ञान ने अपना चमत्कार दिखाया है । पहले मानव या तो पैदल चलते थे या बैलगाडी पर । लेकिन आज बैलगाडी और घुडसवारी के स्थानों में मोटर - वाहन, रेलगाडी आदि को स्थापित किया गया है । हवाई जहाज़ और जहाज़ विज्ञान के आविष्कारों की प्रथम श्रेणी में है । आयात - नियति के क्षेत्र में विज्ञान ने अपना चमक दिखाया है । कारखानों के निर्माण देश की उन्नति का मार्ग बने हुए हैं । टेलेफोन और टेलेक्स की माध्यम से हम आसानी से ऐक दूसरे से संपंक कर सकते हैं । इस वैज्ञानिक युग में आज चिकित्सा की कोई कमी नहीं है। हर एक दर्द या बीमारी के लिए कोई न कोई इलाज ज़रुर होगा । 'कानसर' जैसे महारोग का भी आज चिकित्सा की जा सकती है। भारत भी आज एक वैज्ञानिक देश बन गया है। राजस्तान के 'पोक्रान' में हुई अणुबम्ब परीक्षण, भारत की वैज्ञानिक उन्नति का सबुत है।

आज विज्ञान को बुरे कर्मे में डालकर उसे अभिशाप का रुप दिया है। बंदूके और मशीन गण विज्ञान के आविष्कार है। मानव इन सब के उपयोग बुरे कर्म के लिए करते है। अणुबम्बो से एक देश के विनाश तक किया जा सकता है। अमरीका चाहे आज एक 'स्विच' दबाकर भारत और पाकिस्तान, दोनो देशों को एक शाथ जला सकता है। इस कलियुग में जाने क्या - क्या विनाश और बिपतियों का आगमन होगा ?

विज्ञान का वरदान या अभिशाप बनना मानव के हाथों में हैं। मनुष्य के कर्म ही इसका फैसला कर सकताहैं। मनुष्य यदि विज्ञान को अच्छे कर्मे में मात्र लगाएगा तो ये हमेशा के लिए वरदान ही रहेगा। देश की उन्नति और विकास मानव के कर्मे में ही है अर्थात हमें विज्ञान को अभिशाप नहीं बनने देना हैं। यह बात हमें सदा याद रखनी चाहिए कि, एक चाकू से हम एक आम कटवा सकते है तो उसी चाकू किसी गले को भी काट सकतो हैं ।

ആശംസകൾ______________

# നുച്യാട് സർവ്വീസ് കോ–ഓപ്: ബാങ്ക് ലിമിറ്റഡ്

No : C 220

H.O. മണിക്കടവ്
Ph :290161

Br. നുച്യാട്
Ph:290116

*നിങ്ങളുടെ നിക്ഷേപങ്ങൾ നുച്യാട് സർവ്വീസ് സഹകരണ ബാങ്കിൽ*


- നിക്ഷേപങ്ങൾക്ക് പൂർണ്ണ സുരക്ഷിതത്വം
- സ്ഥിര നിക്ഷേപങ്ങൾക്ക് 15% വരെ പലിശ
- 5 വർഷം കൊണ്ട് തുക ഇരട്ടിയാകുന്ന ക്യാഷ് സർട്ടിഫിക്കറ്റ്
- 2625രൂ. 21– വർഷത്തിനുശേഷം 50,000രൂ. യും 5250 രൂ. 21 വർഷത്തിനു ശേഷം 1,00,000 രൂ. ആയും തിരിച്ചുനൽകുന്ന 'ധനശ്രീ' ഡിപ്പോസിറ്റ്.

**മറ്റ് നിക്ഷേപങ്ങൾ**

ഡെ ഡിപ്പോസിറ്റ് ☆ ഹോം സേഫ് ഡിപ്പോസിറ്റ്
സൗഭാഗ്യ നിധി ☆ സ്ഥിര നിക്ഷേപം

സെക്രട്ടറി
പി.എം മാത്യു

പ്രസിഡണ്ട്
സണ്ണിജോസഫ് പുത്തേട്ട്.



राधाकृष्णन. वी
बि.कोम. अन्तिम वर्ष

# तेरे लिये

मेरा कान तेरी
आहर सुनने के लिए
बनाया है ।
मेरी आँख तेरी
रंगीन कल्पनाओं की
छाया देखने केलिए
बनाया हैं ।

मेरा हाथ सदा
तुझ को लिखने के लिए
बनाया हैं ।
मेरा पाँव तेरे पास
आने के लिए
बनाया हैं और मेरा मुँह
सदा तेरे बारे में
गाने के लिए बनाया है ।

लेकिन तुम अंधा हो
बधिर और मूक भी हो
तुझे दो हाथें नहीं है और
पाँव भी नहीं हैं ।

हे आशिकी तुझे
ईश्क करना व्यर्थ ह ।

ഫോൺ. 491413

ആശംസകൾ..........

# ശ്രീഷ്മ & ശ്രീഷ്മ

## ഇലക്ട്രിക്കൽസ് & പ്ലംബിങ്ങ്

## ഇരിട്ടി.

*എല്ലാവിധ ഇലക്ട്രിക്കൽ, പ്ലംബിങ്ങ് സാധനങ്ങളുടെയും ISI മുദ്രയോടുകൂടിയ മോട്ടോറുകളുടെയും അംഗീകൃത വ്യാപാരി.*

N.B. ഇലക്ട്രിക്കൽ കോൺട്രാക്ട് വർക്കുകൾ ഉത്തരവാദിത്തത്തോടുകൂടി ചെയ്തു കൊടുക്കുന്നു.

*Best Compliments from:*

# The Ulickal Service Co. operative Bank Ltd.

**No.C.107**

**P.O. Ulikkal- 670 705**

**Branch : Padiyoor & Mattara**

---

**President:**
K.S. Thomas Master
(Marangattumayalil. )

**Secretary**
A.J.Mathai



अशोक कुमार टि.एन.
बि.कोम. अन्तिम वर्ष

# मैं अकेला हूँ मैं आवारा हूँ

चारों ओर की दीवारें हमको सुरक्षा देती हैं
पर, हम एक सीमा में बंधित हैं।
स्कूल, कोलेज में व्यक्तित्व विकास करते हैं
पर, नियम कायदे के नाम पर व्यक्तित्व कुंठित करते हैं।
हे मनुष्य,आपको मिलने सभी यहाँ से उपार्जित हैं
आपके सारी भी यहाँ से उपार्जित है।
आज की सारी तुम्हारा,
कल तुम्हार नही था ।
और आज की सारी तुम्हार,
कल तुम्हारा नहीं होगा।
अरे मानव, हमेशा तुम अकेला है
तो, तुम आवारा भी है।
यह है प्रकृति नियम ।

दीपा नारायणन
बि.एस.सी. गणित - प्रथम वर्ष

# बातों को भूलने में

**हम** भुलाइयों के युग में रहते हैं । मनुष्य के मस्तिष्क बडे से बडे, महत्वपूर्ण कार्यों में लगे हुए कि, वह अपना याददाश्त में छिपे बातों कोयाद करने में असफल रहते है । वह अपने पास 'डयरी' जैसे कुछ खास सामग्रियों को रखता हैं जिससे वह कुछ भूल न सके । लेकिन, कभी-कभी वह अपने डयरी को ही भूल लेता हैं ।

तत्वचिन्तक इसके प्रथम श्रेणियों में आते हैं, जो अपने मस्तिष्क से बहुत कुछ संबंध रखते हैं । एक ऐसे ही व्यक्ति अपने पत्नी के साथ बाहर कुछ सामाग्रियाँ लेने गए । तभी वह अपने कुछ तत्वों में डूब गया कि आसपास के सब कुछ भूल गया । लौटते वक्त उसे लग कि वह अपना कुछ खो गया । घर पर उसके बेटे ने पूछा '' पापा, माँ नहीं आई '', तभी उसे मालूम पडा कि क्या खो गया हैं । ऐसे कई व्यक्ति हैं, जो अपने ही छडी हाथ में रखके उसके लिए खोजते हैं।

एक तरफ से देखे तो भूलना सौभाग्य की बात है । प्रकृति ने इसलिए इस सौभाग्य को मानव पर डाला है । अपने स्वर्गीय मित्र की याद में एक आदमी दुःखित है । पर उस मित्र को भुलने पर उसका दुःख भी गायब होता है । लेकिन उसका भुलाई ठीक तरह से सौभाग्य हैं । एक तरफ से देखे तो भुलाई विषमताओं और विपत्तियों को ले आती है । एक प्रफसर अपने 'टाईम-टेबुल' को भुलाकर कितने विद्यार्थियों को विषम स्थिति में डालता हैं । घडी न लेने से बस न मिलने की स्थिति आज व्यापक हो रही हैं । रेलगाडी का सिग्नल देने भुलने से, एक महा रेल दुरंत जिससे हजारों की मृत्यु भी आज कम नहीं हैं । कौन जाने कल मनुष्य अपने को भी भूलेगा नहीं ?

HH 145

ആശംസകളോടെ......

എല്ലാവിധ തുണിത്തരങ്ങളും
റെഡിമെയ്ഡുകളും മൊത്തമായും
ചില്ലറയായും വിൽക്കപ്പെടുന്നു.

മണിക ടെക്സ്റ്റൈൽസ് &
റെഡിമെയ്ഡ്സ്.

അശോക ഫാർമസിക്കു പിൻവശം, ഇരിട്ടി

ഞങ്ങളുടെ
സഹോദര സ്ഥാപനം:



റെഡിമെയ്ഡ്
വസ്ത്രനിർമ്മാതാക്കൾ!
മുദ്ര ഗാർമെന്റ്സ്,
ഇരിട്ടി.




വളരെ കാര്യങ്ങൾ കാണുന്നതിലല്ല, ഓരോകാര്യവും ബുദ്ധിപൂർവ്വം കാണുന്നതിലാണ് അനുഭവത്തിന്റെ മൂല്യമിരിക്കുന്നത്

- സർ വില്യംഓസ്ലർ

ജീവിതം ഒരു പുഷ്പമാണ്. അതിലെ മധുവാണ് സ്നേഹം

- വിക്ടർ ഹ്യൂഗോ

മാറ്റം വരാതെ പുരോഗതി സാദ്ധ്യമല്ല

- നെപ്പോളിയൻ

സ്വന്തം വാതിലിനു മുമ്പിൽ എല്ലാവരും തൂത്തുവാരട്ടെ. എങ്കിൽ ഈ ലോകം മുഴുവൻ വൃത്തിയാകും

-ഗോഥേ

മനുഷ്യമഹത്വ മത്രയും അദ്ധ്വാനം കൊണ്ട് ലഭിക്കുന്നതാണ്

- സാമുവൽ സ്മൈൽസ്

സ്നേഹത്തിൽ ഭയത്തിനിടമില്ല, പൂർണ്ണമായ സ്നേഹം ഭയത്തെ ബഹിഷ്കരിക്കുന്നു.

-ബൈബിൾ

# *Out going Batches*




*III Bcom*



*III BSc Maths*



*III BSc Physics*


കാലിക്കറ്റ് സർവകലാശാല ബി.കോം ഫലം:
ഇരിട്ടി, മഞ്ചേശ്വരം കോളജുകൾക്ക്
100 ശതമാനം വിജയം
M.G COLLEGE IRITTY
GOVT. MANANTHAVADI COLLEGE

# M. G. College scores a Commendable Success

M.G. College made its marke in the field of academic pursuit. In the recently published maiden rusult of its final year degree students all commerce students came out with flying colours thereby securing one hunderd percent success. Out of the 27 students who appeared for the examination 15 students secured first class and 12 students got second class. It is a matter of pride for the faculty that there is no third class.

The devotees of science disciplines did not lag behind in their performance. Out of 15 Bsc (Maths) students, 10 got first class and 2 got second class One student passed with third class and two passed in all the main subjects. No one failed in the exam.

For Physics too the result is no less glorious. Twenty students appeared for the exam and 13 students got first class. Only two students had to be content with second class and there is no third class. Two students got main subjects only.

For the final year degree students taken as a whole, the average percentage of the result is 93%.

## STATEMENT ABOUT OWNERSHIP AND OTHER PARTICULARS OF MAHATHMA GANDHI COLLEGE MAGAZINE FORM IV (SEE RULE 8)

| | | |
|---|---|---|
| 1. Place of Publication | : | Mahatma Gandhi College, Iritty. |
| 2. Periodicity of Publication | : | Annual |
| 3. Printer's name | : | Prof . M.P. Lakshmanan, *Principal, Mahatma Gandhi College, Iritty.* |
| 4. Publisher's name | : | Prof. M.P. Lakshmanan |
| Nationality | : | Indian |
| Address | : | Prof . M.P. Lakshmanan, *Principal, Mahatma Gandhi College, Iritty.* |
| 5. Editor's name | : | Prof. M.P. Lakshmanan |
| Nationality | : | Indian |
| 6. Name and address of individuals who own the magazine | : | Mahatma Gandhi College, Iritty |

I, Prof. M.P. Lakshmanan, hereby declare that the particulars given above are true to the best of my knowledge and belief.

Sd/-

Iritty

Prof. M.P. Lakshmanan
Principal , Mahatma Gandhi College,Iritty

ആശംസകളോടെ..................

Ph: 491467

പി.ടി. ചാക്കോ മെമ്മോറിയൽ കോ-ഓപ്: ഹോസ്പിറ്റൽ

സൊസൈറ്റി ലിമിറ്റഡ് No.C. 1001

ഇരിട്ടി.

സെക്രട്ടറി
ടോമി ജോസഫ്

പ്രസിഡണ്ട്
സി.എം. മാണി

ശ്രീനാരായണ

☆ ലൈറ്റ് & സൗണ്ട്സ് ☆

മണത്തണ

# നന്ദിയോടെ........

ഈ സ്നേഹതീരത്തിൽ
ഒരു പിടി പ്രതീക്ഷകളുമായി
മനസ്സിൽ അണയാത്ത പ്രത്യാശയുമായി
ആർദ്രമായ വേർപാടുമായി........
നമ്മൾ.........
ജീവിതഭാരം അസഹ്യമാവുമ്പോൾ
സ്നേഹ സൗഹൃദങ്ങളുടെ കുളിരും
സ്നിഗ്ദതയും നഷ്ടമാവുമ്പോൾ
കാലത്തിന്റെ വേനൽപാടങ്ങളിൽ
ഏകാകിയാകുമ്പോൾ
ഗുരുനാഥന്മാർ........ പഥനാഥന്മാർ
കെടാത്ത അഗ്നിയായ് മനസ്സിൽ സൂക്ഷിമാർ
നന്മയെ ജ്വാല അണയാതിരിമാർ.......
ഓർമ്മിക്കുക.... നാം തനിച്ചല്ല.
അഗ്നി നിങ്ങളുടെ കൈകളിലേതിമാർ
പ്രത്യക്ഷമായും അതിലേറെ പരോക്ഷമായും
ആത്മാർത്ഥത കാണിച്ചവരേറെ..........
എല്ലാവരുടേയും സാന്നിദ്ധ്യം ഈ താളുകളിൽ
തുടിച്ചു നിൽക്കുന്നുണ്ടെന്നു
മറക്കാതിരിക്കുക..........
എല്ലാവർക്കും ആത്മാർത്ഥമായ നന്ദി
പ്രണാമങ്ങളോടെ.......

ചീഫ് സ്റ്റുഡന്റ് എഡിറ്റർ
വിനോദ് എം.കെ.

*With Best Compliments From...............*

# The New Store

*Camp Bazar, Kannur-1,*
*Phone : 501638*



*Churidars in a Royal Touch*

# അൽഫോൻസ ഓഫ്സെറ്റ് പ്രിന്റേഴ്സ്

ഇരിട്ടി., Ph : 491440 (pp)

(എലൈറ്റ് ഗ്ലാസ്ഹൗസിന് സമീപം.)

ഞങ്ങളുടെ സഹോദരസ്ഥാപനം

അൽഫോൻസ പ്രിന്റേഴ്സ്.
ഇരിട്ടി.